396
Pages 12

# ഹാലേലൂയ്യ

16-30 APRIL, 2013 • ക്രൈസ്തവ ദ്വൈവാരിക
Published From Thiruvalla Reg. No. KL/KTM/209/2012-14 News Paper RN.No. 68759/96
Price Rs. 10/-

## ഐ.പി.സി. ഹിമാചൽ സ്റ്റേറ്റിന് പുതിയ ഭാരവാഹികൾ



*പാസ്റ്റർ ജോൺ ഉമ്മൻ (പ്രസി), പാസ്റ്റർ ഇസ്ലാംഖാൻ (വൈസ്.പ്രസി), പാസ്റ്റർ എം.എം. ജോൺ (സെക്ര), പാസ്റ്റർ സാമുവൽ മസി (ജോ.സെക്ര),*

**പത്താൻകോട്:** ഐ.പി.സി ഹിമാചൽ സ്റ്റേറ്റ് പ്രസിഡന്റായി പാസ്റ്റർ ജോൺ ഉമ്മനും സെക്രട്ടറിയായി പാസ്റ്റർ എം.എം ജോണും തിരഞ്ഞെടുക്കപ്പെട്ടു. പ്രസിഡന്റായിരുന്ന പാസ്റ്റർ ജേക്കബ് ജോൺ ഐ.പി.സി ജനറൽ പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ടതിനെ തുടർന്ന് സ്റ്റേറ്റ് പ്രസിഡന്റ് സ്ഥാനം രാജിവെച്ചിരുന്നു. പത്താൻകോട്ടു നടന്ന സ്റ്റേറ്റ് കൺവൻഷനോടനുബന്ധിച്ച് ഏപ്രിൽ ഒന്നിന് നടന്ന ജനറൽ ബോഡിയാണ് പുതിയ തിരഞ്ഞെടുപ്പ് നടത്തിയത്.

വൈസ് പ്രസിഡന്റായി പാസ്റ്റർ ഇസ്‌ളാം ഖാനും ജോ.സെക്രട്ടറിയായി പാസ്റ്റർ സാമുവൽ മസിഹും ട്രഷററായി അശ്വിൻ കുമാറും തിരഞ്ഞെടുക്കപ്പെട്ടു. തിരഞ്ഞെടുപ്പ് വരണാധികാരിയായി പാസ്റ്റർ സണ്ണി വി ജേക്കബ് പ്രവർത്തിച്ചു. പുതുതായി അധികാരമേറ്റെടുത്ത ഭാരവാഹികളെ ജനറൽ പ്രസിഡന്റ് പാസ്റ്റർ ജേക്കബ് ജോൺ പ്രാർത്ഥിച്ച് അനുഗ്രഹിച്ചു. തിരഞ്ഞെടുപ്പിൽ നിരീക്ഷകരായി പങ്കെടുത്ത സുവി.സാംകുട്ടി ചാക്കോ നിലമ്പൂർ, കെ.എം തോമസ്, പി.എം ചെറിയാൻ എന്നിവർ ആശംസകൾ നേർന്നു. പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ട പാസ്റ്റർ ജോൺ ഉമ്മൻ തിരുവല്ല മാന്നാർ മേൽപ്പാടം സ്വദേശിയാണ്. കഴിഞ്ഞ 30 വർഷമായി ചണ്ഡിഗഢിൽ പ്രവർത്തിക്കുന്നു.

ജനറൽ സെക്രട്ടറിയായ എം.എം ജോൺ കോട്ടയം മീനടം സ്വദേശിയാണ്. കഴിഞ്ഞ ഇരുപതു വർഷമായി ഹിമാചൽ അതിർത്തി ഗ്രാമമായ മൈമൂണിൽ സഭാ പ്രവർത്തനം നടത്തുന്നു.

## നിലമ്പൂരിൽ കൺവൻഷൻ അലങ്കോലപ്പെടുത്തി

**എടക്കര:** മതപരിവർത്തനം ആരോപിച്ച് ഹിന്ദു ഐക്യവേദി പ്രവർത്തകർ കൺവൻഷൻ അലങ്കോലപ്പെടുത്തി. ഗോസ്പൽ ഇൻ ആക്ഷൻ ഫലോഷിപ്പിന്റെ ജനറൽ കൺവൻഷനാണ് അലങ്കോലമാക്കിയത്. ഏപ്രിൽ 11 വ്യാഴാഴ്ച വൈകിട്ട് ആറരയോടെയാണ് സംഭവം.

പാലുണ്ടയിൽ ന്യൂഹോപ്പ് ബൈബിൾ കോളേജിൽ ഗോസ്പൽ ഇൻ ആക്ഷൻ പ്രസ്ഥാനത്തിന്റെ ജനറൽ കൺവൻഷനും മിഷനറി സമ്മേളനവും രാവിലെ ആരംഭിച്ചിരുന്നു. ഇതിന്റെ പൊതുസമ്മേളനം വൈകിട്ട് ആറിന് നടക്കാനിരിക്കെ 150 ഓളം വരുന്ന ഐക്യവേദി പ്രവർത്തകർ മുദ്രാവാക്യം വിളിച്ച് കൺവൻഷൻ നഗരിയിലേക്ക് ഇരച്ചുകയറുകയും അക്രമം അഴിച്ചുവിടുകയുമായിരുന്നു. ആദിവാസികളെ മതപരിവർത്തനത്തിനായി കൊണ്ടുവന്നുവെന്നും ഇവരെ തിരിച്ചയക്കണമെന്നുമായിരുന്നു ഐക്യവേദി പ്രവർത്തകരുടെ ആവശ്യം. ചിത്രീകരിച്ച മാധ്യമ പ്രവർത്തകനെ ഐക്യവേദി പ്രവർത്തകർ വളഞ്ഞിട്ട് മർദിച്ചു. എടക്കരയിലെ പ്രാദേശിക ചാനൽ സ്വന്തത്തിന്റെ റിപ്പോർട്ടർ കെ.ആർ. രജീഷിനെ (21)യാണ് മർദിച്ചത്. സ്ഥലത്തെത്തിയ പൊലീസ് ഇരുകൂട്ടരുമായി വിഷയം ചർച്ച നടത്തി. ആദിവാസികളെ മടക്കി അയക്കാൻ തീരുമാനമായി. ഇതോടെ പുറത്തുനിന്ന പ്രവർത്തകർ മുദ്രവാക്യം വിളിച്ച് കൺവൻഷൻ നഗരിയിലേക്ക് ഇരച്ചുകയറുകയായിരുന്നു. ഇത് ചിത്രീകരിച്ചതിനാണ് രജീഷിനെ മർദ്ദിച്ചത്. ആദിവാസി വിശ്വാസികളെ മടക്കി അയച്ചശേഷം നടന്ന യോഗത്തിൽ കാനം അച്ചൻ പ്രസംഗിച്ചു.



*ഹിന്ദു ഐക്യവേദി പ്രവർത്തകർ കൺവൻഷൻ പന്തലിലേക്ക് ഇരച്ചു കയറുന്നു*

## ബിജുവിനും കുടുംബത്തിനും കണ്ണീരോടെ യാത്രാമൊഴി








**കൊട്ടാരക്കര:** ചങ്ങനാശ്ശേരി ആലപ്പുഴ വഴിയിൽ ടിപ്പർ ഇടിച്ച് ദാരുണമായി അന്ത്യം സംഭവിച്ച കൊട്ടാരക്കര ഉമ്മന്നൂർ ആലുവിളയിൽ ബിജു തങ്കച്ചനും കുടുംബത്തിനും നാടും വിശ്വാസ സമൂഹവും കണ്ണീരോടെ വിടചൊല്ലി. ഐ.പി.സി. ഉമ്മന്നൂർ സഭാംഗവും പ്ലാനേഴ്സ് കൺസ്ട്രക്ഷൻ കമ്പനി ഉടമയുമായ ബിജുവും (43) ഭാര്യ പ്രിൻസി (38) മകൻ ആരോൺ (15) ഷാരോൺ (9) എന്നിവരാണ് മാർച്ച് 30ന് എറണാകുളം യാത്രക്കിടയിൽ അപകടത്തിൽ മരിച്ചത്. പ്രിൻസി ഹാലേലൂയ്യാ അസോസിയേറ്റ് എഡിറ്റർ പാസ്റ്റർ തോമസ് മുല്ലയ്ക്കലിന്റെ ഏക സഹോദരിയും പറങ്കിമാം മുല്ലയ്ക്കൽ ജോർജിന്റെ മകളുമാണ്. ഒരു കുടുംബത്തിലെ നാലുപേരുടെ ദാരുണ അന്ത്യം നാടിനെയും വിശ്വാസ സമൂഹത്തെ ആകെയും കണ്ണീരിലാഴ്ത്തി.

ബിൽഡിംഗ് കോൺട്രാക്റ്ററായ ബിജു സഭാകാര്യങ്ങളിൽ സജീവ പങ്കാളിയായിരുന്നു. നാട്ടുകാർക്ക് പ്രിയപ്പെട്ടവനായ ബിജുവിന്റെയും കുടുംബത്തിന്റെയും അന്ത്യം നാടിനും സഭയ്ക്കും താങ്ങാനാവാത്ത ആഘാതമായി മാറി. വൻ ജനാവലി അന്ത്യശുശ്രൂഷകളിൽ പങ്കാളികളായി.

മൈലം എം.ജി. എം. സ്കൂളിലെ 10-ാം ക്ലാസ് വിദ്യാർത്ഥിയായിരുന്നു ആരോൺ, അതേ സ്കൂളിൽ നാലാം ക്ലാസ് വിദ്യാർത്ഥിയായിരുന്നു ഷാരോൺ. ശുശ്രൂഷകൾക്ക് പാസ്റ്റർ ബിജു പനംതോപ്പ് പാസ്റ്റർ ഡാനിയേൽ ജോർജ്ജ് എന്നിവർ നേതൃത്വം നൽകി. പാസ്റ്റർ കെ.സി.തോമസിന്റെ കാർമ്മികത്വത്തിൽ സംസ്കാരം നടത്തി. ബിജുവിന്റെ സഹോദരങ്ങൾ: രാജൻ, ഗ്രേസി, മിനി. പ്രിൻസിയുടെ സഹോദരങ്ങൾ: മാത്യു ജോർജ്ജ്, പാസ്റ്റർ തോമസ് മുല്ലയ്ക്കൽ




*അപകടത്തിൽപെട്ട കാർ*

## വരൂ, നമുക്ക് ഒന്നിച്ച് ഉപവസിക്കാം, പ്രാർത്ഥിക്കാം

ഇന്ത്യാ പെന്തക്കോസ്ത് ദൈവസഭയിലെ ബഹുമാനിതരായ ദൈവദാസൻമാർക്കും സഭാ ജനങ്ങൾക്കും ക്രിസ്തുയേശുവിന്റെ നാമത്തിൽ സ്നേഹവന്ദനം.

നിങ്ങൾ എല്ലാവരും അറിഞ്ഞിരിക്കുന്നതുപോലെ ഏപ്രിൽ 16 മുതൽ മെയ് 25 വരെ കുമ്പനാട് ഹെബ്രോൻ പുരത്ത് 40 ദിവസം ഉപവാസ പ്രാർത്ഥന നടക്കുകയാണ്. ദൈവമെനിക്കുതന്ന നിയോഗമനുസരിച്ച് അനൗൺസ് ചെയ്ത പ്രാർത്ഥനയെ ജനറൽ കൗൺസിൽ പൂർണ്ണമനസോടെ അംഗീകരിച്ചതിൽ എല്ലാവരോടും നന്ദി പറയുന്നു. ദൈവജനം ഉപവാസത്തോടും പ്രാർത്ഥനയോടും കൂടെ ദൈവസന്നിധിയിൽ ഇരുന്നാൽ അത്ഭുതകരമായ ദൈവപ്രവർത്തി വെളിപ്പെടും എന്ന് എനിക്ക് ഉറപ്പുണ്ട്. നമ്മുടെ സഭ നിരവധി പ്രശ്നങ്ങളെ നേരിടുന്ന കാലഘട്ടമാണിത്. പല സ്ഥലങ്ങളിലും ദൈവജനം പീഡിപ്പിക്കപ്പെടുന്നു; കഷ്ടതയിലായിരിക്കുന്ന ധാരാളം ആളുകളുണ്ട്, നമുക്ക് വിശ്വസ്തരായ ചെറുപ്പക്കാരെ ദൈവവേലയ്ക്കുവേണ്ടി ലഭിക്കേണ്ടതുണ്ട്. നമ്മുടെ സഭകളുടെ ആത്മീയമായി മന്ദീഭവിച്ച അവസ്ഥയ്ക്ക് മാറ്റം വരണം; സഭയിൽ ഐക്യതയും ദൈവപ്രവർത്തിയും വെളിപ്പെടണം, കൃപാവരങ്ങൾ ജ്വലിക്കണം.

നമ്മുടെ പുതിയതലമുറ ആത്മീയരാകണം, ഉണർത്തപ്പെടണം അങ്ങനെ നിരവധി വിഷയങ്ങൾക്ക് പരിഹാരം ഈ പ്രാർത്ഥനയിലൂടെ ഉണ്ടാകുമെന്ന് എനിക്കുറപ്പുണ്ട്. കൂടാതെ നാം ജീവിക്കുന്ന ഭാരതം അനുഗ്രഹിക്കപ്പെടണം, ഐശ്വര്യപൂർണ്ണമാകണം, കലാപങ്ങളിൽ നിന്നും, ദുരന്തങ്ങളിൽ നിന്നും നമ്മുടെ രാജ്യം സുരക്ഷിതമാകണം. ദൈവം നമുക്ക് തന്ന ഈ രാജ്യത്തിന്റെ ഐശ്വര്യത്തിനായി നമുക്ക് ഒന്നിച്ചു പ്രാർത്ഥിക്കാം.



ലോകമെങ്ങുമുള്ള പെന്തെക്കോസ്ത്/ ക്രൈസ്തവസഭകളുടെ ഉണർവ്വിനായി പ്രാർത്ഥിക്കാം. കർത്താവിന്റെ വരവ് എറ്റവുമടുത്തു ഇനിയും ഉറങ്ങി ഇരിക്കാൻ സമയമില്ല. ഇപ്പോൾ അല്ലങ്കിൽ പിന്നെ എപ്പോൾ? നാം അല്ലെങ്കിൽ പിന്നെ ആര്? ഇടുവിൽനിൽക്കുവാൻ ദൈവം അന്വേഷിക്കുന്ന പുരുഷനാകുവാൻ മുന്നോട്ടിറങ്ങുക.

ഞാൻ ഈ നാൽപ്പതു ദിവസവും ഉപവാസത്തോടെ കുമ്പനാട്ടുണ്ടായിരിക്കും. നിങ്ങൾ വരിക എന്നോടൊപ്പം പ്രാർത്ഥിക്കുക. ഉപവസിക്കുവാൻ സാധിക്കുന്നവർ എന്നോടൊപ്പം ഉപവസിക്കുക. ഒരുപക്ഷേ നിങ്ങൾ വിദേശത്തായിരിക്കാം. കുമ്പനാട്ട് വരാൻ സാധിക്കുന്നില്ലായിരിക്കാം. ഈ പ്രാർത്ഥനാ ദിവസങ്ങളിൽ എന്നോടൊപ്പം നിങ്ങൾ വീട്ടിൽ ഇരുന്നാണങ്കിലും പ്രാർത്ഥിക്കുക. 21 ദിവസമോ, 10 ദിവസമോ, ഒരാഴ്ചയോ ഒരു ദിവസമോ ഈ ഉപവാസത്തിൽ പങ്കാളിയാകുക.

വിശ്വസിക്കുക ദൈവം നമുക്ക് കാര്യം സാധിപ്പിച്ചുതരും.

ക്രിസ്തുവിൽ നിങ്ങളുടെ

**പാസ്റ്റർ ജേക്കബ് ജോൺ**

## ജെ.വി പീറ്ററിന്റെ ഓർമ്മയുമായി വീണ്ടും ജീസസ് സേർച്ച്

**തിരുവല്ല:** ഗോസ്പൽ ട്യൂണേഴ്സിന്റെ നേതൃത്വത്തിൽ മുൻവർഷങ്ങളിൽ നടത്തിയിരുന്ന ജീസസ് സേർച്ച് സുവിശേഷയോഗവും സംഗീത നിശയും ഏപ്രിൽ 11-13 വരെ നടന്നു. വളഞ്ഞവട്ടത്ത ജെ.വി പീറ്ററിന്റെ ഭവനാങ്കണത്തിൽ നടന്ന യോഗങ്ങൾ അനശ്വര ഗായകന്റെ ഓർമ്മകൾ നിറഞ്ഞു നിൽക്കുന്നതായിരുന്നു. സാംസൺ കോട്ടൂർ, ഡോ.അലക്സാണ്ടർ വി.തോമസ്, സാം ജോർജ്, സാംസൺ ചെങ്ങന്നൂർ, ബിജു അലക്സാണ്ടർ എന്നിവരുടെ നേതൃത്വത്തിൽ സംഗീത ശുശ്രൂഷ നടന്നു. റവ.ഡോ.കെ.സി ജോൺ, പാസ്റ്റർ ലാസർ വി മാത്യു എന്നിവർ പ്രസംഗിച്ചു. കുടുംബാംഗങ്ങളും, ടീം അംഗങ്ങളും, ഗോസ്പൽ ട്യൂണേഴ്സിന്റെ അഭ്യുദയകാംഷികളുമടക്കം വലിയ ജനാവലി യോഗങ്ങളിൽ പങ്കെടുത്തു.

## കുമ്പനാട് മേഖലാ കൺവൻഷൻ

**റാന്നി:** ഐ.പി.സി കുമ്പനാട് മേഖലാ 3-ാമത് കൺവൻഷൻ ഏപ്രിൽ 10-12 വരെ റാന്നി - മാമുക്ക് വളയനാട്ട് ആഡിറ്റോറിയത്തിൽ നടന്നു. പാസ്റ്റർ ടി.എസ് ഏബ്രഹാം ഉദ്ഘാടനം ചെയ്തു.

## സുവിശേഷ മഹായോഗം

**കുളനട:** മാന്തുക ഐ.പി.സി ബഥേൽ സഭയുടെ കൺവൻഷൻ ഏപ്രിൽ 19 മുതൽ 21 വരെ നടക്കും. പാസ്റ്റർമാരായ റ്റി.ഡി ബാബു, ബാബു ചെറിയാൻ, റ്റി.ജെ സാമുവൽ എന്നിവർ പ്രസംഗിക്കും. പാസ്റ്റർ ഏബ്രഹാം സാമുവൽ നേതൃത്വം നൽകുന്നു.

## കൺവൻഷൻ

**പത്തനാപുരം:** ഗിലയാദ് ഗോസ്പൽ മിനിസ്ട്രീസ് അഞ്ചാമത് കടക്കാമൺ കൺവൻഷൻ ഏപ്രിൽ 4-7 വരെ നടന്നു. പാസ്റ്റർ സി.വൈ തങ്കച്ചൻ ഉദ്ഘാടനം ചെയ്തു.

## സ്വർഗ്ഗീയം ബൈബിൾ ധ്യാനം

**തിരുവല്ല:** ഡിവൈൻ മിനിസ്ട്രിയുടെ ആഭിമുഖ്യത്തിൽ തിരുവല്ല ബിലീവേഴ്സ് യൂത്ത് സെന്ററിൽ ത്രിദിന ബൈബിൾ ധ്യാനയോഗം ഏപ്രിൽ 23-24 വരെ നടക്കും. പകലും രാത്രിയുമായി നടക്കുന്ന യോഗങ്ങളിൽ പാസ്റ്റർ ബാബു ചെറിയാൻ പ്രസംഗിക്കും.

## മൂന്നാർ കൺവൻഷൻ

**മൂന്നാർ:** ഐ.പി.സി മൂന്നാർ സെന്റർ കൺവൻഷൻ മാർച്ച് 1-3 വരെ നടന്നു. പാസ്റ്റർ കെ.വൈ ജോഷ്വാ ഉദ്ഘാടനം ചെയ്തു.

## ദൈവശബ്ദം

**നെടുമ്പാശേരി:** എയർപ്പോർട്ടിന് സമീപമുള്ള എ.ജി ഫെലോഷിപ്പ് സെന്ററിന്റെ കൺവൻഷൻ ഏപ്രിൽ 26-28 വരെ ദൈവശബ്ദം എന്ന പേരിൽ നടക്കുന്നു. പ്രസ്ബിറ്റർ പാസ്റ്റർ മധുലാൽ അഗസ്റ്റിൻ ഉദ്ഘാടനം ചെയ്യും. പാസ്റ്റർമാരായ കെ.ജെ തോമസ്, പി.സി ചെറിയാൻ, ബാബു ചെറിയാൻ എന്നിവർ പ്രസംഗിക്കും. പാസ്റ്റർ ബാബു ജോർജ് പത്തനാപുരം നേതൃത്വം നൽകുന്നു. 8086991167

## വയനാട്ടിൽ ഇംഗ്ലീഷ് ആരാധന

**വയനാട്:** ജില്ലയിൽ ആദ്യമായി പെന്തെക്കോസ്ത് ആരാധന ഇംഗ്ലീഷ് ഭാഷയിൽ ആരംഭിച്ചു. കൽപ്പറ്റ ബഥേൽ പ്രയർ സെന്ററിന്റെ ആഭിമുഖ്യത്തിൽ മാർച്ച് 17ന് കൽപ്പറ്റ വുഡ്ലാന്റ് ഹോട്ടൽ ഓഡിറ്റോറിയത്തിൽ ആദ്യ ആരാധന നടന്നു. പാസ്റ്റർ സാബു ഏബ്രഹാം, ഡോ.ജയദീപ് എന്നിവർ ശുശ്രൂഷകൾക്ക് നേതൃത്വം നൽകി. 9774413728

## ക്ലാസ് ആരംഭിക്കുന്നു

**മല്ലപ്പള്ളി:** സീയോൻ ബൈബിൾ കോളജിന്റെ 39-ാം ബാച്ചും, സായാഹ്ന ബൈബിൾ ക്ലാസും മെയ് 6ന് രാവിലെ 10ന് ഡയറക്ടർ കെ.വി ചാക്കോയുടെ അദ്ധ്യക്ഷതയിൽ ആരംഭിക്കും. രജിസ്ട്രാർ. പാസ്റ്റർ പി.ജെ ഏബ്രഹാം. 9526001475

**കുമ്പനാട്ട് നാൽപ്പത് ദിവസ ഉപവാസ പ്രാർത്ഥന നടക്കുന്ന പശ്ചാത്തലത്തിൽ ഐ.പി.സി.യിലെ പ്രമുഖ പ്രസംഗകൻ പാസ്റ്റർ ബാബു ചെറിയാൻ എഴുതുന്നു**

# മധ്യസ്ഥ പ്രാർത്ഥനയുടെ അഞ്ച് പാഠങ്ങൾ



പാസ്റ്റർ ബാബു ചെറിയാൻ

"എന്റെ മുമ്പിൽ ഇടുവിൽ നില്പ്പാൻ ഞാൻ ഒരു പുരുഷനെ അന്വേഷിച്ചു; ആരെയും കണ്ടില്ല" എന്ന ദൈവശബ്ദം അതിശക്തിയോടെ മുഴങ്ങുന്നത് ആരും കേൾക്കുന്നില്ലേ? പ്രാർത്ഥിക്കുന്നവൻ ദൈവത്തോട് സംസാരിക്കുമ്പോൾ പ്രസംഗിക്കുന്നവൻ മനുഷ്യരോട് സംസാരിക്കുന്നു. മനുഷ്യരോട് സംസാരിക്കുമ്പോൾ അനുമോദനവും പ്രതിഫലവും ലഭിക്കുവാൻ സാധ്യതയുണ്ട്. എന്നാൽ ദൈവത്തോട് സംസാരിക്കുന്നവന് അനുമോദനമോ അംഗീകാരമോ പ്രതിഫലമോ പ്രത്യക്ഷത്തിലും പെട്ടെന്നും ലഭിക്കാനിടയില്ല. അതുകൊണ്ടു തന്നെ പ്രാർത്ഥനാമനുഷ്യൻ നിഗളിയോ, ദ്രവ്യാഗ്രഹിയോ, സ്ഥാനമോഹിയോ ആകാനിടയില്ല.

അതായത് പ്രസംഗിച്ചു നശിച്ച ചിലരെങ്കിലുമുണ്ടാകാം. എന്നാൽ പ്രാർത്ഥിച്ചു നശിച്ച ആരും ഉണ്ടാകയില്ല. പ്രസംഗകൻ ദൈവത്തിനു വേണ്ടി മനുഷ്യരോട് സംസാരിക്കുമ്പോൾ പ്രാർത്ഥിക്കുന്നവൻ മനുഷ്യന് വേണ്ടി ദൈവത്തോട് സംസാരിക്കുന്നു. പഴയനിയമത്തിൽ പ്രവാചകനും പുരോഹിതനും ചെയ്തിരുന്ന ശുശ്രൂഷകളാണിത്. നമ്മൾ ഇതുരണ്ടും ഒന്നിച്ചു ചെയ്യുവാൻ വിളിക്കപ്പെട്ടിരിക്കുന്നു.

"അബ്രഹാം യഹോവയുടെ സന്നിധിയിൽ തന്നെ നിന്നു" എന്നൊരു വാക്യമുണ്ട്. ഉല്പത്തി 18:22. അബ്രഹാമിന്റെ ആ നില്പ് ചരിത്രത്തിലെ ഒരു വലിയ നില്പായിരുന്നു. അതാണ് ഇടുവിൽ നില്ക്കൽ. മദ്ധ്യസ്ഥപ്രാർത്ഥനയിലെ സുപ്രധാന അഞ്ചു പാഠങ്ങൾ ഇവിടെ നമുക്ക് ധ്യാനിക്കാം.

**1. ദൈവഹൃദയം അറിയുന്ന അബ്രഹാം**

ഉല്പത്തി 18:7; ഞാൻ ചെയ്യാനിരിക്കുന്നത് അബ്രഹാമിനോട് മറച്ചുവയ്ക്കുമോ? അനേക മണിക്കൂറുകൾ അബ്രഹാമിന്റെ ഭവനത്തിൽ ചിലവഴിച്ച് കുശലാന്വേഷണങ്ങൾക്കൊടുവിൽ ആഹാരവും കഴിച്ചു മടങ്ങിയ ദൈവം (മൂന്നു പുരുഷന്മാർ/ദൈവപ്രത്യക്ഷത) വഴിയിൽവച്ച് തന്റെ ഹൃദയം അബ്രഹാമിന്റെ മുമ്പിൽ തുറക്കുന്നു. അബ്രഹാം ആവശ്യപ്പെട്ടിട്ടല്ല, പറയാതിരിക്കുവാൻ പറ്റാത്ത ഒരു ഗതികേടിലാകുന്ന ദൈവഹൃദയത്തെയാണിവിടെ കാണുന്നത്.

മനുഷ്യന്റെ മുമ്പിൽ ഹൃദയം പകരുവാൻ ആഗ്രഹിക്കുന്ന ഒരു ദൈവത്തെയാണ് ഇവിടെ കാണുന്നത്. ദൈവം ഇതു പറഞ്ഞില്ലായെങ്കിൽ അബ്രഹാം ഇതറിയില്ല. അബ്രഹാം തടയുകയില്ല. അപ്പോൾ ഒരു സുവർണ്ണസത്യം ഇവിടെ വെളിപ്പെടുന്നു. തടയാൻ വേണ്ടിയാണ് ദൈവം ഇത് അബ്രഹാമിനോട് പറഞ്ഞത്. "ഇടുവിൽ നില്ക്കാൻ ഞാനൊരു പുരുഷനെ അന്വേഷിച്ചു".

അബ്രഹാമിന്റെ സമീപപ്രദേശമായ സോദോമിന്റെ പാപം വർദ്ധിച്ചതിന്റെ നിലവിളി സ്വർഗ്ഗത്തിലെത്തിയതിനാൽ നടപടിയെടുക്കുവാൻ ഇറങ്ങി വന്ന ദൈവം ആ കാര്യം തന്റെ സ്നേഹിതനായ അബ്രഹാമിനോട് പങ്ക് വയ്ക്കുന്നു. ഉടനെ അബ്രഹാം അതിനെതിരെ ദൈവസന്നിധിയിൽ നില്ക്കുന്നു. ന്യായവാദം നടത്തുന്നു. മധ്യസ്ഥപ്രാർത്ഥന ആരംഭിക്കുന്നത് മനുഷ്യനിൽ നിന്നല്ല, ദൈവത്തിൽ നിന്നാണെന്ന് ഇനിയെങ്കിലും മനസ്സിലാക്കുമോ? ദൈവത്തിന്റെ ഹൃദയഭാരം ആരോടെങ്കിലും അറിയിക്കുമ്പോൾ മാത്രമാണ് മധ്യസ്ഥൻ ജനിക്കുന്നത്. ഏറിയനാളത്തെ അടുത്ത ബന്ധത്തിൽ നിന്നു മാത്രമേ ഇപ്രകാരമൊരു ഹൃദയം പകരൽ നടക്കയുള്ളു. അടുത്ത സ്നേഹിതർ തമ്മിൽ മാത്രമേ ഹൃദയരഹസ്യങ്ങൾ പങ്കിടുകയുള്ളു.

**2. ദൈവസ്വഭാവം അറിയുന്ന അബ്രഹാം**

യെഹെസ്ക്കേൽ 33:11ൽ ശ്രദ്ധിച്ചാൽ ദൈവത്തിന്റെ സ്വഭാവം കാണാം. ദുഷ്ടന്റെ മരണത്തിലല്ല ദുഷ്ടന്റെ മാനസാന്തരത്തിലാണ് ദൈവത്തിനിഷ്ടം. എന്നാൽ ദുഷ്ടതയെ അനുവദിക്കുവാനും ദൈവസ്വഭാവം അനുവദിക്കുന്നില്ല. ഈ സാഹചര്യത്തിൽ ദുഷ്ടൻ തന്റെ ദുഷ്ടത വിട്ടുതിരിയേണ്ടതിന് മാനസാന്തര ദൂതുവാഹികളെയും മധ്യസ്ഥപ്രാർത്ഥനക്കാരനെയും ദൈവം തിരയുന്നു. ദൈവം കൊയ്ത്തുകാരെയും മദ്ധ്യസ്ഥരെയും അന്വേഷിക്കുന്നു. ലൂക്കോ.10:2; യെഹെസ്ക്കേൽ 22:30

**3.സർവ്വശക്തനെ പിടിച്ചു നിർത്തുന്ന മദ്ധ്യസ്ഥൻ**

സോദോമിനെ നശിപ്പിക്കുവാൻ തീരുമാനിച്ച ദൈവത്തെ അബ്രഹാം പിടിച്ചു നിർത്തി. ദൈവമേ ദുഷ്ടനോടുകൂടെ നീതിമാനെ നീ സംഹരിക്കുമോ? നിനക്കൊരിക്കലും അങ്ങനെ ചെയ്യുവാൻ കഴിയില്ല. സോദോമിൽ അമ്പതു നീതിമാന്മാരുണ്ടെങ്കിലോ?...

ദൈവത്തെ മനുഷ്യന് പിടിച്ചു നിർത്താൻ കഴിയുമോ? ഒരിക്കലുമില്ല. സർവ്വശക്തൻ; സർവ്വ വ്യാപി; ദഹിപ്പിക്കുന്ന അഗ്നി; അടുത്തുകൂടാത്ത വെളിച്ചത്തിൽ വസിക്കുന്ന പരിശുദ്ധൻ; ഉന്നതൻ എന്നിങ്ങനെ അതുല്യനും ഭയങ്കരനുമായ മഹാദൈവത്തെ ഇതാ ഒരു മനുഷ്യൻ പിടിച്ചു നിർത്തിയിരിക്കുന്നു.

ഇവിടെ മാത്രമല്ല; മറ്റു ചില സ്ഥലങ്ങളിലും ഈ അത്ഭുതകാഴ്ച കാണാം. ഉല്പത്തി 32:36; "എന്നെ വിടുക; ഉഷസ് ഉദിക്കുന്നു" എന്ന് ദൈവം യാക്കോബിനോട് സംസാരിക്കുന്നു. ഇവിടെ ആരാണ് ബലവാൻ? ആരാണ് ബലഹീനൻ?

പുറപ്പാട് 32:10; "ഞാൻ അവരെ ദഹിപ്പിക്കേണ്ടതിന് എന്നെ വിടുക."

ഇങ്ങനെയുള്ള വേദഭാഗങ്ങളിൽ ബലഹീന മനുഷ്യൻ ബലവാനായ ദൈവത്തെ പിടിച്ചു നിർത്തിയിരിക്കുന്ന കാഴ്ചയല്ലേ കാണുന്നത്. പക്ഷേ ഒരു കാര്യം പ്രത്യേകം ഓർക്കണം; സാധാരണ മനുഷ്യരല്ല; പ്രാർത്ഥനാ മനുഷ്യരാണ് ദൈവത്തെ പിടിച്ചു നിർത്തിയിരിക്കുന്നത്. അബ്രഹാമും മോശെയും ദൈവത്തെ പിടിച്ചു നിർത്തിയത് സ്വന്തം കാര്യത്തിനു വേണ്ടിയല്ലായിരുന്നു എന്നത് പ്രത്യേകം ശ്രദ്ധേയമാണ്. അതേ മദ്ധ്യസ്ഥൻ ദൈവത്തെ പിടിച്ചു നിർത്തും. സ്തോത്രം.

**4. സർവ്വ ജ്ഞാനിയുടെ തീരുമാനങ്ങളെ അല്പജ്ഞാനിയായ മനുഷ്യൻ മാറ്റുന്നു. ഉല്പ.18:22-26**

അമ്പത് നീതിമാന്മാർ ആ പട്ടണത്തിലുണ്ടെങ്കിൽ അവരുടെ നിമിത്തം ഞാൻ ആ ദേശത്തോട് ക്ഷമിക്കും എന്നുള്ള ദൈവത്തിന്റെ തീരുമാനം ഇപ്പോൾ ഇവിടെവച്ച് പുതുതായി എടുത്തതല്ലേ? തീരുമാനം മാറ്റിച്ചത് മറ്റാരുമല്ല, മധ്യസ്ഥനായ അബ്രഹാം തന്നെ.

**5. വീണ്ടും വീണ്ടും തീരുമാനങ്ങളെ മാറ്റുന്നു. 27-33**

അബ്രഹാമിന്റെ വാക്കിന്റെ മുമ്പിൽ മഹാദൈവം ഒരു കൊച്ചുകുട്ടിയേപ്പോലെ നില്ക്കുന്നതു കണ്ടോ? വീണ്ടും വീണ്ടും തീരുമാനങ്ങളെ മാറ്റുന്നു. മദ്ധ്യസ്ഥപ്രാർത്ഥനയുടെ ശക്തി ഇനിയെങ്കിലും തിരിച്ചറിയുവാൻ സഭയ്ക്ക് കഴിഞ്ഞിരുന്നെങ്കിൽ?... വ്യക്തികൾക്കും കുടുംബങ്ങൾക്കും കഴിഞ്ഞിരുന്നെങ്കിൽ??..

## ഹാലേലൂയ്യ ദ്വൈവാരിക വരിസംഖ്യാ നിരക്കുകൾ

| | | |
|---|---|---|
| ഇന്ത്യയിൽ | 1 വർഷത്തേക്ക് | 150 രൂപ |
| ഇന്ത്യയിൽ | ആയുഷ്കാലം | 3000 രൂപ |
| വിദേശത്തേക്ക് | | |
| യു.എസ്.എ. | 1 വർഷം | 50 ഡോളർ |
| ഗൾഫ് | 1 വർഷം | 2000 രൂപ |
| യു.കെ. | 1 വർഷം | 40 പൗണ്ട് |

The Editor, HALLELUJAH, Post Box No. 1
Tiruvalla - 689 101. Ph: 0469-3290355, 0469-2630571
Email: hallelujahnews@gmail.com

## ഹാലേലുയ്യാ പരസ്യനിരക്കുകൾ

| Size | Multicolor | Black & White |
|---|---|---|
| 2 Page | 30,000/- | 20,000/- |
| 1 Page | 20,000/- | 12,000/- |
| ½ Page | 10,000/- | 6,000/- |
| ¼ Page | 5,000/- | 3,000/- |
| 10cm x 3 column | 3,000/- | 2,000/- |
| 10cm x 2 column | 2,000/- | 1,200/- |
| 5cm x 2column | 1,000/- | 750/- |
| Minimum 5cm x1column | -- | 500/- |

Matrimonial Rs. 500. For 3 Issues: Rs.1000

## ഛത്തീസ്ഗഢിൽ ആരാധനാലയം നശിപ്പിച്ചു

**ഛത്തീസ്ഗഢ്:** ഡോറിയ മിഷന്റെ ഗാസിയ സഭാഹാൾ സുവിശേഷവിരോധികൾ തകർത്തു. ആദിവാസി വിശ്വാസികൾക്ക് വേണ്ടി മൂന്നുലക്ഷം രൂപ മുടക്കി പണികഴിപ്പിച്ച സഭാഹാളാണ് പൂർണ്ണമായും നശിപ്പിച്ചു കളഞ്ഞത്. പാസ്റ്റർ ടോമി ചേർത്തല ഡോറിയ മിഷൻ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നു.


ഐ.പി.സി പ്രയർ ടവർ ചങ്ങനാശ്ശേരി
(പോലീസ് ക്വാർട്ടേഴ്സിന് പിൻവശം)
പ്രെയ്സ് & വർഷിപ്പ്, ആഴത്തിലുള്ള വചനധ്യാനം, പ്രാർത്ഥന, വിടുതൽ
ഉപവാസ പ്രാർത്ഥന: എല്ലാ വെള്ളിയാഴ്ചയും 10.30 മുതൽ 1മണി വരെ
എല്ലാ ഞായറാഴ്ചയും ആരാധന: 9.30-12.30 വരെ



പാസ്റ്റർ റോയി പൂവക്കാല
ഐ.പി.സി പ്രയർ ടവർ, ചങ്ങനാശ്ശേരി
Ph: 9447401039 0469-2692939



AMEN ONLINE THEOLOGICAL SEMINARY
ഇൻഡ്യയിലെ ആദ്യത്തെ ഓൺലൈൻ സെമിനാരി
C.Th, G.Th, B.Th, M.Div, M.Th എന്നീ കോഴ്സുകൾ ലഭ്യമാണ്
മലയാളത്തിലും ഇംഗ്ലീഷിലും പഠിക്കുവാൻ അവസരം
Accredited by: IACEA, USA & Faith Theological Seminary, Manakkala
Visit us: www.amenseminary.com
Phone: +914734-224616, Mob: 8086680468
AMEN NEWS
ഇംഗ്ലീഷിലും, മലയാളത്തിലും നിങ്ങളിൽ എത്തുന്ന ക്രൈസ്തവലോകത്തെ ഏക ഓൺലൈൻ പത്രം
Visit us: www.amennewsreport.com



PRAYER CELL
പ്രാർത്ഥനയ്ക്ക് മറുപടി കിട്ടാത്തതിനാൽ നിങ്ങൾ ഭാരപ്പെടുന്നുണ്ടോ? ദൈവവചനം വിശ്വാസത്തോടുകൂടി അനുസരിച്ച് ജീവിതത്തെ ക്രമപ്പെടുത്തുവാൻ നിങ്ങൾ തയ്യാറാണോ? എന്നാൽ ഞങ്ങളും നിങ്ങളോടൊത്ത് പ്രാർത്ഥിക്കാം. എല്ലാവിവരങ്ങളും ഞങ്ങൾ രഹസ്യമായി സൂക്ഷിക്കുന്നതാണ്.
Prayercell, Ponkunnam P.O., Kerala, Pin 686 506
Ph : 04828-223287
E-mail : prayercell@rediffmail.com

**യാത്രക്കിടയിൽ**

# കുക്കുസായിപ്പ് ആരുടെ സ്വന്തം?

സാംകുട്ടി ചാക്കോ
നിലമ്പൂർ



**ക**ഴിഞ്ഞ രണ്ടു ലക്കങ്ങളായി ചർച്ച് ഓഫ് ഗോഡ് ആസ്ഥാനമായ മുളക്കുഴ സീയോൻകുന്നിനെക്കുറിച്ചും കുക്കുസായിപ്പിന്റെ ആത്മകഥയെക്കുറിച്ചുമാണല്ലോ എഴുതിയത്. ഈ ലക്കത്തോടെ കുക്കുസായിപ്പിന്റെ വിഷയം അവസാനിപ്പിക്കാമെന്ന് കരുതുന്നു.

കഴിഞ്ഞലക്കം കുറിപ്പ് വായിച്ച ശേഷം ധാരാളം പേർ ഫോൺ വിളിച്ചിരുന്നു. അവയിലേറെയും എഴുതിയതിൽ സന്തോഷം പ്രകടിപ്പിച്ചുകൊണ്ടുള്ളവയായിരുന്നു. കൂട്ടത്തിൽ വ്യത്യസ്തമായ ചില വിളികളെക്കുറിച്ച് പരാമർശിച്ചിട്ട് മുമ്പോട്ടു പോകാം. സ്റ്റേറ്റ് ഓവർസിയർ പാസ്റ്റർ പി.ജെ. ജയിംസ് സാർ വിളിച്ചിരുന്നു. അദ്ദേഹം പറഞ്ഞ കാര്യങ്ങൾ ഇവയാണ്.

1. 'റവ.' ഉപേക്ഷിക്കുന്നു എന്നത് ഒരു പ്രസംഗത്തിനിടയിൽ പറഞ്ഞ വ്യക്തിപരമായ ഒരു കാര്യം മാത്രമാണ്. ചർച്ച് ഓഫ് ഗോഡിൽ എല്ലാവരും 'റവ' റന്റ് ഉപേക്ഷിക്കണമെന്നല്ല അർത്ഥമാക്കിയത്.

2. മുളക്കുഴയുടെ ശാപം മാറ്റാൻ ഉപവാസപ്രാർത്ഥന നടത്തണമെന്ന് ഞാൻ സർക്കാസ്റ്റിക്കായി എഴുതിയതിനെക്കുറിച്ച്: "ഞങ്ങൾ വലിയ പബ്ലിസിറ്റിയൊന്നും നടത്താതെയാണെങ്കിലും 21 ദിവസം ഉപവാസം കഴിഞ്ഞേയുള്ളു."

3. കുക്ക്സായിപ്പ് തന്റെ ഇന്ത്യയിലെ ശുശ്രൂഷയുടെ കാര്യങ്ങൾ മാത്രമാണ് എഴുതിയത്. ഒരു ചരിത്രരചനയായിരുന്നില്ല. അതിനെ ഇത്രയും കീറിമുറിച്ച് വിമർശിക്കേണ്ടിയിരുന്നില്ല.

4. ചർച്ച് ഓഫ് ഗോഡിന്റെ ആസ്ഥാനമായ മുളക്കുഴ സീയോൻകുന്ന് സ്ഥലം ചർച്ച് ഓഫ് ഗോഡിന്റെ സ്വന്തമാണ്. അമേരിക്കയിലെ ഒരു സഭ കുക്കുസായിപ്പിന് നൽകിയ പണം കൊണ്ടാണ് സ്ഥലം വാങ്ങിയത്. ഇത് എ.ജിയുടെ പേരിലോ എ.ജി.യുടെ പണം കൊണ്ടോ വാങ്ങിയതല്ല.

"അങ്ങനെയെങ്കിൽ ഇത് സംബന്ധിച്ച് ഓവർസിയർ എന്ന നിലയിൽ ഒരു പ്രസ്താവന പുറത്തിറക്കിയാൽ വായനക്കാർക്കും പത്രക്കാർക്കുമുള്ള സംശയങ്ങൾ ദുരീകരിക്കാമല്ലോ" എന്ന് ഞാൻ ചോദിച്ചു.

"പ്രസ്താവന നൽകാനൊന്നും ഞാൻ തയ്യാറല്ല" എന്നായിരുന്നു സാറിന്റെ മറുപടി.

ജയിംസ് സാർ എന്ന ബഹുമാന്യനായ ദൈവദാസന് എന്തെങ്കിലും ബുദ്ധിമുട്ടുണ്ടാക്കുവാൻ വേണ്ടിയല്ല ഞാനെഴുതിയത്. നേതൃത്വത്തിലും അധികാരത്തിലുമിരിക്കുന്നവർ നിർബ്ബന്ധമായും പാലിക്കേണ്ടുന്ന പക്വമായ നിലപാടുകൾ സാറിനും ഉണ്ടാകണമെന്നേ ഞാൻ ആഗ്രഹിച്ചുള്ളു.

സീയോൻകുന്നിനെക്കുറിച്ചുള്ള എന്റെ നിലപാടിൽ ഞാൻ ഉറച്ചു നില്ക്കുകയാണ്. ഫോൺ ചെയ്തവരിൽ പലരും ഇത് സത്യമാണെന്നുള്ള വിവരങ്ങളാണ് നൽകിയത്. 1954-ൽ പാസ്റ്റർ എ.സി.സാമുവേൽ എഴുതി പ്രസിദ്ധീകരിച്ച അസംബ്ലീസ് ഓഫ് ഗോഡ് എന്ന ഗ്രന്ഥത്തിൽ ഇതു സംബന്ധിച്ച പരാമർശമുണ്ട്. ഈ എ.സി.സാമുവേലാണ് മുളക്കുഴയിൽ കുക്കുസായിപ്പിനോട് കൂടെ നിന്ന് ബംഗ്ലാവ് പണിയിക്കുന്നതിന് മേൽനോട്ടം വഹിച്ചത് എന്ന കാര്യം അറിയുന്നവർക്ക് എ.സി.സാമുവേലിനെ അവിശ്വസിക്കേണ്ട കാര്യമില്ല. തന്നെയുമല്ല, ടി.എം.വർഗീസിനേപ്പോലുള്ളവർ ജീവിച്ചിരിക്കും കാലത്ത് പുറത്തിറങ്ങിയ പുസ്തകത്തിലെ വസ്തുതകളെ അദ്ദേഹം പോലും തിരുത്തിയില്ലെന്നതും ഓർക്കുക.

'ഇലന്തൂർ കുഞ്ചച്ചേടത്ത്' കുടുംബചരിത്രം ഈ അടുത്ത് പ്രസിദ്ധപ്പെടുത്തി. അതിൽ കുടുംബാംഗങ്ങളിൽ ഒരാളും ആരംഭകാല പെന്തെക്കോസ്തു പ്രവർത്തകരിലൊരാളും പാസ്റ്ററുമായിരുന്ന പാസ്റ്റർ കെ.സി. സാമുവേലിന്റെ ഓർമ്മക്കുറിപ്പുകൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

പാസ്റ്റർ കെ.സി.സാമുവേലിന്റെ അമ്മവീട് മുളക്കുഴ സീയോൻകുന്നിന് തൊട്ടടുത്തായിരുന്നു. ഈ കെ.സി.സാമുവേൽ ഐ.പി.സിയിൽ ശുശ്രൂഷകനായിരുന്നപ്പോൾ തന്റെ ഭൂസ്വത്ത് വിറ്റ് കെ.ഇ.ഏബ്രഹാമിന് നൽകിയ വ്യക്തിയാണ്. കുഞ്ചച്ചേടത്ത് കുടുംബചരിത്രത്തിന്റെ 148-ാം പേജിൽ "കുക്കുസായിപ്പുമായുള്ള ബന്ധം " എന്ന തലക്കെട്ടിൽ കൊടുത്തിരിക്കുന്ന കുറിപ്പിൽ എഴുതിയിരിക്കുന്നത് ശ്രദ്ധിക്കുക.

അസംബ്ലീസ് ഓഫ് ഗോഡുമായുള്ള ബന്ധം വിച്ഛേദിച്ച കുക്ക് സായ്പ്പിനെതിരെ അന്വേഷണം നടത്തുവാനും നിയമനടപടി സ്വീകരിക്കുവാനും എ.ജിയുടെ സെക്രട്ടറി അമേരിക്കയിൽ നിന്ന് ഇന്ത്യയിലെത്തി. (ഈ സെക്രട്ടറിയുടെ പേര് പുസ്തകത്തിൽ പറയുന്നില്ല). കുക്ക് സായിപ്പിനെതിരെ കേസ് കൊടുക്കണമെന്ന് സെക്രട്ടറി കേരളത്തിലെ എ.ജി.നേതാക്കളായ പാസ്റ്റർ എ.സി. സാമുവേലിനോടും, പാസ്റ്റർ എ.ജെ. ജോൺസാറിനോടും നിർദ്ദേശിച്ചു. എന്നാൽ മലയാളി വിശ്വാസികൾ കോടതിവ്യവഹാരങ്ങൾ ദൈവവചന വിരുദ്ധമായാണ് കാണുന്നതെന്ന് പറഞ്ഞ് സെക്രട്ടറിയെ ആ ഉദ്യമത്തിൽ നിന്ന് പിന്തിരിപ്പിച്ചെടുക്കുകയായിരുന്നു.

സത്യസന്ധമായ വസ്തുത ഇതായിരിക്കെ മുളക്കുഴ കുന്നിന്റെ ആധാരം ചർച്ച് ഓഫ് ഗോഡിന്റേതാണെന്ന് തറപ്പിച്ചു പറയുവാൻ സാധിക്കുമോ എന്ന് ചോദിച്ച് ആ ഭാഗം അവസാനിപ്പിക്കട്ടെ.

കുക്ക് സായിപ്പിന്റെ പുസ്തകം തികച്ചും അവ്യക്തമായ വിവരങ്ങൾ കൊണ്ട് പുകമറ സൃഷ്ടിക്കുന്നതാണ്. കേരളത്തിലെ ചർച്ച് ഓഫ് ഗോഡിന്റെ ചരിത്രത്തിൽ എ.ആർ. ടി.അതിശയം എന്ന ദൈവദാസനെ മറന്നു കളയാൻ പറ്റുമോ? പ്രസിദ്ധമായ പൂവത്തൂർ ഉണർവ്വിന്റെ ശില്പിയായ അതിശയമാണ് ചർച്ച് ഓഫ് ഗോഡിന്റെ വളർച്ചയിലെ നിർണ്ണായകമായ വ്യക്തികളിലൊരാൾ. അദ്ദേഹത്തിന്റെ പേരു പോലും ഈ ആത്മകഥയിൽ ഇല്ലെന്നു കേൾക്കുമ്പോൾ സായിപ്പിന്റെ മനോഭാവം എന്തായിരുന്നു എന്ന് ചിന്തിക്കാവുന്നതാണ്.

ഇനി മറ്റൊരു കാര്യം കുക്ക് സായിപ്പ് ആരുടെ സ്വന്തമാണ്? ഇപ്പോൾ ചർച്ച് ഓഫ് ഗോഡാണ് സായിപ്പിനെ സ്വന്തമാക്കി വച്ചിരിക്കുന്നത്. സെന്റിനറി സെലിബ്രേഷനും ചർച്ച് ഓഫ് ഗോഡിന്റെ സ്വന്തമാണ്. എന്നാൽ തന്റെ ജീവിതാവസാനകാലത്തെ 12 വർഷം മാത്രമാണ് സായിപ്പ് ചർച്ച് ഓഫ് ഗോഡുമായി ബന്ധപ്പെട്ടിട്ടുള്ളു. 1914-ൽ കേരളത്തിലെത്തിയ കുക്ക് സായിപ്പ് ദീർഘമായ 22 വർഷങ്ങൾക്കു ശേഷം 1936-ൽ മാത്രമാണ് ചർച്ച് ഓഫ് ഗോഡ് എന്ന അമേരിക്കൻ പ്രസ്ഥാനത്തെക്കുറിച്ച് കേൾക്കുന്നത്.

ഒന്നാമത് എ.ജി.ക്കും, രണ്ടാമത് ഐ.പി.സിക്കും, മൂന്നാമത് ചർച്ച് ഓഫ് ഗോഡിനും സായിപ്പിനെ അവകാശം പറയാം. കുക്ക് സായിപ്പ് മാത്രമല്ല എ.ജി.യുടെ മേരി ചാപ്മാൻ, സോർബോ തുടങ്ങി ഐ.പി.സി.യെ സഹായിച്ച സ്വീഡീഷ് സഭയുടെ നേതാവ് ലെവി പത്രോസ് വരെ എത്രയെത്ര മിഷനറിമാരോട് നമ്മൾ നന്ദി പറയണം. അവരുടെയൊക്കെ സമർപ്പണത്തെയും ദൈവസ്നേഹത്തെയും ആദരവോടെ ഓർക്കാം.

**സൃഷ്ടിയോ പരിണാമമോ? 5**

# മഴയാണോ സമുദ്രമാണോ ആദ്യമുണ്ടായത്



ജോസഫ് ഇടക്കാട്ടിൽ

**അടുക്കളയിലെ പാത്രങ്ങൾ കുലുങ്ങുന്ന ചെറിയ ഭൂചലനങ്ങൾ ഉണ്ടായാൽപോലും മലയാളി പേടിച്ചു വിറക്കും. എന്നിട്ടും സഹോദരസ്നേഹമില്ലാത്ത, ദൈവഭയമില്ലാത്ത ഒരു ജനതയായി കേരളീയർ മാറിയോ എന്ന് സംശയം.**

**മ**ഴയാണോ സമുദ്രമാണോ ആദ്യമുണ്ടായതെന്ന ചോദ്യം കേൾക്കുമ്പോൾ ഓർമവരുന്നത് കോഴിയാണോ മുട്ടയാണോ ആദ്യമുണ്ടായതെന്ന പ്രശ്നമാണ്. ഇതെല്ലാം ഉത്തരം കിട്ടാത്ത ചോദ്യങ്ങളായി അവശേഷിക്കുന്നത് നിരീശ്വരവാദികൾക്ക് മാത്രമാണ്. ഒരു വിശ്വസിയെ സംബന്ധിച്ചിടത്തോളം മഴയെയും സമുദ്രത്തെയും ദൈവമാണ് സൃഷ്ടിച്ചത്. സമുദ്രത്തെയാണ് ദൈവം ആദ്യം ക്രമീകരിച്ചതെന്ന് ഉല്പത്തിപുസ്തകത്തിൽ നിന്നും നമുക്ക് മനസ്സിലാക്കാം. ഉല്പത്തി 1:9ാം വാക്യത്തിൽ ആകാശത്തിന് കീഴുള്ള വെള്ളം ഒരു സ്ഥലത്ത് കൂടട്ടെ; ഉണങ്ങിയസ്ഥലം കാണട്ടെ എന്ന് ദൈവം കൽപിച്ചതായും അങ്ങനെ കരയും കടലും രൂപപ്പെട്ടതായും നമുക്ക് മനസ്സിലാക്കാം. ആകാശത്തിന് കീഴുള്ള വെള്ളം ഒരു സ്ഥലത്ത് (ഭൂമിയിൽ താഴ്ന്ന സ്ഥലങ്ങളിൽ) കൂടിയതാണ് സമുദ്രം. ഒരു സ്ഥലത്ത് എന്ന് എഴുതിയതുകൊണ്ട് വേദപുസ്തകത്തിന് തെറ്റുപറ്റി എന്ന് കരുതരുത് പഠനസൗകര്യത്തിന് വേണ്ടി സമുദ്രങ്ങളെ നാലായി വിഭജിക്കുന്നുണ്ടെങ്കിലും യഥാർത്ഥത്തിൽ ഭൂമിയിൽ ഒരൊറ്റസമുദ്രമെയുള്ളു എല്ലാ സമുദ്രങ്ങളും പരസ്പരം ബന്ധപ്പെട്ടുകിടക്കുന്നതുകൊണ്ടാണ് നദികൾ എത്രയധികം വെള്ളം ഒഴുക്കികൊണ്ടുവന്നാലും സമുദ്രങ്ങളിലെ ജലനിരപ്പ് ഉയരാത്തത്.

സമുദ്രം എങ്ങനെയുണ്ടായെന്ന ചോദ്യത്തിന് ദൈവം സൃഷ്ടിച്ചു എന്ന ഉറച്ച ഉത്തരം ദൈവവിശ്വാസിക്കുണ്ടെങ്കിൽ സമുദ്രത്തിന്റെ ഉല്പത്തിയെക്കുറിച്ച് നിരീശ്വരവാദികൾക്കും പരിണാമവാദികൾക്കും വേണ്ടത്ര ധാരണയില്ല. മഴപെയ്ത് വെള്ളം നദികളിലൂടെ പ്രവഹിച്ചാണ് സമുദ്രമുണ്ടായതെന്ന് അവർ പറയും. പക്ഷെ സമുദ്രം ഇല്ലാതെ, നീരാവി ഇല്ലാതെ മഴയെങ്ങനെ പെയ്തു എന്ന ചോദ്യത്തിന് മുമ്പിൽ പരിണാമവാദികൾ വായ്പൊത്തി നിൽക്കുന്നു.

അവരിൽ ചിലരുടെ മറുപടി ഭൂമിയുടെ ഉള്ളറയിൽ നിന്ന് നീരാവി പൊങ്ങിതണുത്ത് ആയിരം വർഷം തുടർച്ചയായി മഴപെയ്തുവെന്നാണ് ഇതിനുമാത്രം നീരാവി എങ്ങനെ ഭൂമിയുടെ ഉള്ളറകളിൽ ഉണ്ടായി? (ഇയ്യോബിന്റെ പുസ്തകത്തിൽ പറയുന്നു ഭൂമിയുടെ അധോഭാഗം തീകൊണ്ടെന്നപ്പോലെ തിളച്ചുമറിയുന്നു) ഇങ്ങനെ ഭൂമിയുടെ ഉള്ളിൽ നിന്ന് പുറംതോട്പൊട്ടിച്ച് പുറത്തുവന്ന നീരാവി തണുത്തു മഴയായി പെയ്ത് ആ ജലം മുഴുവൻ ഭൂമിയുടെ താഴ്ന്നസ്ഥലങ്ങളിൽ ഒത്തുചേർന്നാണ് സമുദ്രമുണ്ടായതെന്ന് ഇക്കൂട്ടരുടെ വാദഗതി. സൂക്ഷ്മമായി പരിശോധിച്ചാൽ ഭൂമിയുടെ ഉള്ളറയെക്കുറിച്ച് ഇവർക്ക് വിവരം ലഭിച്ചത് ബൈബിളിൽ നിന്നായിരിക്കണം. പിന്നെ ആയിരം വർഷം മഴപെയ്തുവെന്ന ഭാവനകൂടിയായപ്പോൾ സമുദ്രമായി.

മഴ എങ്ങനെയുണ്ടായി എന്ന് ശാസ്ത്രജ്ഞന്മാർക്ക് നല്ല നിശ്ചയമില്ലെങ്കിലും വിശ്വാസികൾക്ക് അത് നന്നായി അറിയാം. സമുദ്രത്തിന്റെ സൃഷ്ടിക്ക് ശേഷമാണ് ഭൂമിയിൽ മഴയെ ദൈവം സൃഷ്ടിച്ചത്. അതായത് നോഹയുടെ കാലത്താണ് ആദ്യമായി മഴപെയ്തത്. പ്രകൃതിയിലെ ഒരു അത്ഭുത പ്രതിഭാസമാണ് മഴ. മഴ ഉണ്ടാകണമെങ്കിൽ കാറ്റ് മർദ്ദം തുടങ്ങി പല ഘടകങ്ങളെയും അതിനായി ഒരുക്കേണ്ടതുണ്ട്. സമുദ്രത്തിൽനിന്ന് നീരാവി ഉയർന്ന് പൊങ്ങി തണുത്താണല്ലോ മഴ പെയ്യുന്നത്. ഇങ്ങനെ നീരാവി ഉയരണമെങ്കിൽ അതിനൊരു കാരണം വേണമല്ലോ. വെള്ളം ചൂടാവുമ്പോൾ അതിന്റെ കണികകൾക്ക് ഭാരം കുറയും അതുകൊണ്ടാണ് അവ ഉയർന്നുപൊങ്ങുന്നത്. നീരാവി ഉയർന്ന്പൊങ്ങി തണുക്കണം അതിനായി ദൈവം പ്രകൃതിയിൽ ഒരുക്കിയിരിക്കുന്ന തത്വം എന്താണ്? ഭൂമിയുടെ ഉപരിതലത്തിൽ നിന്ന് ഓരോ കിലോമീറ്റർ ഉയരം കൂടുന്തോറും ആറ് ഡിഗ്രിസെന്റിഗ്രേഡ് വച്ച് താപം (ചൂട്)കുറയുന്നു. ഇങ്ങനെ ചൂട് കുറയുന്നത്കൊണ്ടാണ് പർവ്വതമുകളിൽ കൂടുതൽ തണുപ്പ് അനുഭവപ്പെടുന്നത്. ഇങ്ങനെ അന്തരീക്ഷവായു തണുത്ത് തണുത്ത് ഹിമാലയത്തിന്റെ മുകളിൽ എത്തുമ്പോഴേക്ക് വെള്ളംമഞ്ഞുകട്ടയായി രൂപാന്തരപ്പെടുന്നു. ഏറ്റവും അത്ഭുതകരമായ കാര്യം ഭൂമിയോട് ചേർന്നുള്ള അന്തരീക്ഷഭാഗത്തു മാത്രമാണ് ഇങ്ങനെ താപനഷ്ടം സംഭവിക്കുന്നത്. തെർമോസ്പിയർ എന്നറിയപ്പെടുന്ന അന്തരീക്ഷഭാഗത്ത് അതികഠിനമായ ചൂടാണ് അനുഭവപ്പെടുന്നത്.

കടലിൽ ഉയർന്നുപൊങ്ങുന്ന നീരാവി തണുത്ത് കരയിലേക്ക് അടിക്കണമെങ്കിൽ അതിനെന്തു സംവിധാനമാണ് ദൈവം ഒരുക്കിയെതെന്ന് നോക്കാം. കാർമേഘങ്ങളെ കൊണ്ടുവരുന്നത് കാറ്റാണെന്ന് വേദപുസ്തകം പറയുന്നു. ഇക്കാര്യം ശാസ്ത്രജ്ഞർ മനസ്സിലാക്കുന്നതിന് ആയിരക്കണക്കിന് വർഷങ്ങൾക്ക് മുമ്പുതന്നെ ഇക്കാര്യം ബൈബിളിൽ രേഖപ്പെടുത്തിയിരുന്നു. മഴമേഘത്തെ കൊണ്ടുവരുന്നതിന് ദൈവം കാറ്റിനോട് കൽപിക്കുന്നു. തന്റെ കൽപന കേട്ടനുസരിക്കുന്ന കാറ്റിനെ സൃഷ്ടിച്ചത് ദൈവം തന്നെയാണ്. കാറ്റില്ലെങ്കിൽ മഴയില്ല. മഴയില്ലെങ്കിൽ വെള്ളമില്ല. വെള്ളമില്ലെങ്കിൽ ജീവൻ നിലനിൽക്കില്ല. വെള്ളമില്ലാത്തതുകൊണ്ടാണല്ലോ ചന്ദ്രനിൽ ജീവജാലങ്ങളില്ലാത്തത്. കാറ്റ് എങ്ങനെയാണ് ഉണ്ടാകുന്നതെന്ന് മനസ്സിലാക്കുമ്പോഴാണ് ദൈവത്തിന്റെ സൃഷ്ടിയുടെ മഹാത്മ്യത്തിൽ നമുക്ക് അത്ഭുതം തോന്നുന്നത്.

എന്താണ് കാറ്റ്? സഞ്ചരിക്കുന്ന വായുവാണ് കാറ്റ്. എന്തുകാരണം കൊണ്ടാണ് വായു സഞ്ചരിക്കുന്നത്? അന്തരീക്ഷത്തിലുണ്ടാകുന്ന മർദ്ദവ്യത്യാസമാണ് വായുവിന്റെ സഞ്ചാരത്തിന് കാരണം. മർദ്ദം കുറഞ്ഞസ്ഥലത്തേക്ക് (ന്യൂനമർദ്ദം) മർദ്ദം കൂടിയ സ്ഥലത്തുനിന്ന് വായു സഞ്ചരിക്കും ഇങ്ങനെ ഏതെങ്കിലും സ്ഥലത്ത് മർദ്ദം കുറയാൻ കാരണമെന്താണ്? അന്തരീക്ഷം ചൂട് പിടിച്ച് വായുകണികകൾ ഭാരം കുറഞ്ഞ് മുകളിലോട്ടും വശങ്ങളിലോട്ടുമൊക്കെ സഞ്ചരിക്കുമ്പോഴാണ് കാറ്റുണ്ടാകുന്നത്. കേരളാത്തീരത്ത് ന്യൂനമർദ്ദം രൂപംകൊണ്ടു കനത്ത മഴ ഉണ്ടാകാൻ സാധ്യതയുണ്ട് എന്ന വാർത്ത ശ്രദ്ധിച്ചിട്ടില്ലേ? അതായത് ന്യൂനമർദ്ദം രൂപം കൊള്ളുന്ന സ്ഥലത്തേക്ക് കടലിൽനിന്ന് ശക്തമായ കാറ്റ് വീശുന്നു. ഇങ്ങനെ കാറ്റ് കടലിന്റെ മുകളിൽകൂടി വരുന്നത്കൊണ്ട് ധാരാളം നീരാവി അതിൽ ഉണ്ടാകുമല്ലോ. ഇങ്ങനെയുള്ള നീരാവിയാണ് കരയിലെത്തി തണുത്ത് മഴയായി മാറുന്നത്. പ്രത്യേകിച്ച് പർവത മേഖലകൾ നീരാവിയുടെ സഞ്ചാരത്തെ തടഞ്ഞു നിർത്തി കൂടുതൽ മഴ പെയ്യിക്കുന്നു. നെടുനീളത്തിൽ പശ്ചിമഘട്ട മലനിരകൾ ഇള്ളതു കൊണ്ടാണ് കേരളത്തിൽ കനത്ത മഴ ലഭിക്കുന്നത്. നീരാവി നിറഞ്ഞ കാറ്റ് സുഗമമായി എത്താത്തതുകൊണ്ടാണ് പശ്ചിമഘട്ടത്തിനപ്പുറമുള്ള തമിഴ്നാട്ടിൽ മഴ വളരെ കുറവായതും ഇങ്ങനെ ധാരാളം മഴ നൽകി കേരളത്തെ ദൈവം അനുഗ്രഹിക്കുവാൻ എന്തെങ്കിലും കാരണമുണ്ടോ? ഉണ്ടെന്നാണ് ഞാൻ വിശ്വസിക്കുന്നത്. ലോകത്തിലെ ജനത്തിന് മുഴുവൻ സുവിശേഷവും ക്രിസ്തീയസ്നേഹവും നൽകാൻ വേണ്ടി ദൈവം സ്വന്തജനമായി തെരെഞ്ഞെടുത്തത് മലയാളി ക്രിസ്ത്യാനികളെയാണ് എന്നാണ് എന്റെ വിശ്വാസം. അങ്ങനെ പറയാൻ കാരണങ്ങൾ ഉണ്ട് എനിക്കറിയാവുന്ന ഭൂമിശാസ്ത്രംവെച്ച് പറയാം. കേരളത്തെപ്പോലെ ദൈവം സംരക്ഷണം നൽകി പരിപാലിക്കുന്ന ഏതെങ്കിലുമൊരു പ്രദേശമുണ്ടോ ഭൂമിയിൽ? ഭൂമിയിൽ അനേകരുടെ സ്വപ്നരാജ്യവും സമ്പന്നരാജ്യവുമായ അമേരിക്കയിൽ യഥാർത്ഥത്തിൽ നടക്കുന്നതെന്താണെന്ന് അവിടെയുള്ളവർക്കറിയാം. ഓടികൊണ്ടിരിക്കുന്ന ട്രെയിനിനെ ചുഴറ്റിയെടുത്ത് നദിയിലെറിയാൻ ശക്തമായ ചുഴലിക്കാറ്റുണ്ട് അവിടെ. അധ്യാപകനെ തോക്കെടുത്ത് വെടിവെച്ചിടുന്ന വിദ്യാർത്ഥികൾ അവിടെയുണ്ട്. വെള്ളപ്പൊക്കവും കൊടുങ്കാറ്റുമെല്ലാം അവിടെയുണ്ട്.

എന്നാൽ കേരളത്തിന്റെ സ്ഥിതിയോ? ചരിത്രാതീതകാലം മുതൽ കേരളത്തെ ദൈവം ഉള്ളംകൈയ്യിൽ വഹിച്ചിരുന്നു. ഇത്രയും അനുയോജ്യമായ കാലാവസ്ഥ വേറെ എവിടെയുണ്ട്? കൊടുംചൂടോ, മരംകോച്ചുന്ന തണുപ്പോ കേരളത്തിലില്ല. ഇവിടെ പ്രളയമില്ല, കൊടുങ്കാറ്റില്ല, ഭൂകമ്പമില്ല, അടുക്കളയിലെ പാത്രങ്ങൾ കുലുങ്ങുന്ന ചെറിയ ഭൂചലനങ്ങൾ ഉണ്ടായാൽപോലും മലയാളി പേടിച്ചു വിറക്കും ഇവിടെ പാകത്തിനു മഴയും വെയിലും ലഭിക്കുന്നു. ലോകത്തിൽ ഏറ്റവും കൂടുതൽ മഴ ലഭിക്കുന്ന ചിറാപ്പുഞ്ചി കൃഷിയോഗ്യമല്ല. പണ്ടുകാലത്ത് ലോകത്തിന്റെ പല ഭാഗങ്ങളിലും വടക്കേഇന്ത്യയിലുമൊക്കെ ഉണ്ടായ ഘോരയുദ്ധങ്ങൾ മലയാളിയെ ബാധിച്ചില്ല. ഇന്ത്യാ വിഭജനകാലത്ത് പതിനായിരങ്ങൾ അരും കൊലചെയ്യപ്പെട്ടപ്പോഴും മലയാളിക്ക് പോറലേറ്റില്ല. എന്നിട്ടും സഹോദരസ്നേഹമില്ലാത്ത, ദൈവഭയമില്ലാത്ത ഒരു ജനതയായി കേരളീയർ മാറിയോ എന്ന് സംശയം. നാം ദൈവവേഷ്ടത്തിന് ഏൽപിച്ചുകൊടുക്കാത്തവരാണെന്ന് തിരിച്ചറിഞ്ഞ ദൈവം നമുക്ക് തന്ന സുവിശേഷത്തിന്റെ താക്കോൽ നമ്മിൽനിന്ന് പിടിച്ചെടുത്ത് കഠിനചൂടിൽ വിയർത്ത് ജോലിചെയ്യുന്ന തമിഴ്നാട്ടുകാർക്കും പീഡനം അനുഭവിക്കുന്ന ഒറീസ്സാക്രീസ്ത്യാനികൾക്കുമൊക്കെ കൊടുക്കുന്ന കാഴ്ച കണ്ടിട്ടും നമുക്ക് യാതൊരു കൂസലുമില്ല. ഇത്രയൊക്കെയായിട്ടും എന്തുകൊണ്ട് ദൈവം മലയാളിക്രിസ്ത്യാനികളെ വെറുതെ വിടുന്നു? അതിനുള്ള എന്റെ മറുപടി ബാലിന് മുട്ടുമടക്കാത്ത ദൈവത്തിന്റെ ട്രാക്കിലേടുന്ന കുറച്ച് പേരെങ്കിലും സാധാരണക്കാരായ വിശ്വസികളുടെയും പാസ്റ്റർമാരുടെയും ഇടയിലുണ്ട് അവരെ ഓർത്താകണം ദൈവം പിന്നയും നന്മകൊണ്ട് നമ്മെ നിറക്കുന്നത്.

# മാവേലിക്കര ഐ.ഇ.എം. ചിൽഡ്രൻസ് ഹോമിൽ ഈ വർഷം 100 കുട്ടികൾക്കുകൂടി പ്രവേശനം നൽകുന്നു



ഇവാ. റെജി കെ. തോമസ്
ഡയറക്ടർ, ഐ.ഇ.എം.

മാവേലിക്കര ഐ.ഇ.എം. ചിൽഡ്രൻസ് ഹോമിൽ ഇപ്പോൾ പഠിച്ചുകൊണ്ടിരിക്കുന്ന 150-ൽ പരം കുട്ടികൾക്കു പുറമെ നിർദ്ദനരായ 4 വയസ്സ് മുതൽ 12 വയസ്സുവരെ (1-ാം ക്ലാസ്സ് മുതൽ 7-ാം ക്ലാസ്സുവരെ) പ്രായമുള്ള 100 കുട്ടികൾക്കുകൂടി ജാതി-മത-സഭാ വ്യത്യാസം കൂടാതെ ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പ്രവേശനം നൽകുന്നു. കുട്ടികൾക്ക് ഇംഗ്ലീഷ് മീഡിയത്തിലോ മലയാളം മീഡിയത്തിലോ പഠിക്കുവാനുള്ള സൗകര്യം, സ്കൂൾ പഠനത്തിന് പുറമെ ട്യൂഷൻ, കലാ-കായിക-വിനോദ-ആത്മീയ മേഖലകളിൽ മെച്ചപ്പെട്ട നിലവാരത്തിൽ അച്ചടക്കത്തോടെ വളരുവാനുള്ള സൗകര്യം. പഠനം, ഭക്ഷണം, താമസം തികച്ചും സൗജന്യം. കുട്ടികളെ അച്ചടക്കത്തോടെ സംരക്ഷിക്കുവാനും ധാർമ്മിക മേഖലകളിൽ അനുസരണത്തോടെ വളർത്തുവാനും പരിശീലനം ലഭിച്ച പ്രവർത്തകർ. ഒരു ഭവനത്തിൽ നിന്നും ഒന്നിൽ കൂടുതൽ കുട്ടികൾക്കും കേരളത്തിലെ എല്ലാ ജില്ലകളിൽ നിന്നുമുള്ള കുട്ടികൾക്കും പ്രവേശനം. താല്പര്യമുള്ളവർ 2013 മെയ് 4-ാം തീയതി ശനിയാഴ്ച രാവിലെ 10 മണിക്ക് കുട്ടികളുമായി അവരുടെ ഉത്തരവാദിത്തപ്പെട്ടവർ മാവേലിക്കര-കല്ലുമല ഐ.ഇ.എം. ഓഡിറ്റോറിയത്തിൽ ഇന്റർവ്യൂവിനായി നേരിട്ട് എത്തിച്ചേരുക. **വഴി:** മാവേലിക്കര ബസ്റ്റാന്റിൽ നിന്നും കല്ലുമല വഴി പോകുന്ന ബസ്സിൽ കയറി കല്ലുമല കോളേജ് ജംഗ്ഷനിൽ ഇറങ്ങിയാൽ ഐ.ഇ.എം. ഓഡിറ്റോറിയത്തിൽ എത്തിച്ചേരാം. മാവേലിക്കര റെയിൽവേ സ്റ്റേഷനിൽ നിന്ന് നടന്ന് വരാവുന്ന ദൂരം മാത്രം.

## നിർദ്ധനരും അനാഥരും അശരണരുമായ 150-ൽപരം കുഞ്ഞുങ്ങൾ പാർക്കുന്ന ഐ.ഇ.എം. ചിൽഡ്രൻസ് ഹോമിലേക്ക് ഏവർക്കും സ്വാഗതം.

സഭയായി, കുടുംബമായി, ടീമായി, വ്യക്തികളായി കുഞ്ഞുങ്ങളെ ആത്മീയമായും, ഭൗതികമായും സഹായിക്കുവാൻ താല്പര്യമുള്ളവർ കടന്നുവന്നാലും. നിങ്ങളുടെയോ, നിങ്ങളുടെ കുടുംബാംഗങ്ങളുടെയോ ജന്മദിനങ്ങൾ ഈ അനാഥകുഞ്ഞുങ്ങളോടൊത്ത് ആഘോഷിക്കുക. നിങ്ങളുടെ ആഘോഷത്തിനു മുടക്കുന്നതിന്റെ ഒരുഭാഗം ഈ കുഞ്ഞുങ്ങളുടെ ഒരുനേരത്തെ ഭക്ഷണത്തിനായി സ്പോൺസർ ചെയ്യുക. സൗജന്യ ട്യൂഷൻ നൽകുവാനും, പഠന ക്ലാസുകൾ നടത്തുവാനും, കുഞ്ഞുങ്ങൾക്ക് താല്പര്യമുള്ള മറ്റ് ക്രിസ്തീയ പ്രോഗ്രാമുകൾ ക്രമീകരിക്കുവാനും താല്പര്യമുള്ളവർക്ക് സ്വാഗതം.

## ഉടൻ ആവശ്യമുണ്ട്

മാവേലിക്കര ഐ.ഇ.എം. ചിൽഡ്രൻസ് ഹോമിൽ കുട്ടികളെ ശുശ്രൂഷിക്കുന്നതിനായി പ്രായവ്യത്യാസവും സഭാവ്യത്യാസവും കൂടാതെ സഹോദരി സഹോദരന്മാരെ ആവശ്യമുണ്ട്. ഈ സ്ഥാപനത്തിലെ പാചകശാലയിൽ പ്രധാന പാചകക്കാരനെ സഹായിക്കുന്നതിനായും, വാഹനം ഓടിക്കുന്നതിനായും സഹോദരന്മാരെ ആവശ്യമുണ്ട്. ഭക്ഷണത്തിനും താമസത്തിനും പുറമേ മെച്ചപ്പെട്ട വേതനം നൽകും.

കൂടുതൽ വിവരങ്ങൾക്ക് : ഇവാ. റെജി കെ. തോമസ്, ഫോൺ: 9 8 4 7 4 7 2 0 1 6

# PRESIDENCY INSTITUTIONS
## BANGALORE

EXCELLENCE THROUGH SERVICE

അഡ്മിഷൻ ആരംഭിച്ചു

Recognised by the Government of Karnataka
Affiliated to Rajiv Gandhi University of Health Sciences, Bangalore
Approved by Karnataka Nursing Council & Indian Nursing Council

**പെന്തക്കോസ്ത് വിശ്വാസികളാൽ നടത്തപ്പെടുന്ന സ്ഥാപനം**









### കോഴ്സുകൾ/ Courses Offered

- **M.Sc.** Nursing (All Branch) (Master of Science in Nursing)
- **B.Sc. Nursing** (Bachelor of Science in Nursing)
- **PC. B.Sc. Nursing** (Post Certificate, Bachelor of Science in Nursing)
- **GNM** (General Nursing & Midwifery)
- **B.Pharm** (Bachelor in Pharmacy)
- **D.Pharm** (Diploma in Pharmacy)

- തികഞ്ഞ അച്ചടക്കവും ആത്മീയ അന്തരീക്ഷവും
- ആരാധനയ്ക്കുള്ള സൗകര്യം
- ക്ലിനിക്കൽ പ്രാക്റ്റീസിന് സ്വന്തമായ ഹോസ്പിറ്റൽ
- റാഗ്ഗിംഗ് വിമുക്ത ക്യാമ്പസ്
- 100% തൊഴിലുറപ്പ്, 100% വിജയം
- ആധുനിക സൗകര്യങ്ങളോടു കൂടിയ ഹോസ്റ്റൽ അപ്പാർട്ട്മെന്റ്

- **പാസ്റ്റേഴ്സിന്റെ മക്കൾക്ക് സ്കോളർഷിപ്പോടു കൂടിയ പഠന സൗകര്യം**
- **വിശ്വാസികളുടെ കുട്ടികൾക്ക് മികച്ച ഫീസ് ഇളവ്**







**അഡ്മിഷനും കൂടുതൽ വിവരങ്ങൾക്കും**



Mr. Baiju Simon
09916699499
(Chairman)

Mr. Justin Koshy
09036617300
(Director)



Helpline 24x7
+91-7829090900

**Free Spoken English & IELTS Coaching**


# 18/2, 'A' Chokkanahalli, Jakkur Post, Hegde Nagar, Bangalore - 560 064. Ph: 080-28567722, 080-3294 3998
E-mail: info@presidencyinstitutions.org, Web: www.presidencyinstitutions.org

▸ *സ്മരണ*

**ടി.വി.ജോബ്**

# സ്മരണകൾ ബാക്കിയാക്കി ചെല്ലപ്പച്ചായൻ ഓർമ്മയായി

**ആലപ്പുഴയിലെ ആദ്യകാല വിശ്വാസികളിലൊരാളായ കാട്ടുങ്കൽ കെ.ജെ.ഡേവിഡ് (ചെല്ലപ്പച്ചായൻ) ഇക്കഴിഞ്ഞ ഫെബ്രുവരിയിൽ നിര്യാതനായി. അദ്ദേഹത്തെക്കുറിച്ചുള്ള ഒരു ഓർമ്മക്കുറിപ്പ്**



**ആ**ലപ്പുഴ ഐ.പി.സി.എബനേസർ സഭയിലെ ആദ്യകാല വിശ്വാസികളുടെ നിരയിൽ ഒരാൾക്കൂടെ കുറഞ്ഞു. ചെല്ലപ്പച്ചായൻ എന്നറിയപ്പെട്ടിരുന്ന കാട്ടുങ്കൽ കെ.ജെ.ഡേവിഡ് ഇക്കഴിഞ്ഞ ഫെബ്രുവരി 12-ന് താൻ പ്രിയം വച്ചിരുന്ന കർത്താവിന്റെ അടുക്കലേക്ക് കടന്നുപോയി. സ്ഥിരതയോടും ധീരതയോടും കർത്താവിനെ സേവിച്ച ഇദ്ദേഹം തനിക്ക് നേരെയുണ്ടായിട്ടുള്ള നാനാവിധ പരിശോധനകളെ സമചിത്തതയോടെ നേരിട്ട് 66 കൊല്ലം സഭക്ക് താങ്ങും തണലുമായി നിലകൊണ്ടു. പ്രസംഗകനോ എഴുത്തുകാരനോ ആയിരുന്നില്ല എങ്കിലും നിരവധി പേരെ കർത്താവിന് വേണ്ടി നേടിയിട്ടുള്ള ശാന്തനായ ഒരു സുവിശേഷകനായിരുന്നു. He was a silent soul winner.

ഐ.പി.സി.യുടെ വക്താവും പ്രോക്താവും ആയിരുന്നെങ്കിലും അദ്ദേഹം എല്ലാ ദൈവമക്കളെയും സ്നേഹിച്ച് ആദരിച്ച് കൈതാങ്ങിയിരുന്നു. കാട്ടുങ്കൽ ജോസഫിന്റെയും കുഞ്ഞമ്മയുടെയും മകനായി 1932-ൽ ജനിച്ചു. 15-ാമത്തെ വയസ്സിലാണ് രക്ഷിക്കപ്പെട്ട് ഐ.പി.സിയിൽ അംഗമായത്. റാന്നി ചക്കയാനിക്കുഴിയിൽ കുടുംബാംഗമായ മറിയാമ്മയാണ് സഹധർമ്മിണി. ഇവരുടെ വിവാഹശുശ്രൂഷ നടത്തിയത് പാസ്റ്റർ കെ.ഇ.ഏബ്രഹാമായിരുന്നു. 3 പെൺമക്കളും 3 ആൺമക്കളും 11 കൊച്ചുമക്കളുമുള്ള ആ കുടുംബം ദേശത്ത് മാതൃകയായി ദൈവത്തെ ആരാധിച്ചു വരുന്നു.

ആലപ്പുഴ ഐ.പി.സി.എബനേസർ സഭക്ക് വേണ്ടി ഒരു പുരുഷായുസ് മുഴുവൻ വിശ്വസ്തയോടെ നിന്ന ചെല്ലപ്പച്ചായന്റെ ഗുരുഭൂതൻ സുവിശേഷ പോർക്കളത്തിൽ കർത്താവിൽ പ്രസിദ്ധനായ മേക്കാട്ട് ജോർജ്ജുപിള്ള എന്നറിയപ്പെടുന്ന പാസ്റ്റർ എം.വി.ജോർജ്ജായിരുന്നു. തമ്പേറുമായി ചേർത്തല, കഞ്ഞിക്കുഴി, വയലാർ, തണ്ണീർമുക്കം, മുഹമ്മ, മാരാരിക്കുളം, മണ്ണഞ്ചേരി തുടങ്ങിയ കവലകളിൽ നിന്നു കൊണ്ട് അവരൊന്നിച്ച് പാടി കർത്താവിനെ സാക്ഷിച്ചു. അമേരിക്കയിൽ കർതൃശുശ്രൂഷയിൽ അറിയപ്പെടുന്ന റവ.ജേക്കബ് ചെറിയാൻ (മേക്കാട്ട്, ബേബിക്കുട്ടി) അദ്ദേഹത്തിന്റെ സഹോദരൻ കെ.സി.ഏബ്രഹാം (രാജു) പരേതനായ കുട്ടായിച്ചൻ മുതലായവരും ഈ ലേഖകനും അക്കൂട്ടത്തിൽ എടുത്തു പറയപ്പെടേണ്ടവരാണ്. അന്ന് സുവിശേഷം അറിയിച്ചിടങ്ങളിലെല്ലാം ഇന്ന് ഐ.പി.സി.സഭകളുണ്ട്. ഐ.പി.സി.എന്ന മഹത്തായ പ്രസ്ഥാനത്തിന്റെ ആദ്യകാല ശുശ്രൂഷകന്മാരുമായി സ്നേഹബന്ധം പുലർത്തിയിരുന്ന കർതൃദാസൻ തന്നെ സമീപിക്കുന്നവരോടെല്ലാം കർത്താവിൽ പ്രസിദ്ധരായിരുന്ന അവരുടെയെല്ലാം സുവിശേഷതാൽപ്പര്യത്തെക്കുറിച്ചും ത്യാഗോന്മുഖമായ ജീവിതത്തെക്കുറിച്ചും വാതോരാതെ സംസാരിക്കുമായിരുന്നു.

ചേത്തക്കൽ കീവറീച്ചൻ, പൊടിമല മത്തായിച്ചൻ, കാരംവേലിൽ മത്തായിച്ചൻ, പൂവന്മല ഉമ്മച്ചൻ, കപ്പാംമൂട്ടിൽ കുഞ്ഞോമ്മാച്ചൻ, വേങ്ങത്തോട്ടത്തിൽ കുട്ടിയച്ചൻ, കുന്നത്തുകര കുട്ടിയച്ചൻ, ഭക്തൻകുട്ടിയച്ചൻ, മുണ്ടിയപ്പള്ളി ചാക്കോച്ചൻ, വേലമ്പറമ്പിൽ കുഞ്ഞോമ്മാച്ചൻ, പുതുപ്പറമ്പിൽ തൊമ്മച്ചൻ, കണ്ടത്തിൽ കൊച്ചുപാപ്പിച്ചൻ, കൊച്ചുകുഞ്ഞ് സന്യാസി, പത്തിച്ചിറ യോഹന്നാച്ചൻ, കൊച്ചുസഹോദരൻ മുതലായ രസകരമായ അവരുടെയെല്ലാം ചെല്ലപ്പേരുകൾ ചെല്ലപ്പച്ചായന്റെ ഓർമ്മയിൽ നിന്നും, വായിച്ചു കേൾപ്പിച്ചും കേട്ടിട്ട് കേരളത്തിൽ പെന്തെക്കോസ്ത് പ്രസ്ഥാനത്തിന് ഊടും പാവുമായി ദൈവം തന്റെ കരങ്ങളിൽ മുത്തുകളായി കോർത്തെടുത്ത അവരെയെല്ലാം ഓർത്ത് ഞാൻ തന്റെ മുമ്പിലിരുന്ന് പലപ്പോഴും ദൈവത്തെ സ്തുതിച്ചിട്ടുണ്ട്. മഹാരഥന്മാരായിരുന്ന ഈ വിശുദ്ധന്മാരെ ഇന്നാരും അറിയുന്നില്ല. ഓർക്കുന്നതു പോലുമില്ല. പ്രിയ ചെല്ലപ്പച്ചായൻ ഇപ്പോൾ അവരോട് കൂടെ ചേർന്നു എന്നതിൽ അതിയായ സന്തോഷമുണ്ട്.

ഞാൻ രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ട് ആലപ്പുഴ ഐ.പി.സി.എബനേസർ സഭാരാധനകളിൽ പങ്കെടുത്തിരുന്ന 70 കാലഘട്ടങ്ങളിൽ അവിടെ മുഴങ്ങിക്കേട്ടിരുന്ന "കാന്താ താമസമെന്തഹോ വരുവാനേശു...", "കാരുണ്യപൂരക്കടലേ കരളലിയുക ദിനമനു കാരുണ്യപൂരക്കടലേ" തുടങ്ങിയ പ്രത്യാശാ ഗാനങ്ങൾ തിരമാലകൾ പോലെ അല തല്ലിയിരുന്ന ചെല്ലപ്പച്ചായന്റെ ആ കണ്ഠനാളം കുറേനാളേക്ക് നിശബ്ദമായി. "ഈ ജഡവസ്ത്രം വിട്ടു ഞാൻ ലാക്കിനായി പറന്നുയർന്ന് വാനം കടക്കുമ്പോൾ ചൊല്ലും സലാം ജപ സമയമേ" എന്ന് ഒടുവിലായി താൻ പാടിക്കൊണ്ട് ലോകത്തോട് തൽക്കാലം വിട പറഞ്ഞു.

പുനർനിർമ്മാണത്തിലിരിക്കുന്ന മാതൃസഭാ ഹാൾ പണി പൂർത്തിയാക്കി അതിൽ ആരാധിക്കുവാനുള്ള അന്ത്യാഭിലാഷം ബാക്കിയാക്കി വിശ്രമത്തിനായി താൻ പോയിരിക്കുന്നു. ചെല്ലപ്പച്ചായൻ നല്ല പോർ പൊരുതു, ഓട്ടം തികച്ചു; വിശ്വാസം കാത്തു."

മക്കൾ: ജോസഫ് സാലസ് (വിശാഖപട്ടണം), സൂസമ്മ സാംസൺ (മസ്ക്കറ്റ്), സിസിലി ജോൺ (തിരുവല്ല), എലിസബത്ത് ജെയ്സ് (ദുബായ്), തോമസ് ഡേവിഡ്, ജോസ് ഡേവിഡ്.

## സേവ് ഐ.പി.സി സ്വീകരണം നൽകി

**തൃശൂർ:** സേവ് ഐ.പി.സി മൂവമെന്റ് എന്നപേരിൽ തൃശൂർ കേന്ദ്രമാക്കി പ്രവർത്തിക്കുന്ന പ്രസ്ഥാനം സഭയുടെ പുതിയ ഭാരവാഹികളായ പാസ്റ്റർ ജേക്കബ് ജോൺ, പാസ്റ്റർ കെ.സി ജോൺ, ഡോ.ജോൺ ജോസഫ് എന്നിവർക്ക് സ്വീകരണം നൽകി. പ്രസിഡന്റ് എം.ജെ സാമുവൽ സെക്രട്ടറി, കെ.സി ജോൺസൺ എന്നിവർ നേതൃത്വം നൽകി. മാർച്ച് 9ന് മുല്ലക്കര ഐ.പി.സി ഹാളിൽ നടന്ന സമ്മേളനത്തിൽ തൃശൂർ ഭാഗത്തെ സെന്റർ ശുശ്രൂഷകന്മാരും പങ്കെടുത്തു.

## മൈനോരിറ്റി ഹ്യൂമൻ റൈറ്റ്സ് കൗൺസിൽ

**തിരുവനന്തപുരം:** ക്രിസ്ത്യാനികളുടെ ന്യൂനപക്ഷാവകാശ സംരക്ഷണത്തിന് വേണ്ടി പ്രവർത്തിക്കുന്ന ദേശീയ പ്രസ്ഥാനമായ കൗൺസിൽ ഫോർ ഇന്ത്യൻ ക്രിസ്ത്യൻ മൈനോരിറ്റി ഹ്യൂമൻ റൈറ്റ്സ് എന്ന പ്രസ്ഥാനത്തിന്റെ കേരളാ സ്റ്റേറ്റ് കമ്മറ്റി നിലവിൽ വന്നു. റെജി കെ ജേക്കബ് പ്രസിഡന്റ്, പാസ്റ്റർ പി.സി കോശി വൈസ് പ്രസിഡന്റ്, പാസ്റ്റർ ജേക്കബ് കുര്യൻ തകിടിയിൽ ജനറൽ സെക്രട്ടറി, എ.പി ബാബു ട്രഷറാർ, ഇവാ. ഓസ്റ്റിൻ രാജ്, പാസ്റ്റർ കെ.പി രാജൻ ജോ.സെക്രട്ടറിമാർ, പാസ്റ്റർ വിജയൻ നായർ ഓർഗനൈസിംഗ് സെക്രട്ടറി എന്നിവരാണ് മറ്റ് ഭാരവാഹികൾ. ദേശീയ പ്രസിഡന്റ് ഡോ.ജി സെൻമോൻ യോഗത്തിൽ പങ്കെടുത്ത് പ്രവർത്തനങ്ങൾ വിശദീകരിച്ചു.

## സെന്റർ ഭാരവാഹികൾ

**കലയപുരം:** ഐ.പി.സി സെന്റർ ഭാരവാഹികളായി പാസ്റ്റർ കെ.വി തോമസ് പ്രസിഡന്റ്, പാസ്റ്റർ പി.ഐ ഏബ്രഹാം വൈസ് പ്രസിഡന്റ്, പാസ്റ്റർ ജോയി ജോർജ് സെക്രട്ടറി, സി.ഐ മാത്യു ജോയിന്റ് സെക്രട്ടറി, വർഗീസ് മാത്യു ട്രഷറാർ എന്നിവരെ തിരഞ്ഞെടുത്തു.

## ജയിലിൽ സംഗീത ശുശ്രൂഷ

**നെയ്യാറ്റിൻകര:** തിരുവനന്തപുരം മേഖല പിവൈപിഎ. ഏപ്രിൽ 6-ന് നെയ്യാറ്റിൻകര സബ് ജയിലിൽ സംഗീത ശുശ്രൂഷയും വചന ശുശ്രൂഷയും നടത്തി. ഭാരവാഹികളായ പാസ്റ്റർ വിജയകുമാർ, ജയ്സൺ സോളമൻ, ജോസ് പ്രകാശ്, ഷിബു വിക്ടർ, വിൻസെന്റ്, സജികുമാർ, എബിൻ ഇ.എസ്, പാസ്റ്റർ മോസസ് എന്നിവർ നേതൃത്വം നൽകി.

## റിവൈവൽ ക്രിസ്ത്യൻ 21-ാമത് യുവജന ക്യാമ്പ്

**മല്ലപ്പള്ളി:** റിവൈവൽ ക്രിസ്ത്യൻ പ്രയർ ഫെലോഷിപ്പ് സഭയുടെ 21-ാമത് യുവജന ക്യാമ്പ് മെറ്റാമോർഫോ എന്ന പേരിൽ വാഴൂർ സെന്റ് ജോർജ് യൂ.പി സ്കൂളിൽ ഏപ്രിൽ 15-17 വരെ നടക്കും. സഭാ പ്രസിഡന്റ് പാസ്റ്റർ കുരുവിള ചാക്കോ ഉദ്ഘാടനം ചെയ്യുന്ന ക്യാമ്പിൽ പാസ്റ്റർ ഐ.സി മാത്യു ക്യാമ്പ് തീം അവതരിപ്പിക്കുന്നു. സമാപന സമ്മേളനത്തിൽ പാസ്റ്റർ സജി ഫിലിപ്പ് തിരുവഞ്ചൂർ മുഖ്യ സന്ദേശം നൽകുന്നു. യൂത്ത് സെക്രട്ടറി ഇവാ.ജെയിംസ് ശാമുവേൽ നേതൃത്വം നൽകുന്നു.

## വി.ബി.എസ്

**ചങ്ങനാശ്ശേരി:** വൈ.പി.എ യും, എക്സൽ ക്ലബ്ബും സംയുക്തമായി ഏപ്രിൽ 8-12 വരെ പെരുന്നാ ന്യൂ ഇന്ത്യാ ടൗൺ ചർച്ച് ഓഫ് ഗോഡിൽ വി.ബി.എസ് നടത്തി. പാസ്റ്റർ ലിജോ ജോസഫ് നേതൃത്വം നൽകി.

## കൺവൻഷൻ

**യു.പി.:** ഗരിമാ ഗാർഡൻ ഹെബ്രോൻ ഐപിസിയുടെ ആഭിമുഖ്യത്തിൽ ഏപ്രിൽ 4-6 വരെ രാജേന്ദ്ര നഗറിലുള്ള പി.റ്റി.എൽ സെന്ററിൽ കൺവൻഷൻ നടന്നു. പാസ്റ്റർമാരായ കെ.ജോയി, പരേൽ സിങ് തുടങ്ങിയവർ പ്രസംഗിച്ചു. പാസ്റ്റർ എം.കെ.റെജി നേതൃത്വം നൽകി.


ഉപരിപഠനം ഇന്ത്യയിലെ മികച്ച സ്ഥാപനങ്ങളിൽ ... വളരെ മിതമായ ഫീസിൽ....

| | | | | |
|---|---|---|---|---|
| MBBS LEAST PACKAGE* | AERONAUTICAL Rs. 85,000 Per Year | MBA Rs. 80,000 Per Year | B.Sc. (N) Rs. 2.7 Lks. Total Package | POLY TECH. Rs.15,000 Per Sem. |
| BDS 2.5 Lks. x 4 Yrs. | MARINE Rs. 2.6 Lks Per Year | BHM Rs. 20,000 Per Sem. | B. PHARM. Rs. 50,000 Per Year | BA JOURNALISM Rs. 25,000 Per Sem. |
| BAMS 7 Lks. PACKAGE | B.Sc. NAUTICAL Sc. 2.6 Lks Per Year | BBM \| BBA Rs.12,500 Per Sem. | SPEECH & HEARING (BASLP)Rs.60,000 Per Year | FASHION DESIGNING Rs. 15,000 Per Sem. |
| PHARM D. Rs.90,000 / Year | AME AIR CRAFT MAINTENANCE ENGG. Rs.90,000 Per Year | MSW Rs.20,000 Per Sem. | BPT Rs.25,000 Per Year | B.Sc. RADIOLOGY Rs.40,000 Per Year |
| BHMS Rs.95,000 Per Year | MECH/CIVIL/EEE/ECE Rs.55,000 Per Year | MFA \| MIB Rs.50,000 Per Sem | B.Sc. OPTOMETRY Rs.55,000 Per Year | B.Sc. MLT Rs. 35,000 Per Year |
| BNYS LEAST PACKAGE* | B.ARCH Rs.80,000 Per Year | BBM + LLB LEAST PACKAGE | B.Sc.PERFUSION TECH. Rs.57,000 Per Year | MTA Rs.25,000 Per Year |

കോളജുകളിലെ സീറ്റുകളുടെ ലഭ്യത അനുസരിച്ച് ഫീസുകളിൽ മാറ്റം ഉണ്ടാകാൻ സാദ്ധ്യത



● ഇന്ത്യയിലെ പ്രമുഖ കോളേജുകളിൽ ഉന്നത വിദ്യാഭ്യാസത്തിന് മിതമായ ഫീസിൽ അഡ്മിഷൻ. ● അഡ്മിഷൻ എടുക്കുന്ന കുട്ടികളുടെ പഠനകാലയളവിൽ വിശ്വസ്തമായ പിന്തുണ. ● തിരഞ്ഞെടുക്കപ്പെടുന്ന അർഹരായ കുട്ടികൾക്ക് സ്കോളർഷിപ്പ് ● അഡ്മിഷനുമുമ്പായി കോളജുകൾ നേരിട്ട് കാണാനും കോളജുകളിൽ നേരിട്ട് അഡ്മിഷൻ എടുക്കുന്നതിനുമുള്ള സൗകര്യം. ● സാമ്പത്തിക ബുദ്ധിമുട്ടുള്ളവർക്ക് ഫീസ്സുകൾ തവണകളായി അടയ്ക്കുന്നതിനും ബാങ്ക് ലോൺ സൗകര്യങ്ങളും ക്രമീകരിക്കുന്നു. ● പെന്തെക്കോസ്ത് വിശ്വാസികളാൽ നടത്തപ്പെടുന്ന സ്ഥാപനം ● കരിയർ കൗൺസിലേഴ്സിന്റെയും സൈക്കോളജിസ്റ്റിന്റേയും മേൽനോട്ടത്തിൽ നടത്തപ്പെടുന്ന സൗജന്യ കരിയർ കൗൺസിലിംഗ്.

Call @ 9947963438
9847170530

CAREER EDUCATION
WHERE EDUCATION HAS A NEW DIMENSION

1st Floor, Amprayil Bldgs, YMCA Jn. THIRUVALLA
Ph: 0469-2620999, 2606002

Br. Ground Floor, Dist. Co. Operative Bank Bldg., Kuttikanam Ph: 0486-9232322, 9526248472

# ഇത് ശുദ്ധീകരണത്തിന്റെ പ്രാർത്ഥന



ജോൺ മാത്യു കൂടാരത്തിൽ, കെ.എസ്.എ

> ഒരു രാജാവ് രാജ്യഭരണം ഏറ്റെടുക്കുമ്പോൾ എന്തെല്ലാം കാര്യങ്ങളാണ് തനിക്ക് ചെയ്യാനുള്ളത്. മന്ത്രിസഭാ രൂപീകരണം, സെക്രട്ടറിമാരെ നിയമിക്കുക എന്നു വേണ്ട, എല്ലാ വിധത്തിലും ചില മാസങ്ങളോളം തിരക്കിലാവും. ഇവിടെ യെഹസ്കിയാവ് അത്തരം പല കാര്യങ്ങളും മാറ്റി വെച്ചിട്ട് ആദ്യം ചെയ്തത് അടഞ്ഞു കിടന്ന യഹോവയുടെ ആലയത്തിന്റെ വാതിൽ തുറന്നു അറ്റകുറ്റം തീർക്കുകയായിരുന്നു.

"കുമ്പനാട്ട് 40 ദിവസ ഉപവാസ പ്രാർത്ഥന" എന്ന തലക്കെട്ടിൽ 'ഹാലേലൂയ്യാ' യിൽ വന്ന ലേഖനമാണ് ഇത് എഴുതുവാൻ എനിക്ക് ആത്മനിയോഗം നൽകിയത്. അപ്പോൾ ഓർമ്മയിൽ വന്ന വേദഭാഗം 2 ദിന 29:3 "അവൻ (യെഹിസ്കിയാവ്) തന്റെ വാഴ്ചയുടെ ഒന്നാം ആണ്ടിൽ ഒന്നാം മാസത്തിൽ യഹോവയുടെ ആലയത്തിന്റെ വാതിലുകൾ തുറന്നു അറ്റകുറ്റം തീർത്തു (29:1-10). അടഞ്ഞു കിടന്ന ആലയത്തിന്റെ വാതിൽ തുറന്നു അറ്റകുറ്റം തീർത്തു".

ഒരു രാജാവ് രാജ്യഭരണം ഏറ്റെടുക്കുമ്പോൾ എന്തെല്ലാം കാര്യങ്ങളാണ് തനിക്ക് ചെയ്യാനുള്ളത്. നമ്മുടെ രാജ്യത്തെ തന്നെ ഉദാഹരണമായി നോക്കാം. തിരഞ്ഞെടുപ്പ് കഴിഞ്ഞ് പ്രധാനമന്ത്രി തിരഞ്ഞെടുക്കപ്പെട്ടാൽ ഉടനെ തന്നെ മന്ത്രിസഭാ രൂപീകരണം, സെക്രട്ടറിമാരെ നിയമിക്കുക എന്നു വേണ്ട, എല്ലാ വിധത്തിലും ചില മാസങ്ങളോളം തിരക്കിലാവും. ഇവിടെ യെഹസ്കിയാവ് അത്തരം പല കാര്യങ്ങളും മാറ്റിവെച്ചിട്ട് ആദ്യം ചെയ്തത് "അടഞ്ഞു കിടന്ന യഹോവയുടെ ആലയത്തിന്റെ വാതിൽ തുറന്നു അറ്റകുറ്റം തീർത്തു - അതിൽ നിന്നും മനസ്സിലാക്കാവുന്നത് അതുവരെ വാതിൽ അടഞ്ഞു കിടക്കുകയായിരുന്നു".

2. ഏഴാം വാക്യം:- അവർ മണ്ഡപത്തിന്റെ വാതിലുകൾ അടച്ചു, വിളക്കു കെടുത്തി, വിശുദ്ധ മന്ദിരത്തിൽ യിസ്രയേലിന്റെ ദൈവത്തിന് ധൂപം കാണിക്കാതെയും, ഹോമയാഗം കഴിക്കാതെയും ഇരുന്നു.

അഞ്ചാം വാക്യം: ലേവ്യരെ എന്റെ വാക്കു കേൾപ്പീൻ; ഇപ്പോൾ നിങ്ങൾ നിങ്ങളെ തന്നെ ശുദ്ധീകരിച്ച് വിശുദ്ധ മന്ദിരത്തിൽ നിന്ന് മലിനത നീക്കികളവിൻ.

നാലാം വാക്യം: അവൻ പരോഹിതന്മാരെയും ലേവ്യരെയും വരുത്തി കിഴക്കെ വിശാല സ്ഥലത്ത് ഒന്നിച്ചു കൂട്ടി. അവരോട് പറഞ്ഞതെന്തന്നാൽ; ലേവ്യരെ എന്റെ വാക്കു കേൾപ്പീൻ; ഇപ്പോൾ നിങ്ങളെ തന്നെ ശുദ്ധീകരിച്ച് നിങ്ങളുടെ പിതാക്കന്മാരുടെ ദൈവമായ യഹോവയുടെ ആലയത്തെയും ശുദ്ധീകരിച്ച് വിശുദ്ധ മന്ദിരത്തിൽ നിന്ന് മലിനത നീക്കിക്കളവീൻ. ഒരു ശുദ്ധീകരണം ആവശ്യമാണ്.

1 രാജാ 18:30 ഏലിയാവ് ഇടിഞ്ഞു കിടന്ന യാഗപീഠം പുതുക്കി പണിതു. "തീ ഇറങ്ങണമോ യാഗപീഠം ശരിയാക്കണം". ഇന്ന് പലരും തീ ഇറക്കാൻ ശ്രമിക്കുന്നുണ്ട്. ഏലിയാവ് - പിതാക്കന്മാരുടെ ഗോത്രസംഖ്യക്ക് ഒത്തവണ്ണം 12 കല്ലെടുത്ത് വ്യവസ്ഥ പ്രകാരം യാഗപീഠം പുതുക്കി പണിതു. അത് ഐക്യതയെ കാണിക്കുന്നു. (ഐക്യതയിലേക്ക് മടങ്ങിവരട്ടെ). വാക്യം 8. അതുകൊണ്ട് യഹോവയുടെ കോപം യഹൂദയുടെയും യെരുശലേമിന്റേയും മേൽ വന്നു. യെഹസ്കിയാവ് പുറകോട്ട് തിരിഞ്ഞ് അന്വേഷണം നടത്താൻ തീരുമാനിച്ചു. എങ്ങനെ ഇതു സംഭവിച്ചു 2 ദിന 28:24 "ആഹാസ് ദേവാലയത്തിലെ ഉപകരണങ്ങളെ എടുത്ത്, ദേവാലയത്തിലെ ഉപകരണങ്ങളെ ഉടച്ചു, യഹോവയുടെ ആലയത്തിന്റെ വാതിലുകൾ അടച്ചുകളഞ്ഞു".

വാതിലുകൾ അടക്കുന്ന തല്ലിപ്പൊളികൾ അന്നും ഉണ്ടായിരുന്നു; ഇന്നും ഉണ്ട്. 2 ദിന 27:2 അവൻ തന്റെ അപ്പനായ ഉസ്സിയാവ് ചെയ്തത് പോലെ ഒക്കെയും യഹോവയ്ക്ക് പ്രസാദമായുള്ളത് ചെയ്തു എങ്കിലും യഹോവയുടെ ആലയത്തിലേക്ക് അവൻ കടന്നില്ല - വേറൊരു അർത്ഥത്തിൽ പറഞ്ഞാൽ "ഒറ്റ സഭായോഗത്തിന് പോലും യോഗ്ഗാം പോയില്ല" 2 ദിന 26:16 "എന്നാൽ (ഉസ്സിയാവ്) അവൻ ബലവാനായപ്പോൾ അവന്റെ ഹൃദയം അവന്റെ നാശത്തിനായിട്ട് നിഗളിച്ചു. ആ വാക്യത്തിൽ തന്നെ നമുക്ക് കാണാം- അവൻ ബലവാനല്ലായിരുന്നു. വാക്യം 26:5 ദൈവഭയത്തിൽ അവനെ ഉപദേശിച്ചു വന്ന സെഖര്യാവിന്റെ ആയുഷ്ക്കാലത്ത് അവൻ ദൈവത്തെ അന്വേഷിച്ചു. അവൻ യഹോവയെ അന്വേഷിച്ച കാലത്തോളം ദൈവം അവനു അഭിവൃദ്ധി നൽകി. വാക്യം 15: അവൻ പ്രബലനായി തീരുവാൻ തക്കവണ്ണം അതിശയമായി അവന് സഹായം ലഭിച്ചതുകൊണ്ട് അവന്റെ ശ്രുതി ബഹുദൂരം പരന്നു. കുഞ്ഞേ നീ ബലവാനല്ലായിരുന്നു - ദൈവം നിന്നെ ബലവാനാക്കിയതാണ്.

ഈ കാര്യങ്ങളൊക്ക മനസ്സിലാക്കിയ യെഹസ്ക്കിയാവ് "തന്റെ വാഴ്ചയുടെ ഒന്നാം ആണ്ടിൽ ഒന്നാം മാസത്തിൽ യഹോവയുടെ ആലയത്തിന്റെ വാതിലുകൾ തുറന്ന് അറ്റകുറ്റം തീർത്തു.

വാക്യം: 2 ദിന 29:10 "ഇപ്പോൾ യിസ്രയേലിന്റെ ദൈവമായ യഹോവയുടെ ഉഗ്രകോപം നമ്മെ വിട്ടുമാറേണ്ടതിനു അവനോടു ഒരു നിയമം ചെയ്വാൻ എനിക്ക് താല്പര്യം ഉണ്ട്.

നല്ല താല്പര്യം (എസ്രാ 10:3) നമ്മുടെ ദൈവത്തോട് ഒരു നിയമം ചെയ്യുക; അതു ന്യായപ്രമാണത്തിന് ഒത്തതുപോലെ (നമ്മുടെ ഇഷ്ടത്തിന് ആകരുത്). നമ്മുടെ ബഹുമാനപ്പെട്ട പ്രസിഡന്റ് പാസ്റ്റർ ജേക്കബ് ജോണിന് ദൈവം കൊടുത്ത ആത്മീയ ദർശനത്തെ ഓർത്ത് ദൈവത്തെ സ്തുതിക്കുന്നു. "പ്രാർത്ഥനയാലും ഉപവാസത്താലും" അല്ലാതെ ഇപ്പോഴുള്ള ആത്മീയ വിടവ് നികത്താനാവില്ല. "സഭയുടെ ശുഷ്കിച്ച ആത്മീയ നിലവാരം മാറ്റി സഭയെ ആത്മീയമായി ഊർജ്ജമാക്കുക എന്നതാണ് തന്റെ ദൗത്യം" എന്ന് താൻ ഹാലേലൂയ്യാക്ക് നൽകിയ അഭിമുഖത്തിൽ പറഞ്ഞിരിക്കുന്നു. അതിന് സ്വന്ത കഴിവോ മിടുക്കോ പണമോ അല്ല ഉപവാസത്തിലും പ്രാർത്ഥനയിലൂടെയും മുന്നേറുകയാണ് വേണ്ടതെന്ന് അദ്ദേഹത്തിന്റെ അനുഭവം തെളിയിക്കുന്നല്ലോ. നിശ്ചയമായും ദൈവം തന്റെ ദൗത്യത്തെ മാനിക്കും. എന്റെ അറിവിൽ ഇതു പോലെ ഒരു സ്റ്റെപ്പെടുത്ത് സഭയെ വളർത്താൻ ശ്രമിച്ച അദ്ധ്യക്ഷന്മാർ ഐ.പി.സിയിൽ ഉണ്ടായിട്ടുണ്ടോ എന്ന് സംശയിക്കുന്നു. (പെന്തെക്കോസ്തിന്റെ മൂന്നാം തലമുറക്കാരനായ ഞാൻ ഈ ദൗത്യത്തെ അതിന്റെ ആത്മീയ അർത്ഥത്തിൽ തന്നെ ഏറ്റെടുക്കുന്നു).

കർതൃദാസൻ ജേക്കബ് ജോണിന് എല്ലാ വിധ ആത്മീക കൈത്താങ്ങലും, ഏപ്രിൽ 16 മുതൽ നടക്കുന്ന ഉപവാസ പ്രാർത്ഥനയിൽ ചില ദിവസങ്ങൾ ഉപവസിച്ച് പ്രാർത്ഥിക്കുവാൻ ഞാനും ആഗ്രഹിക്കുന്നു.



ദൈവത്തെ ആത്മാവിലും സത്യത്തിലും ആരാധിക്കുവാൻ
മധ്യതിരുവിതാംകൂറിന്റെ ഹൃദയഭാഗമായ തിരുവല്ലായിൽ ഒരു പ്രാർത്ഥനാലയം
IPC പ്രെയർ സെന്റർ ചർച്ച്
ജോസീസ് ജംഗ്ഷൻ, പുഷ്പഗിരി റോഡ്, മഞ്ഞാടി, തിരുവല്ല
ആരാധന
എല്ലാ ഞായറാഴ്ചയും രാവിലെ 8 മുതൽ 11.30 വരെ
പ്രാർത്ഥന
എല്ലാ വെള്ളിയാഴ്ചയും 10.30 മുതൽ 1 മണിവരെ
പാസ്റ്റർ രാജു പുവക്കാല
IPC പ്രെയർ സെന്റർ
ഫോൺ: 9847032151, 0469-2693249, 9744343051
E-mail: prayercentretvla@gmail.com
rajupoovakala@gmail.com

www.facebook.com/groups/prayercentrethiruvalla

CANADAയിൽ എണ്ണ ഖനന പ്രവശ്യയാകുന്ന Alberta Provinceലെ Edmonton പ്രദേശത്തേക്ക് പുതുതായി കുടിയേറുന്നവർക്ക് ആത്മാവിലും സത്യത്തിലും ആരാധിക്കുവാൻ ഒരു ആരാധനാലയം
മാറാനാഥാ ഗോസ്പൽ ഫെലോഷിപ്പ്
Alberta, Edmonton, Canada.
• മലയാളത്തിൽ ആത്മനിറവിലുള്ള ആരാധന. • അടിസ്ഥാന പ്രമാണങ്ങൾക്ക് ശക്തമായ ഊന്നൽ നൽകുന്ന വചനശുശ്രൂഷ. • സ്വന്തമായ ആരാധനാലയം. • വിശ്വാസത്തിനും കുടുംബ ജീവിതത്തിനും ആത്മീകസൗഹൃദത്തിനും പ്രാധാന്യത നൽകുന്നു. • സ്വതന്ത്രമായ ആരാധനാലയം • തമിഴ്, തെലുങ്ക്, ഹിന്ദി ഭാഷകളിൽ ആരാധന • ചിൽഡ്രൻസ് മിനിസ്ട്രി • ശക്തമായ യുവജന പ്രവർത്തനം • അനുഗ്രഹിക്കപ്പെട്ട സണ്ടേസ്ക്കൂൾ സിലബസ് • ഇടദിവസ കൂട്ടായ്മകൾ • ശനിയാഴ്ച കൂട്ടായ്മകൾ • സഹോദരിമാർക്കുള്ള പ്രാർത്ഥന കൂട്ടായ്മകൾ • കൃപാവര ശുശ്രൂഷകളാൽ പരിപോഷിപ്പിക്കപ്പെപ്പെടുന്ന ഉപവാസ കൂട്ടങ്ങൾ • പരസ്യ പ്രവർത്തനങ്ങൾ • വെക്കേഷൻ ബൈബിൾ സ്കൂൾ • ഭാഷാ ദേശ വ്യത്യാസമില്ലാതെ കൂട്ടായ്മയുടെ കരങ്ങൾ. • വിടുതലിനും ആത്മാവിനുമുള്ള ആരാധനയ്ക്കുമായി കഴിഞ്ഞ 30 വർഷമായി ഈ ദേശത്ത് പ്രവർത്തിക്കുന്ന കാനഡയുടെ ലൈസൻസുള്ള ശുശ്രൂഷകൻ പുതുതായി കുടിയേറുന്നവർക്ക് ആവശ്യമായ സഹായങ്ങൾ
വരിക അനുഗ്രഹം പ്രാപിക്കുക, ആത്മാവിൽ സ്വാതന്ത്യത്തോടെ ആരാധിച്ചു ശക്തരായി നമ്മുടെ ദൈവത്തെഎതിരേൽക്കാനൊരുങ്ങാം

Senior Pastor
Pr.Wilson Kadvil Bsc, BA (Bibilical Study)
+1 780 616 40 27
email: maranathapastor@yahoo.ca
WWW.maranathagospelfellowship.com
Pastor Biju George
+1 780 394 5097
+1 780 395 11 24
e-mail: prbijiugeorgemgf@gmail.com
00919447595358 (India)


IN CALGARY
Pastor Sony Mammen +1 403 663 91 25

SOUL WINNERS INDIA
Bethel Bible College
[Affiliated to IATA & Called To All Nations Ministries (USA) ]
GREAT OPPORTUNITY FOR NORTH INDIAN MINISTRY !

Rev. K.G Easo
Founder and Director

| Course Offered | Duration | Qualification |
|---|---|---|
| 1. Certificate in Theology (C.th) | 1 year | 10th class |
| 2. Diploma in Theology (Dip.Th) | 2 Year | 10th class |
| 3. Bachelor of Theology (B.Th) | 3 year | Plus Two Pass |

Medium instruction Local Language + English
OUR FEATURES • High qualified, experienced and committed faculty • Growing library • Spacious and neat dormitory • Calm and quit campus with spiritual atmosphere • Daily spiritual activities • Free accommodation, Food and study materials • Weekend outreach ministries to the nearby cities.


For more information and application write to:
The Registrar, SWI Bethel Bible College, Surana Nagar, Barwaha, MP, Pin: 451115, Phone: 07280-222592, 09981571723, 09926702063.
The registrar SWI Bethel bible college, Arannottimangalam P.O, Mavelikara, Alappuzha Dist, Kerala Pin: 690110, Phone : 0479-2356706, 2357050, 09495439140, 09847546700, 09497010138


റവ: കെ. ജി ഈശോയുടെ ആത്മകഥ
സോൾ വിന്നേഴ്സ് ഇൻഡ്യാ സ്ഥാപകനും ഡയറക്ടറുമായ റവ: കെ.ജി ഈശോയുടെ സംഭവബഹുലവും 47 വർഷത്തെ വടക്കേ ഇൻഡ്യൻ സുവിശേഷികരണ അനുഭവങ്ങളും അടങ്ങിയ 'എന്റെ ജീവിതയാത്ര' എന്ന ഗ്രന്ഥം പ്രസിദ്ധീകരിച്ചു. കേവലം ആത്മകഥ എന്നതിലുപരി സോൾ വിന്നേഴ്സ് ഇൻഡ്യയുടെ ഒരു ചരിത്രഗ്രന്ഥം കൂടിയാണ്.
കോപ്പികൾ ആവശ്യമുള്ളവർ ബന്ധപ്പെടുക.
Ph: 07280222592, 09981571723, 09497010138. e- mail ID : kg.easo@gmail.com

▸ *അനുസ്മരണം*





*വാഹനാപകടത്തിൽ ഏകസഹോദരിയും കുടുംബവും ഒന്നിച്ച് നഷ്ടപ്പെട്ട ഹാലേലൂയ്യ എഡിറ്റോറിയൽ ബോർഡ് അംഗം പാസ്റ്റർ തോമസ് മുല്ലയ്ക്കലിന്റെ ഓർമ്മക്കുറിപ്പ്*

# വേണ്ട ദുഃഖം തെല്ലുമേ ഉണ്ട് പ്രത്യാശയിൻ ദിനം....

**2011** ഒക്ടോബർ മാസം മുതൽ ഞങ്ങൾ കുടുംബമായി സുവിശേഷ വേലയോടുള്ള ബന്ധത്തിൽ ഇന്ത്യയിലായിരുന്നു. ഏപ്രിൽ- മെയ് മാസങ്ങളിൽ അമേരിക്കയിൽ കുടുംബമായി സന്ദർശിക്കുന്ന കാര്യം, ഞാൻ ഇപ്പോൾ പ്രവർത്തിക്കുന്ന ഫെലോഷിപ്പ് ആശ്രം ചർച്ച് ഓഫ് ഇന്ത്യ പ്രസിഡന്റ് പാസ്റ്റർ സജി മാത്യുവിനോട് ചില മാസങ്ങൾക്ക് മുൻപ് ചർച്ച ചെയ്തിരുന്നു. സഭയുടെ ചില അഭ്യുദയകാംക്ഷികളെ നേരിട്ട് കാണാനായി ബ്രിട്ടണിലും അമേരിക്കയിലെ ചില സംസ്ഥാനങ്ങളിലും കൂടി പോകുന്നത് നല്ലതായിരിക്കുമെന്ന് അഭിപ്രായപ്പെട്ടതു കൊണ്ട് എന്റെ അമേരിക്കൻ യാത്ര ഒന്നരമാസം നേരത്തേയാക്കി. മക്കളുടെ പരീക്ഷ കഴിഞ്ഞനന്തരം ഏപ്രിൽ 9 ന് ബ്ലസ്സിയും കുഞ്ഞുങ്ങളും ഡാളസിലെത്താമെന്നായിരുന്നു ഞങ്ങളുടെ ധാരണ.

മുൻകൂട്ടി നിശ്ചയിച്ചതനുസരിച്ച് ഒരു മാസത്തെ ഇംഗ്ലണ്ട് പര്യടനം കഴിഞ്ഞ് മാർച്ച് 14ന് അരിസോണയിൽ പാസ്റ്റർ റോയി ചെറിയാന്റെ അടുക്കൽ എത്തി. അവിടുത്തെ അനുഗൃഹീത ശുശ്രൂഷയ്ക്ക് ശേഷം കാലിഫോർണിയയിലുള്ള സ്നേഹിതന്മാരായ പാസ്റ്റർ സജി മണിയാറിന്റെയും, പാസ്റ്റർ മാത്യു വർഗ്ഗീസിന്റെയും ആഥിത്യം സ്വീകരിച്ച് അവിടെ ശുശ്രൂഷ നിർവ്വഹിച്ചു. തുടർന്ന് ചിക്കാഗോയിൽ ബ്ലസ്സിയുടെ മാതൃ സഹോദരി ഏലിയാമ്മ ജോസഫിന്റെ കുടുംബത്തിൽ താമസിച്ചു കൊണ്ട് അവിടെ ചില സഭകളിൽ പോകാൻ താൽപര്യപ്പെട്ടു. ചിക്കാഗോയിൽ വന്ന ദിവസം തന്നെ ഉപവസിച്ചു പ്രാർത്ഥിക്കാൻ ദൈവാത്മാവ് ശക്തമായ പ്രേരണ നൽകി. അങ്ങനെ മൂന്ന് ദിവസം വേർതിരിച്ച് പ്രാർത്ഥനയിൽ ചിലവഴിച്ചു. വെള്ളിയാഴ്ച ഉച്ചയ്ക്ക് പാസ്റ്റർ ജോസഫ് കെ. ജോസഫിന്റെ സഭയിലെ ഒരു ഭവനത്തിൽ നടന്ന സോദരിമാരുടെ ഉപവാസപ്രാർത്ഥനയിൽ പാസ്റ്റർ വൈ. ജോസഫുമായി പങ്കെടുത്തത്



*പാസ്റ്റർ തോമസ് മുല്ലയ്ക്കൽ*

ആത്മാവിൽ ബലപ്പെടുവാൻ ഇടയാക്കി.

വൈകുന്നേരം നടന്ന മീറ്റിംഗിലും പങ്കുകൊണ്ട് വീട്ടിൽ മടങ്ങിയെത്തുമ്പോൾ എന്നെ കാത്തിരിക്കുന്ന ദുരന്ത വാർത്തയറിയാതെ ഇന്റർനെറ്റിൽ നാട്ടിലുള്ള ടെലിവിഷൻ വാർത്ത അൽപ്പസമയം ശ്രദ്ധിച്ചു. ആലപ്പുഴയിൽ നടന്ന വാഹനാപകടത്തെപ്പറ്റിയുള്ള ഫ്ളാഷ് ന്യൂസ് കൂടെകൂടെ കാണിക്കുന്നുണ്ടായിരുന്നു. ഒരു കുടുംബത്തിലെ നാല് പേർ കൊല്ലപ്പെട്ടതായും പറയുന്നുണ്ട്. എത്രയോ അപകടങ്ങൾ ഓരോ ദിവസവും നടക്കുന്നു, എന്ന നിസംഗതയോടെ കമ്പ്യൂട്ടർ ഓഫാക്കി കിടക്കാൻ തുടങ്ങുമ്പോഴാണ് ബ്ലസ്സി നാട്ടിൽ നിന്നും എന്നെ വിളിക്കുന്നത്. ആലപ്പുഴയിൽ നടന്ന അപകടം തട്ടിയെടുത്തത് എന്റെ ഏക സഹോദരിയെയും കുടുംബത്തെയുമാണെന്ന് അപ്പോൾ മാത്രമാണറിയുന്നത്.

ഒരു സഹോദരനും ഒരിക്കലും കേൾക്കാൻ ആഗ്രഹിക്കാത്ത വാർത്തയായിരുന്നു അതെങ്കിലും ദുഃഖത്തിന്റെ തിരമാലയിൽ മുങ്ങിപ്പോകാതെ ദൈവം എന്നെ താങ്ങി. സകലബുദ്ധിയെയും കവിയുന്ന ദിവ്യ സമാധാനം കർത്താവ് ഹൃദയത്തിലേക്ക് പകരുന്നത് ഞാനനുഭവിച്ചു. ഒരാഴ്ചയ്ക്ക് മുമ്പ് പാസ്റ്റർ റോയി ചെറിയാന്റെ ഭവനത്തിൽ വച്ച് ദൈവം സംസാരിച്ച ഒരു വചനം എന്റെ ഹൃദയത്തിൽ പൊന്തിവന്നു. "വെള്ളം സമുദ്രത്തിൽ നിറഞ്ഞിരിക്കുന്നതുപോലെ ഭൂമി യഹോവയുടെ മഹത്വത്തിന്റെ പരിജ്ഞാനത്താൽ പൂർണ്ണമാകും." (ഹബക്കൂക്ക് 2:14). യഹോവയുടെ മഹത്വത്തിന്റെ പരിജ്ഞാനത്താൽ ഞാൻ നിറയപ്പെടാൻ തുടങ്ങി.

ഇതിന് കൃത്യം ഒരു മാസം മുമ്പ് ഇംഗ്ലണ്ടിലെ ബാൺസ്റ്റേപ്പിളിലെ ബേബിച്ചായന്റെ ഭവനത്തിൽ വച്ച് അതിശക്തിയേറിയ പരിശുദ്ധാത്മ സാന്നിദ്ധ്യത്താൽ ഞാൻ നിറയപ്പെട്ടപ്പോൾ അലറി കരഞ്ഞുകൊണ്ട് ദൈവത്തോട് ചോദിച്ചത് 'ദൈവമേ, എന്തിനാണ് എന്നെ ഇങ്ങനെ നിറയ്ക്കുന്നത്' എന്താണ്! ഇത്തരമൊരു സംഭവത്തിനു വേണ്ടിയാണെന്ന് പരിശുദ്ധാത്മാവ് ഓർമ്മപ്പെടുത്തി.

യഹോവയുടെ പരിജ്ഞാനത്തിന്റെ ഒരംശം ഹൃദയത്തിലേക്ക് പകർന്നപ്പോൾ തന്നെ നിത്യതയുടെ വെളിച്ചത്തിൽ ദൈവീക പദ്ധതിയെപ്പറ്റി പരിശുദ്ധാത്മാവ് ഓർമ്മിപ്പിച്ചു. നിത്യതയുടെ കാഴ്ചപ്പാടിൽ നോക്കിയാൽ ഈ ലോകത്തിലെ സകല കഷ്ടങ്ങളും നൊടിനേരത്തേയ്ക്കു മാത്രമാണുള്ളത് എന്ന് പൗലോസ് എഴുതിയിട്ടുണ്ട്.

അടുത്ത ദിവസം പുലരുമ്പോഴേക്കും അമേരിക്കയിൽ എല്ലായിടത്തും വാർത്ത പരന്നിരുന്നു. ആശ്വാസവാക്കുകളുമായി ഇടമുറിയാതെ ഫോൺവിളികൾ വന്നുകൊണ്ടിരുന്നു. ഞാൻ താമസിക്കുന്ന പാസ്റ്റർ വൈ. ജോസഫിന്റെ ഭവനത്തിലെത്തി പാസ്റ്റർ. ജോസഫ് കെ. ജോസഫും പാസ്റ്റർ ബി.ഐ.ശമുവലും പ്രാർത്ഥനയിൽ ബലപ്പെടുത്തി യാത്ര അയച്ചു. കേരളത്തിലേക്ക് ഒറ്റയ്ക്കുള്ള യാത്ര എന്നിൽ എറെ ആശങ്കയുളവാക്കി. മനസ്സിൽ ഓർമ്മകളുടെ കടലിരമ്പുമ്പോൾ പുറത്തേക്ക് ഒഴുകിയെത്തുന്ന കണ്ണീർച്ചാലുകൾ ആരും കാണാതിരിക്കാൻ ആവോളം പണിപ്പെട്ടു. ഏക മകളുടെ വേർപാടിൽ മനം തകർന്നിരിക്കുന്ന പിതാവിനെയും മാതാവിനെയും നൊമ്പരത്തോടെ ഓർത്തു. വേദനയിൽ പിടയുന്ന എന്റെ സഹോദരനെയും ബിജുവിന്റെ സഹോദരങ്ങളെയും മറ്റ് ഉറ്റവരെയും ഉടയവരെയും മനസ്സിൽ കണ്ടു. അങ്ങനെ ഹൃദയത്തിന് ഭാരം കൂടുമ്പോൾ പരിശുദ്ധാത്മാവ് സ്വർഗ്ഗീയ ദർശനത്താൽ ശക്തീകരിച്ചു.

യാത്രയിലുടനീളം അനുഭവിച്ച ദൈവീക നദിയുടെ ഒഴുക്ക്, ഒന്നിനു പിറകേ ഒന്നായി ആംബുലൻസിലേക്ക് കയറ്റുന്ന ചേതനയറ്റ പ്രിയപ്പെട്ടവരുടെ ശരീരങ്ങൾ കാണുമ്പോഴും നിലച്ചിരുന്നില്ല. അതേ ധൈര്യം പ്രിൻസിയുടെയും ബിജുവിന്റെയും ഉറ്റവരിലും ഉടയവരിലും ദൈവം പകരുന്നതു കണ്ട് കർത്താവിനെ അതിയായി സ്തുതിച്ചു. ഒരു മരണവീടിന്റെ മൂകതയല്ല ഞാനവിടെ കണ്ടത്, പ്രത്യുത ഒരു യാത്രയയപ്പ് നടക്കുന്ന സ്ഥലത്തെ പ്രതീതിയാണ് അന്തിമ ശുശ്രൂഷകളിൽ അനുഭവിച്ചത്. സഭാ ശുശ്രൂഷകൻ പാസ്റ്റർ ബിജു പനംതോപ്പിന്റെ നേതൃത്വം പരിശുദ്ധാത്മ സാന്നിദ്ധ്യം ശുശ്രൂഷകളിൽ പ്രകടമാക്കി.

ഭൂമിയിലെ ചില്ലുകൊട്ടാരം പോലെയുള്ള സൗഭാഗ്യങ്ങൾക്കു പിറകെ പോയി ഒരിക്കലും നിലയ്ക്കാത്ത ഭൗതികാഗ്രഹങ്ങളുടെ പൊള്ളത്തരത്തിനായുള്ള അദ്ധ്വാനം മതിയാക്കി നിത്യതയിലേക്ക് അവർ പ്രവേശിപ്പിക്കുമ്പോൾ മനസ്സിനെ ധൈര്യപ്പെടുത്തിയ വരികളാണ് തലക്കെട്ടിൽ കൊടുത്തിരിക്കുന്നത്.

'വേണ്ട ദുഃഖം തെല്ലമേ ഉണ്ട് പ്രത്യാശയിൻ ദിനം
കർത്തൻ കാഹള നാദത്തിൽ ഒത്തുചേർന്നിടും നാമിനി"

അനേകം ദൈവദാസന്മാർക്കും ദൈവജനത്തിനും സഹായവും ആശ്വാസവുമായിരുന്നു എന്റെ സഹോദരിയുടെ കുടുംബം എന്ന് മനസ്സിലാക്കാൻ കഴിഞ്ഞിട്ടുണ്ട്. ഈ ലോകജീവിതത്തിലെ നേട്ടങ്ങളുടെ മൗഢ്യത എത്രയാണെന്ന് അവൾ ഇടയ്ക്കിടക്ക് പറയുമായിരുന്നു. ഇന്ത്യയിൽ സുവിശേഷവേലയ്ക്കായി അമേരിക്ക വിടുമ്പോൾ ഏറ്റവും ഞങ്ങളെ പിന്തുണച്ചത് അവളായിരുന്നു. കഴിഞ്ഞ ജനുവരിയിൽ ഒടുവിലായി കാണുമ്പോൾ അയ്യായിരം രൂപ കയ്യിൽ തന്നിട്ടു പറഞ്ഞത്, ഞാൻ തുടർച്ചയായി എല്ലാമാസവും സഹായിക്കാമെന്നാണ്. കൊങ്കൺ ഗ്രാമങ്ങളിൽ നടക്കുന്ന പ്രവർത്തനങ്ങൾ കാണാൻ അവൾ ജൂൺ മാസം ബോംബെ സന്ദർശിക്കാൻ താൽപര്യപ്പെട്ടിരിക്കുകയായിരുന്നു. കഴിഞ്ഞ 17 വർഷത്തെ പരിചയത്തിൽ എനിക്ക് ധൈര്യത്തോടെ പറയാൻ കഴിയും, ഞങ്ങളുടെ അളിയൻ ബിജു ഉത്തമനായ ഒരു ചെറുപ്പക്കാരനായിരുന്നു. മൊർദ്ദേഖായിയുടെ ഗുണങ്ങളുള്ള ചെറുപ്പക്കാരൻ.

കുടുംബമായി നല്ല സാക്ഷ്യം പ്രാപിച്ചിരുന്ന അവർ വീണ്ടും ജനനം പ്രാപിച്ച് കർത്താവിന്റെ കൽപ്പന പ്രകാരം ജീവിതം നയിച്ചവരായിരുന്നു എന്ന സന്തോഷം ഹൃദയത്തിലെ ദുഃഖത്തിന്റെ സകല കാർമേഘവും മായിച്ചു കളയുന്നതാണ്. അവർ ഒരുമിച്ചു ജീവിച്ചു ഒരുമിച്ചു കർത്തൃസന്നിധിയിൽ പ്രവേശിച്ചു. എന്നാൽ ദുഃഖവും കഷ്ടതയും നിറഞ്ഞ ലോകത്ത് കർത്താവിന്റെ വിളിയും പ്രതീക്ഷിച്ച്, അവൻ ഏൽപ്പിച്ച ദൗത്യവും നിർവ്വഹിച്ച് ഇനിയും നമുക്ക് കാത്തിരിക്കേണ്ടിയിരിക്കുന്നു. വിളി വരുന്നത് ഒറ്റയ്ക്കാകാം, ഒരുമിച്ചാകാം. അപകടമോ, രോഗമോ, അതുമല്ലെങ്കിൽ നാം അഭിലഷിക്കുന്നതുപോലെ വാർദ്ധക്യത്തിന്റെ പൂർണ്ണതയിലോ ആകാം. ഏതായാലും സാരമില്ല പ്രാണപ്രീയനായ ക്രിസ്തുവിന്റെ അടുക്കൽ എത്തിയാൽ മതി. അത് മാത്രമാണ് പ്രതീക്ഷയും പ്രത്യാശയും അടിയുറച്ച ധൈര്യവും ഞങ്ങൾ സഹോദരങ്ങൾ സാധാരണ കണ്ടു മുട്ടുമ്പോൾ ഒടുവിൽ പറയാറുള്ളതുപോലെ പറയട്ടെ! ബിജു വീണ്ടും കാണാം, പ്രിൻസിമോളെ വീണ്ടും കാണാം, ആരോൻ മോനെ വീണ്ടും കാണാം, ഷാരോൻ മോനെ വീണ്ടും കാണാം. കർത്തൻ കാഹളനാദത്തിൽ ഒത്തുചേരുന്നതു വരെ തൽക്കാലം വിട ചൊല്ലുന്നു! ഗുഡ് ബൈ!

## സഭയിൽ വിളിച്ചു ചൊല്ലാതെ വിവാഹം പാടില്ല

കുമ്പനാട്: വർദ്ധിച്ചുവരുന്ന കുടുംബത്തകർച്ചയും വിവാഹമോചനവും പരിഗണിച്ച് വിവാഹവും വിവാഹനിശ്ചയവും ഒരു ദിവസം തന്നെ നടത്താൻ പാടില്ല എന്ന് ഐ.പി.സി. സ്റ്റേറ്റ് കൗൺസിൽ തീരുമാനിച്ചു. കുടുംബങ്ങളും വധൂവരന്മാരും തമ്മിൽ പരസ്പരം മനസ്സിലാക്കലിനു പോലും സമയം ഇല്ലാതെ പോകുന്നതാണ് ഏറെ പ്രശ്നങ്ങൾക്ക് കാരണമെന്ന് കൗൺസിൽ വിലയിരുത്തി. ഏറ്റവും കുറഞ്ഞത് ഒരു ഞായറാഴ്ച എങ്കിലും സഭയിൽ വിളിച്ചു ചൊല്ലിന് സമയം ഉണ്ടായിരിക്കേണ്ടതാണ്. അല്ലാത്ത വിവാഹങ്ങൾ നടത്തിക്കൊടുക്കുന്നതിൽ നിന്നും ഐ.പി.സി.ശുശ്രൂഷകന്മാർ ഒഴിഞ്ഞിരിക്കും. വിവാഹനിശ്ചയം അത്യാവശ്യം കുടുംബങ്ങളേയും സഭാപ്രതിനിധികളേയും ഉൾപ്പെടുത്തി ലളിതമായി നടത്തേണ്ടതാണ്. വിവാഹത്തിൽ ആർഭാടവും ധൂർത്തും ഒഴിവാക്കേണ്ടതാണ്. ഇതു സംബന്ധിച്ചുള്ള സർക്കുലർ എല്ലാ സഭകളെയും അറിയിക്കുന്നതായിരിക്കുമെന്ന് സെക്രട്ടറി അറിയിച്ചു.

## രജിസ്ട്രേഷൻ

നിങ്ങളുടെ സഭ/ സ്ഥാപനം/ സംഘടന - ഗവൺമെന്റ് രജിസ്ട്രേഷൻ നടത്തുന്നതിന് പേപ്പർ വർക്കുകൾ ചെയ്തു മാർഗ്ഗനിർദ്ദേശങ്ങൾ നല്കുന്നു.

*ബന്ധപ്പെടുക*

Ph: 9847799762.
E-mail: dawnmavady@gmail.com

## ഡിവൈൻ പ്രെയർ മിനിസ്ട്രി അറിയിപ്പ്

മാവേലിക്കര: കഴിഞ്ഞ 12 വർഷമായി വിജയകരമായി ശുശ്രൂഷ നിർവ്വഹിക്കുവാൻ ഡി.പി.എം.ഇന്ത്യയെ ദൈവം സഹായിച്ചു. കഴിഞ്ഞ 10 വർഷമായി മാവേലിക്കരയിൽ പ്രവർത്തിച്ചു കൊണ്ടിരുന്ന ഡി.പി.എം.ഇന്ത്യയുടെ ഓഫീസും, എല്ലാ ചൊവ്വാഴ്ചയും രാവിലെ 10 മുതൽ നടത്തി വന്ന ഉപവാസ പ്രാർത്ഥനയും മാർച്ച് 12 മുതൽ കായംകുളം ഡിവൈൻ ഹൗസിലേക്ക് (പാസ്റ്റർ വർഗീസ് ബേബിയുടെ ഭവനം) മാറ്റിയിരിക്കുന്ന വിവരം ഏവരേയും അറിയിച്ചുകൊള്ളുന്നു.

Good Looks
HERBAL BEAUTY SALOON & DRESS DESIGNERS
Sankaramangalam Bldg, Op: BSNL Bhavan
Next to Mary Giri Bishops House, Thiruvalla
Mob: 9947450733, 9495337232
Email: sobhasaji@gmail.com
Beauty Treatments: Facial Bridal Makeup, Hair Treatments, Hair Styles, Bridal Flowers, Car Decorations...etc
Dress Desingning & Stitching: Wedding Gown, Churidar, Lacha Holly Communion Frocks Saree Blouse ..... etc
We Travels to do Bridal Make up
Good Looks, The Fashion People

മദ്ധ്യതിരുവിതാംകൂറിന്റെ വിദേശയാത്രാ സേവനരംഗത്ത് വർഷങ്ങളുടെ അനുഭവസമ്പത്ത്
▸ ഡൊമസ്റ്റിക്ക് & ഇന്റർനാഷണൽ എയർ ടിക്കറ്റ്
▸ അമേരിക്കൻ വിസ പ്രോസസ്സിംഗ്
▸ കുവൈറ്റ്, ഒമാൻ, യു.എ.ഇ., ഖത്തർ, സൗദി എന്നീ രാജ്യങ്ങളിലേക്ക് വിസിറ്റ് വിസകൾ
▸ എല്ലാ രാജ്യങ്ങളിലേക്കുമുള്ള ടൂർ പാക്കേജ്.
▸ പാസ്പോർട്ട്, എമിഗ്രേഷൻ, വിസാ സ്റ്റാമ്പിംഗ്.
അമേരിക്ക വിസിറ്റ് വിസ അപ്പോയിൻമെന്റ്
COSMIC AIR TRAVELS
First Floor, Pothiricans Building
Near KSRTC Bus Stand, Thiruvalla, Kerala 689 101
Ph: 0469-2700230, 2730320, Mob: 9446456320
Mob: 94470 56320, 9447156320, 9847056320
E-mail: cosmicairtravel@yahoo.com
cosmicairtravel@gmail.com

# കുന്നംകുളം യു.പി.എഫ്. ഭാരവാഹികൾ

കുന്നംകുളം : കുന്നംകുളത്തെ പെന്തെക്കോസ്തു സഭകളുടെ ഐക്യവേദിയായ യുണൈറ്റഡ് പെന്തെക്കോസ്ത് ഫെല്ലോഷിപ്പിന്റെ ജനറൽ ബോഡി ചർച്ച് ഓഫ് ഗോഡ് സഭാഹാളിൽ മാർച്ച് 3ന് പ്രസിഡന്റ് പാസ്റ്റർ എം.ജി.ഇമ്മാനുവേലിന്റെ അദ്ധ്യക്ഷതയിൽ നടന്നു. പുതിയ ഭാരവാഹികളെ തിരഞ്ഞെടുത്തു. പ്രസിഡന്റ് പാസ്റ്റർ എം.ജി.ഇമ്മാനുവേൽ, വൈസ് പ്രസിഡന്റ്മാരായി പാസ്റ്റർ കുര്യാക്കോസ് ചക്രമാക്കിൽ, ജോൺസൻ തോമസ് ജനറൽ സെക്രട്ടറി ഇവാ. സാജൻ സി.ജേക്കബ്, അഡ്മിനിട്രറ്റീവ് സെക്രട്ടറി പാസ്റ്റർ ബെന്നി ജോസഫ്, ട്രഷറാർ ബ്രദർ സി.ജെ. ഏബ്രഹാം, പ്രെയർ കൺവീനർ പാസ്റ്റർ റ്റി.പി.ജോസ്, പബ്ലിസിറ്റി കൺവീനർ പാസ്റ്റർ സന്തോഷ് ജോൺ, അസ്സോ. സെക്രട്ടറി കൊച്ചുമോൻ പി.വി., കോ-ഓഡിനേറ്റർ പാസ്റ്റർ സി.സി.ജോൺ, മിഷൻ കോ-ഓഡിനേറ്റർ പാസ്റ്റർ അജീഷ് കെ. മാത്യു, യൂത്ത് കോ-ഓഡിനേറ്റർ ഇവാ. ജെമ്മി വർഗ്ഗീസ്, ലിറ്ററേച്ചർ സെക്രട്ടറി ഇവാ. സുരേഷ് എടക്കളത്തൂർ എന്നിവരടങ്ങുന്ന 42 അംഗ കമ്മറ്റിയെ തെരഞ്ഞെടുത്തു.

യൂ.പി.എഫിന്റെ സോഷ്യൽ അവയർനെസ്സ് പ്രോഗ്രാമുകളുടെയും സുവിശേഷീകരണ പ്രവർത്തനങ്ങൾക്കുമായി പുതിയ വാഹനവും സൗണ്ട് സിസ്റ്റവും കമ്മറ്റി പുതിയതായി ക്രമീകരിച്ചിരിക്കുന്നു. സൗണ്ട് സിസ്റ്റത്തിന്റെ സമർപ്പണ ശുശ്രൂഷ ഐ.പി.സി. പൊന്നാനി ഏരിയ കൺവീനർ പാസ്റ്റർ സി.സി.ബാബു നിർവഹിച്ചു. പെന്തെക്കോസ്ത് സമൂഹത്തിന്റെ ആദ്യത്തെ സൗജന്യ ആബുലൻസ് സർവ്വീസ് ആരംഭിച്ച കുന്നംകുളം യൂ.പി.എഫ് സുവിശേഷീകരണ രംഗത്ത് വിപുലമായ പ്രവർത്തന പദ്ധതികൾ ഈ വർഷം നടപ്പിലാക്കും. 32-ാമത് വാർഷിക കൺവൻഷൻ ജനുവരി 10-12 വരെ നടക്കും.

# പി.വൈ.പി.എ. ബൈബിൾ ക്വിസ്



കൊട്ടാരക്കര: പി.വൈ.പി.എ.കൊട്ടാരക്കര മേഖല ബൈബിൾ ക്വിസ് കൊട്ടാരക്കര കെ.ടി.എസിൽ നടന്നു. ഒന്നാം സമ്മാനമായ പതിനായിരം രൂപക്ക് കൊട്ടാരക്കര സെന്ററിൽ നിന്ന് പങ്കെടുത്ത ജിബിൻ കുര്യൻ വർഗീസ് അർഹനായി. രണ്ടാം സമ്മാനത്തുകയായ അയ്യായിരം രൂപ കുണ്ടറ സെന്ററിലെ സൗമ്യ എസ് കരസ്ഥമാക്കി. മൂന്നാം സമ്മാനത്തുക പത്തനാപുരം സെന്ററിലെ കലാ സജി കരസ്ഥമാക്കി. പി.വൈ.പി.എ.മേഖലാ പ്രസിഡന്റ് പാസ്റ്റർ ഷിബു ജോർജ്ജ് സമ്മാനത്തുക വിതരണം ചെയ്തു. സെക്രട്ടറി ബോബൻ ക്ലീറ്റസ് സ്വാഗതം പറഞ്ഞു.


**ടീച്ചേഴ്സിനെ ആവശ്യമുണ്ട്**

9-ാം സ്റ്റാൻഡേർഡ് വരെ കണക്ക് (Maths) പഠിപ്പിക്കുവാൻ കഴിവുള്ളവർക്ക് മുൻഗണന.

**എബനേസർ മിഷൻ സ്കൂൾ**
കേരാഗഢ് (Kheragarh)
ആഗ്ര, യു.പി
**09411684254**
**9495269448**


▸ *പ്രതികരണം*

# സ്വർഗ്ഗ നരകദർശനം
## ഒരു വിയോജനക്കുറിപ്പ്

**ഫിലിപ്പോസ് കുളക്കട**

**ഒ**രു കൊറിയൻ പ്രസ്ബിറ്റേറിയൻ ചർച്ചിന്റെ പാസ്റ്റർ 1987-ൽ മരിച്ചതായും ദൂതന്മാർ അയാളെ സ്വർഗ്ഗത്തിലും നരകത്തിലും കൊണ്ടുപോയി അവിടുത്തെ കാഴ്ചകൾ കാണിച്ചശേഷം താൻ കണ്ട കാര്യങ്ങൾ ഭൂമിയിൽ പാർക്കുന്നവരെ അറിയിക്കണമെന്ന ദൗത്യമേല്പിച്ചു ഭൂമിയിലേക്ക് തിരിച്ചയച്ചതായും അയാൾ സ്വർഗ്ഗത്തിൽ കണ്ട കാഴ്ചകളെപ്പറ്റിയുള്ള വിവരണവും ഹാലേലൂയ്യാ മാർച്ച് 1 ലക്കത്തിൽ കാണുകയുണ്ടായി. അതാണ് ഈ കുറിപ്പിന് കാരണം.

അത് സംഭവ്യമാണോ എന്നറിയണമെങ്കിൽ സ്വർഗ്ഗങ്ങളെപ്പറ്റിയും മരിച്ചുപോകുന്ന വിശുദ്ധന്മാരുടെ ആത്മാക്കളുടെ പുനരുത്ഥാനം വരെയുള്ള അവസ്ഥയെക്കുറിച്ചുമുള്ള സാമാന്യ അറിവെങ്കിലും ഉണ്ടായിരിക്കണം. അവയെപ്പറ്റി വിവരിക്കുവാൻ ഒന്നോ രണ്ടോ ലേഖനങ്ങളാൽ കഴിയുകയില്ല. രത്നച്ചുരുക്കം കുറിക്കാം. സ്വർഗ്ഗം ഒന്നല്ല. സ്വർഗ്ഗവും സ്വർഗ്ഗാധിസ്വർഗ്ഗവും ഉണ്ട്. 2രാജ.8:27; സങ്കീ.148:4; പൗലോസ് മൂന്നാം സ്വർഗ്ഗത്തോളം എടുക്കപ്പെട്ടു. ഒന്നാം സ്വർഗ്ഗവും രണ്ടാം സ്വർഗ്ഗവും ഉണ്ടെന്ന് ആ പ്രയോഗം തെളിയിക്കുന്നു. മൂന്നാം സ്വർഗ്ഗം, സ്വർഗ്ഗാധിസ്വർഗ്ഗം എന്നീ പേരുകൾ ഒരേ സ്ഥലം തന്നെയായിരിക്കും.

ഏലിയാവ് ചുഴലിക്കാറ്റിൽ സ്വർഗ്ഗത്തിലേക്ക് കയറി. 2രാജ.2:11 എന്നാൽ സ്വർഗ്ഗത്തിൽ നിന്ന് ഇറങ്ങിവന്ന മനുഷ്യപുത്രനല്ലാതെ ആരും സ്വർഗ്ഗത്തിൽ കയറിയിട്ടില്ല എന്ന് യേശു പറഞ്ഞു. യേശു എവിടെ നിന്നിറങ്ങി വന്നുവോ അവിടേക്കാണ് കയറിപ്പോയത്. അവിടേക്കാണ് തേജസ്ക്കരണശേഷം വിശുദ്ധന്മാരെ കൊണ്ടു പോകുന്നത്. ഇതെല്ലാം ചേർത്തു പഠിച്ചാൽ മരണശേഷം വിശുദ്ധന്മാർ പോകുന്ന സ്വർഗ്ഗം തേജസ്ക്കരണ ശേഷം അവർ പോകുന്ന സ്വർഗ്ഗമല്ല എന്ന് തെളിയും. ഒന്നു കൂടെ വ്യക്തമായി പറഞ്ഞാൽ കർത്താവ് സഭയ്ക്കായി ഒരുക്കാൻ പോയിരിക്കുന്ന സ്വർഗ്ഗത്തിലേക്കല്ല മരണശേഷം വിശുദ്ധന്മാർ പോകുന്നത്.

വിശുദ്ധന്മാരുടെയും ദുഷ്ടന്മാരുടെയും മരണശേഷം അവരുടെ ആത്മാക്കൾ എത്തിച്ചേരുന്ന സ്ഥലങ്ങളെപ്പറ്റിയും പുനരുത്ഥാനം വരെ അവരുടെ അവസ്ഥകളെക്കുറിച്ചും പുനരുത്ഥാനം, ന്യായവിധി, അനന്തരം അവർ പോകുന്ന സ്ഥലങ്ങൾ, അവിടങ്ങളിലെ അവസ്ഥകൾ, എന്നിവയെക്കുറിച്ചുമെല്ലാം വെളിപ്പെടുത്തുവാൻ ദൈവം ആഗ്രഹിച്ച കാര്യങ്ങൾ തന്റെ വചനത്താൽ സഭക്ക് വെളിപ്പെടുത്തിക്കൊടുത്തിട്ടുണ്ട്. അവ ലോകത്തെ അറിയിക്കുവാനുള്ള ദൗത്യം സഭയെ ആണ് ഏല്പിച്ചിരിക്കുന്നത്. അതിന് വേണ്ടി മരിച്ചു പോയ ഒരു വ്യക്തിയെ ലോകത്തിലേക്ക് തിരിച്ചയക്കുമെന്ന് ബൈബിളിൽ തെളിവില്ല എന്ന് മാത്രമല്ല അയക്കയില്ല എന്ന് തെളിവുണ്ട്. മരിച്ച് അടക്കപ്പെട്ട് നാലു ദിവസം കഴിഞ്ഞ് ജീവിച്ച ലാസർ താൻ സ്വർഗ്ഗത്തിൽ കണ്ട കാര്യങ്ങളൊന്നും പറഞ്ഞില്ല. മോശയുടെയും പ്രവാചകന്മാരുടെയും വാക്കുകൾ അംഗീകരിക്കാത്തവർ മരിച്ചവരിൽ നിന്ന് ഒരുത്തൻ ഉയിർത്തെഴുന്നേറ്റു വന്നു പറഞ്ഞാലും വിശ്വസിക്കയില്ല ലൂക്കോ.16:31. മരിച്ചവരെ വീണ്ടും ലോകത്തിലേക്ക് തിരിച്ചയച്ച് അവർ മുഖാന്തിരം സുവിശേഷം അറിയിക്കുവാൻ ദൈവം തീരുമാനിച്ചെങ്കിൽ അതിനർത്ഥം എഴുതപ്പെട്ട ദൈവവചനമായ ബൈബിളും മരിച്ചിട്ട് മടങ്ങിവരാത്തവരുമായ ദൈവദാസന്മാരുടെ പ്രവർത്തനവും ഫലകരമല്ല എന്ന് ദൈവം തീരുമാനിച്ചു എന്നാണല്ലോ. അതിനാൽ സ്വർഗ്ഗത്തേക്കുറിച്ച് ഇതുവരെ വെളിപ്പെടുത്തിയിട്ടില്ലാത്ത കാര്യങ്ങൾ വെളിപ്പെടുത്തുന്നതിനായി ചിലരെ (കഥാപാത്രമായ പാസ്റ്ററേപ്പോലെ അഹങ്കാരികളും നിഗളികളുമായവരെ) മനഃപൂർവ്വം മരിപ്പിച്ച് അവരെ സ്വർഗ്ഗത്തിൽ കൊണ്ടു പോയി കാഴ്ചകളെല്ലാം കാണിച്ച് മടക്കി അയക്കുന്ന പുതിയ പദ്ധതി ദൈവം ആസൂത്രണം ചെയ്തിരിക്കാം. കഥാപാത്രത്തേപ്പോലെ അതിന് യോഗ്യതയുള്ള മറ്റാരേയും കിട്ടാത്തതു കൊണ്ടായിരുന്നേക്കാം പദ്ധതി വ്യാപകമാകാത്തത്.

ഇനിയും അയാളുടെ മരണത്തേപ്പറ്റി പറയുന്ന വിധം പരിശോധിക്കാം. 1987 ഡിസംബർ 17 മുതൽ നാലുമാസം അയാൾ ഹോസ്പിറ്റലിൽ വെന്റിലേറ്ററിൽ ആയിരുന്നു. "അവസാനം ഞാൻ മരിച്ചു" എന്നു പറയുന്നു. എന്തിന്റെ അവസാനം? നാലു മാസത്തിന്റെ അവസാനം എന്നാണ് അക്ഷരാർത്ഥം. നാലു മാസം കഴിഞ്ഞ് ഉണർന്നപ്പോൾ "പൂർണ്ണമായും നിങ്ങൾ മരിച്ച നിലയിലായിരുന്നു" എന്ന് ഡോക്ടർ പറഞ്ഞതാണ് മരിച്ചു എന്നതിന്റെ തെളിവായി പറയുന്നത്. വാസ്തവത്തിൽ അത് അയാൾ മരിച്ചിരുന്നു എന്നതിന്റെ തെളിവല്ല. മൃതപ്രായനായിരുന്നു എന്നാണർത്ഥം. ഡോക്ടർ മരണം സ്ഥിരീകരിച്ചു കഴിഞ്ഞാൽ മൃതശരീരം വെന്റിലേറ്ററിൽ വെച്ചേക്കുകയില്ല. അയാൾ വെന്റിലേറ്ററിലാണ് ഉണർന്നതെങ്കിൽ ഡോക്ടർ മരണം സ്ഥിരീകരിച്ചിരുന്നില്ല എന്ന് തീർച്ച. അങ്ങനെയെങ്കിൽ അദ്ദേഹം പറയുന്നതെല്ലാം രോഗത്തിന്റെ അബോധാവസ്ഥയിൽ കണ്ട സ്വപ്നങ്ങളായിരുന്നേക്കാം. സ്വർഗ്ഗത്തേക്കുള്ള യാത്രയേപ്പറ്റിയും സ്വർഗ്ഗത്തേപ്പറ്റിയും അദ്ദേഹം പറയുന്ന സംഗതികളുടെ ചിട്ടയില്ലായ്മയും വേദവിപരീത സ്വഭാവവും അതിനെ ഉറപ്പിക്കുന്നതാണ്. വിസ്താരഭയത്താൽ അവയൊന്നും വിവരിക്കുന്നില്ല. ഉദാഹരണത്തിന് ചിലത് കുറിക്കാം.

''നീ ഇപ്പോൾ വിസമ്മതിച്ചാൽ നിനക്ക് സ്വർഗ്ഗത്തിലേക്കും നരകത്തിലേക്കുമുള്ള സന്ദർശന അവസരം നഷ്ടമാകും" എന്ന് അയാളെ കൊണ്ടുപോകുവാൻ വന്ന ദൂതന്മാർ പറഞ്ഞു. എന്നിട്ടും അയാൾ സമ്മതിക്കയല്ല, വിസ്സമ്മതിക്കയാണ് ചെയ്തത്. അയാളുടെ സമ്മതം കൂടാതെയാണ് ദൂതന്മാർ അയാളെ കൊണ്ടു പോയത്. ദൂതന്മാർ പറഞ്ഞു എന്നു പറയുന്നതിനെന്തു വില?

"ദൂതന്മാർ രണ്ടു കയ്യിലും പിടിച്ചു പറന്നുയർന്നു" എന്നു പറയുന്നു. തുടർന്ന് പറയുന്നത് "അവരെന്നെ സ്വർണ്ണത്തെരുവീഥിയിലൂടെ നടത്തി" എന്നാണ്. ഏതായിരിക്കും ഈ തെരുവീഥിയുള്ള സ്ഥലം? അവർ നടന്നു പോയപ്പോൾ വെള്ളഗൗൺ ധരിച്ച രണ്ടാളുകൾ തലയ്ക്ക് മീതെ കൂടെ പറന്നു വന്നു. അവർ ഭൂമിയിൽ വിശ്വസ്തതയോടെ കർത്താവിനെ സേവിച്ചിട്ട് മരിച്ചവരാണ്. അവരുടെ ശരീരം ഭൂമിയിലും ആത്മാക്കൾ സ്വർഗ്ഗത്തിലുമാണ്. ആ പറന്നു വന്നതെന്തായിരിക്കും?

ഇനിയും സ്വർഗ്ഗത്തെപ്പറ്റിയുള്ള വിവരണം നോക്കാം. സ്വർഗ്ഗത്തിന് 12 ഗേറ്റുകളുണ്ട്. അത് ശരിയെങ്കിൽ കെട്ടിയടക്കപ്പെട്ട സ്ഥലമാണ് സ്വർഗ്ഗം. അതു ശരിയാണെങ്കിൽ സ്വർഗ്ഗമുൾപ്പെടുന്ന ഗോളത്തിൽ സ്വർഗ്ഗത്തിന് വെളിയിൽ സ്ഥലമുണ്ടായിരിക്കണം. മതിലുകളും ഗേറ്റുകളും പൂട്ടുകളുമെല്ലാം സ്വർഗ്ഗത്തിനുണ്ടെങ്കിൽ അവിടെ സുരക്ഷാ ഭീഷണിയുണ്ടായിരിക്കും. പുതിയ യെരുശലേമിന് മതിലുകളും വാതിലുകളുമുണ്ട്. അതൊരു ഗോളമല്ല. സ്വർഗ്ഗത്തിൽ നിന്നിറങ്ങിവന്ന് പുതിയ ഭൂമിയിൽ സ്ഥാപിക്കപ്പെടുന്ന ഒരു പട്ടണമാണ്. തത്സമമായ ഒരു പട്ടണമാണ് സ്വർഗ്ഗവുമെങ്കിൽ അതെവിടെയായിരിക്കും സ്ഥാപിച്ചിരിക്കുന്നത്? സ്വർഗ്ഗത്തിൽ വാതിലുണ്ട്. എന്നാൽ സ്വർഗ്ഗത്തിന് വാതിലുകളുള്ളതായി ബൈബിളിൽ പറയുന്നില്ല. ഭൂമിയിൽ കോടിക്കണക്കിന് വാതിലുകളുണ്ട്. എന്നാൽ ഭൂമിക്ക് വാതിലുകളില്ല. സ്വർഗ്ഗത്തിന്റെ വാതിൽ തുറക്കാനുള്ള പാട്ടും രസകരമാണ്. അതേപ്പറ്റി വിവരിക്കുന്നില്ല.

മൂന്നു ഗ്രൂപ്പിൽപ്പെട്ട മനുഷ്യരാണ് സ്വർഗ്ഗവാസികൾ. ദൈവത്തെപ്പറ്റിയോ, ക്രിസ്തുവിനേപ്പറ്റിയോ, ദൂതന്മാരേപ്പറ്റിയോ ഒന്നും പറയുന്നില്ല. മൂന്നു ഗ്രൂപ്പുകളും മൂന്നു പ്രത്യേക ഭാഗങ്ങളിലാണ് താമസം. ഒന്നാമത്തെ ഗ്രൂപ്പ് കുഞ്ഞുങ്ങളാണ്. അവർ കുഞ്ഞുങ്ങളായിത്തന്നെയാണ് സ്വർഗ്ഗത്തിലെത്തിയത്. അവർക്ക് വീടുകളില്ല. സ്വർഗ്ഗത്തിൽ വീടു പണിയുന്നതിനാവശ്യമായ സാധനങ്ങൾ ഒരുക്കിക്കൊടുക്കുവാൻ അവർക്ക് കഴിയാത്തതാണ് കാരണം. അവർ പാർക്കുന്നത് പൂന്തോട്ടങ്ങളിലാണ്. ജനനദിവസം തന്നെ മരിച്ച കുഞ്ഞുങ്ങൾ തുടങ്ങി പ്രായപൂർത്തിയിലെത്താറായവരും കൂട്ടത്തിലുണ്ടായിരിക്കുമെന്ന് ന്യായമായും അനുമാനിക്കാം. ശിശുക്കളെ പരിരക്ഷിക്കുവാൻ ആയമാരുണ്ടായിരിക്കുമോ എന്തോ? എന്തായാലും ശിശുക്കളായി നിത്യത മുഴുവൻ കഴിയേണ്ടി വരുന്ന അവസ്ഥ സ്വർഗ്ഗത്തിലായാലും കഷ്ടം തന്നെ.

രണ്ടാം ഗ്രൂപ്പ് പ്രായപൂർത്തിയായവരിൽ വിശ്വസ്തരാണ്. അവരെല്ലാംതന്നെ യുവകോമളരും ആരോഗ്യദൃഢഗാത്രരുമായി രൂപാന്തരം പ്രാപിച്ചവരാണ്. അവർ ഭൂമിയിലായിരുന്നപ്പോൾ സമ്പാദിച്ച് അയച്ചു കൊടുത്ത സാധനങ്ങൾ കൊണ്ട്ദൂതന്മാർ പണിത മനോഹര സൗധങ്ങളിലാണ് അവരുടെ ജീവിതം. നല്ലതു തന്നെ.

മൂന്നാമത്തെ ഗ്രൂപ്പ് ലോകത്തിൽ അവിശ്വസ്തരായി ജീവിച്ച് മരിച്ച് സ്വർഗ്ഗത്തിലെത്തിയവരാണ്. അവർ രൂപാന്തരം പ്രാപിച്ച് യുവാക്കളായി തീർന്നവരാണോ, അല്ലയോ എന്നൊന്നും പറയുന്നില്ല. സ്വർണ്ണത്തേരിലാണ് കഥാനായകൻ അവരുടെ വാസസ്ഥലത്തെത്തിയത്. അവരുടെ പാർപ്പിടങ്ങളിരിക്കുന്ന സ്ഥലം മരുഭൂമിയും പാടങ്ങളുമായിട്ടാണ് ആദ്യം കണ്ടത്. പിന്നെ വീടുകൾ കണ്ടു. കോഴിക്കൂടു പോലുള്ള വീടുകൾ വൃത്തിഹീനമാണ്. "ശുചിത്വമില്ലാത്ത ഫ്ളാറ്റുകൾ". ക്ലീനേഴ്സിന് ശമ്പളം കൊടുക്കായ്കയാൽ അവർ പണി മുടക്കിയതായിരിക്കാം. അതോ മാലിന്യ സംസ്ക്കരണത്തിനുള്ള സ്ഥലം ലഭിക്കായ്കയോ? നമുക്കത് വിട്ടേക്കാം.

ആദ്യം മൂന്നു ഗ്രൂപ്പുകളേയും അവരുടെ വാസസ്ഥലങ്ങളേയും പറ്റിയേ പറയുന്നുള്ളു എങ്കിലും പിന്നീട് പ്രത്യേകമായി രണ്ടു വീടുകളേയും അതിലെ വാസികളേയും ദൂതന്മാർ കാണിച്ചു. ആ വീടുകൾ കണ്ടപ്പോൾ കഥാനായകൻ കുതിച്ചുചാടി. വീടുകളുടെ വലിപ്പമോ മനോഹാരിതയോ ആയിരിക്കുമെല്ലോ കുതിച്ചു ചാടാൻ കാരണം. ഒരു വീട് വിശ്വസ്തരായ പാസ്റ്റർമാരുടേതും മറ്റൊന്ന് വിശ്വസ്തരായ വിശ്വാസികളുടേതുമാണ്. വീടു കണ്ടപ്പോൾ കുതിച്ചു ചാടി എങ്കിലും ആ വീടിനെ "കൺട്രി ഹോം" എന്നു പറയുന്നു. അതിൽ പാർക്കുന്ന പാസ്റ്റർമാർ വിശ്വസ്തരായിരുന്നവരാണ് എന്ന് ആദ്യം പറഞ്ഞെങ്കിലും തുടർന്നുള്ള വിവരണത്തിൽ പറയുന്നത് അവരുടെ പ്രവർത്തനങ്ങളെല്ലാം പ്രശംസയും ബഹുമാനവും നേടുന്നതിന് വേണ്ടി മാത്രമുള്ളതായിരുന്നു എന്നാണ്.

അവരേപ്പറ്റി കഥാനായകൻ പറയുന്നു വിശ്വസ്തർ, സ്വാർത്ഥന്മാർ എന്നീ ആശയങ്ങൾ ചേർത്ത് അവരെ നമുക്ക് വിശ്വസ്തരായ സ്വാർത്ഥമതികൾ എന്ന് വിളിക്കാം. ലജ്ജിതരായിത്തീർന്ന മൂന്നാം ഗ്രൂപ്പുകാർ പാർക്കുന്ന ശുചിത്വരഹിതമായ കോഴിക്കൂടു സമാനമായ ഫ്ളാറ്റുകളേക്കാൾ കുറേക്കൂടെ മെച്ചമായ "കൺട്രിഹോമിലാണ്" വിശ്വസ്ത സ്വാർത്ഥർ പാർക്കുന്നത്. കഥാനായകന്മാർ സ്വർഗ്ഗത്തിൽ പോയിട്ട് തിരിച്ചു വന്നതിനാൽ സ്വർഗ്ഗത്തേപ്പറ്റി ഇതൊക്കെ അറിയുവാൻ സാധിച്ചത് നമ്മുടെ ഭാഗ്യമല്ലേ? വൃത്തിഹീനമായതും കോഴിക്കൂടു പോലെയുള്ള ഫ്ളാറ്റാണെങ്കിലും കൺട്രിഹോമാണെങ്കിലും സ്വർഗ്ഗത്തിൽ തന്നെയാണല്ലോ. അവിടെ കഷ്ടതയും കണ്ണുനീരുമൊന്നുമില്ലല്ലോ. അതുമതി എന്ന് വിചാരിച്ചാൽ ഇവിടെ വിശ്വസ്ത-സ്വാർത്ഥരായി ജീവിക്കാമല്ലോ. അതൊന്നും മനസ്സിലാക്കാതെ യോഹന്നാനും പൗലോസുമൊക്കെ പറയുന്നതു പോലെ "അവൻ നിർമ്മലനായിരിക്കുന്നതു പോലെ തന്നേത്തന്നേ നിർമ്മലീകരിക്കുന്ന"വരേ അവന്റെ വരവിൽ രൂപാന്തരപ്പെടുകയുള്ളു എന്നൊക്കെ ധരിച്ചാൽ നമ്മിൽ ചിലർക്കെങ്കിലും അത് സാധിക്കുമോ എന്ന് സംശയിക്കേണ്ടി വരുമായിരുന്നില്ലേ? അതൊഴിവാക്കിത്തന്ന കഥാനായകന് നല്ലത് വരട്ടെ എന്നാശംസിക്കാം.


**യുവതീയുവാക്കന്മാർക്ക് സ്വാഗതം**

**JEEVAN SUICIDE PREVENTION COUNSELING CENTER-CHENNAI**

വർദ്ധിച്ചു വരുന്ന ആത്മഹത്യ പ്രവണതകളിൽ നിന്ന് ജനത്തെ കൗൺസലിംഗിൽ കൂടി പിന്തിരിക്കുക എന്ന ലക്ഷ്യത്തോടെ പ്രവർത്തിക്കുന്ന അന്തരാഷ്ട്ര സംഘടനയായ യൂത്ത് വിത്ത് എ മിഷന്റെ ഭാഗമായ Jeevan Counseling Center-നോട് ചേർന്നു പ്രവർത്തിക്കുവാനും കൗൺസലിംഗ് പരിശീലനം നേടുവാനും അവസരങ്ങൾ. ജൂൺ-ജൂലൈ മാസങ്ങളിൽ നടത്തുന്ന 2 മാസ കോഴ്സിലേക്ക് അപേക്ഷ ക്ഷണിക്കുന്നു.

*Our Goals*

* ഇന്ത്യയിലെ എല്ലാ സ്റ്റേറ്റുകളിലും കൗൺസെലിംഗ് സെന്റർ തുടങ്ങുക
* കൗൺസലിംഗ് മെത്തേഡ്സ് പഠിപ്പിക്കുക
* Personality development
* English, മറ്റു ഭാഷകൾ പഠിക്കുവാൻ അവസരങ്ങൾ

*More Details:*

**Soji & Angel, Youth with a mission**
**171, Ambiga St., G.G.Nagar, Chennai - 600 107**
**Ph: 09884393475, 09962320075, 044-26564444**
**Email: jeevancenter@yahoo.com**
**www.Jeevan Suicide Prevention.Org.**



**പി. വൈ. പി. എ. കേരളാ സ്റ്റേറ്റ്**

**സമൂഹ വിവാഹ പദ്ധതി**

സംസ്ഥാന പി. വൈ. പി. എ.യുടെ നേതൃത്വത്തിൽ പാസ്റ്റർ തോമസ് ചാക്കോ നേതൃത്വം നൽകുന്ന ബഹറിൻ ഇമ്മാനുവേൽ ഐ. പി. സി.യുടെ സഹകരണത്തോടെ നടത്തുവാൻ തീരുമാനിച്ചിരിക്കുന്ന രണ്ടാമത് സമൂഹ വിവാഹ പദ്ധതിയിലേക്ക് അർഹരായ യുവതികളുടെ മാതാപിതാക്കളിൽ നിന്ന് അപേക്ഷ ക്ഷണിക്കുന്നു. തിരഞ്ഞെടുക്കുന്നവരുടെ വിവാഹം 2013 ജൂലൈ 20, ശനിയാഴ്ച നടത്തപ്പെടും. ഓരോ കുടുംബത്തിനും ഒരു ലക്ഷം രൂപ വീതം നല്കുന്നതാണ്.

**നിബന്ധനകൾ**

1. ആദ്യവിവാഹത്തിനുള്ള അപേക്ഷകൾ മാത്രമേ പരിഗണിക്കുകയുള്ളു.
2. വരനെ കണ്ടെത്തി വിവാഹം നിശ്ചയിക്കുന്ന ഉത്തരവാദിത്തം പൂർണ്ണമായി രക്ഷിതാക്കൾക്കായിരിക്കും.

**മാതൃകാ അപേക്ഷാ ഫോറം**

1. പേര്......................2. മേൽവിലാസം......................
3.വയസ്സ്......................4. രക്ഷിക്കപ്പെട്ട തീയതി......................
5. സ്നാനപ്പെട്ട തീയതി............6. ഏതു സഭയിൽ അംഗമായിരിക്കുന്നു........................7. വിവാഹം നിശ്ചയം ചെയ്യപ്പെട്ട തീയതി......................
8.വരന്റെ പേര്......................9. മേൽവിലാസം......................
10. വയസ്സ്......................11. രക്ഷിക്കപ്പെട്ട തീയതി......................
12. സ്നാനപ്പെട്ട തീയതി......................13. ഏത് സഭയിൽ അംഗമായിരിക്കുന്നു......................14.വധൂവരന്മാരുടെ അനുഭവസാക്ഷ്യം......................
15. വധൂവരന്മാരുടെ സഭാ പാസ്റ്റർ, സെന്റർ പാസ്റ്റർ എന്നിവരുടെ ശുപാർശകത്ത്......................16. പൂരിപ്പിച്ച അപേക്ഷ ജൂൺ 30-ന് മുമ്പ് സംസ്ഥാന പി. വൈ. പി. എ. സെക്രട്ടറിയുടെ പേരിൽ ലഭിക്കേണ്ടതാണ്

കൂടുതൽ വിവരങ്ങൾക്ക്:
ബ്രദർ ലൈജു ജോർജ്ജ്
(ആക്ടിംഗ് പ്രസിഡന്റ്)
ഫോൺ 9349888991

അപേക്ഷ അയക്കേണ്ട വിലാസം
സുവി. സാബു ചാപ്രത്ത്
പി. വൈ. പി. എ. സ്റ്റേറ്റ് സെക്രട്ടറി
ചാപ്രത്ത് എബനേസർ വില്ല,
കരിയംപ്ലാവ് പി .ഒ.,
കൊറ്റനാട് (വഴി) 689 615
ഫോൺ, 9847458905

## യാത്രയായി

### ഐ. ജെസമ്മ



തിരുവനന്തപുരം: വിഴവൂർ എ.ജി സഭാംഗവും, പരേതനായ എം.പൗലോസിന്റെ ഭാര്യയുമായ ഐ.ജെസമ്മ (80 റിട്ട.ടീച്ചർ) മാർച്ച് 1ന് നിര്യാതയായി. സെക്ഷൻ ഡബ്ല്യുഎംസി ഖജാൻജി, സണ്ടേസ്കൂൾ പരീക്ഷാ ബോർഡംഗം എന്നീനിലകളിൽ സ്തുത്യർഹ സേവനം അനുഷ്ഠിച്ചിട്ടുണ്ട്. 37 വർഷമായി എജി സണ്ടേസ്കൂൾ അദ്ധ്യാപികയായിരുന്നതിനുള്ള ഡിസ്ട്രിക്റ്റ്/ സെക്ഷൻ പുരസ്കാരം പരേതക്ക് ലഭിച്ചിട്ടുണ്ട്. മക്കൾ: പി.ജെ വിൻസന്റ് (അഡീഷണൽ സെക്രട്ടറി, ഗവ.സെക്രട്ടറിയേറ്റ്), പി.ജെ ലിമിങ്സ്റ്റൺ (സെക്ഷൻ ഫോറസ്റ്റ് ഓഫീസർ, ഫോറസ്റ്റ് ഡിപ്പാർട്ട്മെന്റ്), പി.ജെ ലിവിങ്സ്റ്റൺ (സെക്ഷൻ ഓഫീസർ, കേരളാ യൂണിവേഴ്സിറ്റി). മരുമക്കൾ: ജെ.മേഴ്സി (പോസ്റ്റൽ ഡിപ്പാർട്ടമെന്റ്), ഷീല ഇവാഞ്ചലിൻ (കുഴിത്തുറ മുൻസിപ്പാലിറ്റി), ഡോഷൈലാരാജ് (ഗവ.ഫോർട്ട് ഹോസ്പിറ്റൽ തിരുവനന്തപുരം).

### മറിയാമ്മ വർഗീസ്



**തിരുവല്ല:** ചക്കാട്ടുശ്ശേരിൽ പാസ്റ്റർ പി.സി.വർഗീസിന്റെ (കുഞ്ഞച്ചൻ ഉപദേശി, നെടുംപ്രം) ഭാര്യ മറിയാമ്മ വർഗീസ് (89) തിരുവല്ല ആഞ്ഞിലിത്താനത്തുള്ള വസതിയിൽ നിര്യാതയായി. കോട്ടയം കടവൂർ താഴത്തങ്ങാടിയിൽ കുടുംബാംഗമായിരുന്നു. മക്കൾ: എൽസി തോമസ്, ജയിംസ് വർഗീസ് (ഇരുവരും യുഎസ്എ), മരുമക്കൾ: തോമസ് മാത്യു, ബിനി വർഗീസ്. കോട്ടയം ഐപി.സി. നോർത്ത് സെന്റർ ശുശ്രൂഷകൻ പാസ്റ്റർ കെ.സി.ചെറിയാൻ, ജോയി എന്നിവർ സഹോദരന്മാരാണ്. സംസ്ക്കാരം ഏപ്രിൽ 9–ന് ആഞ്ഞിലിത്താനം ഐ.പി.സി.പെനിയേൽ സഭയിൽ നടന്നു. ദീർഘവർഷങ്ങൾ ഇന്ത്യാ പെന്തെക്കോസ്ത് ദൈവസഭയുടെ സഭാ ചുമതലയിൽ കേരളത്തിലും കർണ്ണാടകയിലും പ്രേഷിത പ്രവർത്തനങ്ങളിലായിരുന്ന പാസ്റ്റർ പി.സി.വർഗീസിനോടൊപ്പം കർത്താവിനെ സേവിച്ച സ്ത്രീരത്നമാണ് മറിയാമ്മ.

### പാസ്റ്റർ ജോർജ്ജ് മോനച്ചന്റെ മാതാവ്



**ഏവൂർ:** കായംകുളം ഏവൂർ കാട്ടിൽ പുത്തൻവീട്ടിൽ പാസ്റ്റർ ഇ.ജോർജ്ജിന്റെ ഭാര്യയും ന്യൂയോർക്ക് എൽമണ്ട് ശാലേം പെന്തെക്കോസ്തൽ ടാബർനാക്കിൾ ചർച്ച് സീനിയർ ശുശ്രൂഷകൻ പാസ്റ്റർ മോനീസ് ജോർജ്ജിന്റെ മാതാവുമായ പെണ്ണമ്മ ജോർജ്ജ് (81) നിര്യാതയായി. കായംകുളം മുളവന കുടുംബാംഗമാണ്. സംസ്ക്കാരം ഏപ്രിൽ 9–ന് ഏവൂർ ഐ.പി.സി.സെമിത്തേരിയിൽ നടത്തി. മറ്റു മക്കൾ: കുഞ്ഞുമോൻ, ജോഷ്വാ, പൊന്നമ്മ, പാസ്റ്റർ കെ.കെ. ജോർജ്ജ്, ഏലിയാമ്മ, ജോസ്, അനിയൻ, മോളിക്കുട്ടി.

### റ്റി. എം. മത്തായി



**ഹ്യൂസ്റ്റൺ:** റ്റി. എം.മത്തായി (90) ചെമ്പനാലിൽ നെല്ലിമല മാർച്ച് 4–ന് ഹ്യൂസ്റ്റണിൽ നിര്യാതനായി. കേരളത്തിലെ ആദ്യകാല പെന്തെക്കോസ്ത് കുടുംബാംഗവും കുമ്പനാട് ഐ.പി.സി. എലീം സഭാംഗവുമായിരുന്ന പരേതൻ ദീർഘവർഷങ്ങളായി ഹ്യൂസ്റ്റണിൽ മക്കളോടൊപ്പം താമസിച്ചുവരികയായിരുന്നു. ഹ്യൂസ്റ്റൺ ഐ.പി. സി.ഹെബ്രോൻ സഭാംഗമാണ്. 13–ന് സംസ്ക്കാരം നടന്നു. ഭാര്യ: അന്നമ്മ, മക്കൾ: ജോയിമോൻ, കുഞ്ഞുമോൻ, ജയിംസ്, റോയി, റെഞ്ചി, എബി, ഷേർലി.

## ബൈക്ക് അപകടത്തിൽ നിര്യാതനായി



**നെടുമ്പ്രം:** പവർ വിഷനിലെ ജീവനക്കാരനും ഐ.പി.സി ജനറൽ സെക്രട്ടറി പാസ്റ്റർ കെ.സി ജോണിന്റെ മുൻ കാർ ഡ്രൈവറുമായിരുന്ന തുരുത്തേൽപറമ്പിൽ എബനേസറിൽ റ്റി. എസ് സോമൻ (53) ബൈക്കപകടത്തിൽ മരണമടഞ്ഞു. പുറമറ്റത്തുവെച്ച് താൻ സഞ്ചരിച്ച ബൈക്ക് ടിപ്പറമായി കൂട്ടിയിടിച്ച് സംഭവസ്ഥലത്തു തന്നെ മരണം സംഭവിക്കുകയായിരുന്നു. ജോലി കഴിഞ്ഞ് വീട്ടിലേയ്ക്ക് വരുന്നവഴിക്കാണ് അപകടം സംഭവിച്ചത്. രണ്ടു കിലോമീറ്റർ അകലെ മകൻ പിതാവിനെ കാത്തുനിൽക്കുകയായിരുന്നു. സംസ്ക്കാരം ഏപ്രിൽ 11ന് പാസ്റ്റർ കെ.സി ജോണിന്റെ കാർമ്മികത്വത്തിൽ നെടുമ്പ്രം ഐ.പി.സി സെമിത്തേരിയിൽ നടന്നു. ഭാര്യ ഷൈല, മക്കൾ: സോണ, സീന.


**ഇത്രത്തോളം കൊണ്ടുവന്ന ദൈവത്തിന് സ്തോത്രം.**

നിങ്ങൾക്ക് പുതിയ പോളിസി എടുക്കുന്നതിനും, നിങ്ങളുടെ പണം സുരക്ഷിതമായി നിക്ഷേപിക്കുന്നതിനും ഞങ്ങൾ നിങ്ങളെ സഹായിക്കാം.





**C.G. സാംകുട്ടി & സാറാമ്മ സാംകുട്ടി**

Chief Life Insurance Advisors.

Corporate Club Member, Chairman's Club Member

**തൊഴിലവസരം**

ഇന്ത്യയിലെ എല്ലാ സ്ഥലങ്ങളിൽ നിന്നും LIC ഇൻഷ്വറൻസ് അഡ്വൈസർമാരെ ആവശ്യമുണ്ട്. കുറഞ്ഞ യോഗ്യത SSLC പാസ്സ്. മാന്യമായ സ്ഥിര വരുമാനം സമ്പാദിക്കാം. ഉടൻ ഞങ്ങളുമായി ബന്ധപ്പെടുക. ഇന്ത്യയിലെ എല്ലാ LIC ബ്രാഞ്ചുകളിലെയും പ്രീമിയം പോളിസികൾ ഞങ്ങളുടെ ഓഫീസിൽ കൂടി അടക്കുവാൻ അവസരം.

OFFICE: LIC of India, Jeevan Jyothi
Policy Service Centre, Unity Tower
Opp. Pvt.Bus Stand, Pulamon, Kottarakkara
Ph: 9447192916, 9446185886, 04734-212916
sarammasamkutty@yahoo.com

**ഗിൽഗാൽ ജെംഭവൻ, ഏനാത്ത് പി.ഒ., പത്തനംതിട്ട (Dist).**


### തിരുത്ത്

**മീനടം:** പ്രവാചകി സാറാമ്മയുടെ മരണവിവിരം പ്രസിദ്ധീകരിച്ച വാർത്തയിൽ മകൻ പാസ്റ്റർ ജെയിംസ് കെ ഏബ്രഹാമിന്റെ പേര് തെറ്റായാണ് ചേർത്തിരുന്നത്. ഐ.പി.സി മുത്തൂർ ശാലേം സഭാ ശുശ്രൂഷകനാണ് ഇദ്ദേഹം.


# അപ്പോസ്തലിക് ബൈബിൾ കോളജ്

**മണർകാട് പി.ഒ, കോട്ടയം– 686 019**

**ഫോൺ: 0481–2371714 (Member of IATA)**

- മധ്യകേരളത്തിൽ 60–ൽപരം വർഷങ്ങളായി പ്രവർത്തിച്ചു വരുന്ന ഉത്തമ വേദപഠനശാല.
- 18നും 35നും ഇടയിൽ പ്രായവും ദൈവവിളിയും ഉള്ളവർക്ക് പ്രവേശനം നൽകുന്നു.
- പ്രഗത്ഭരും പരിചയസമ്പന്നരുമായ അദ്ധ്യാപകർ നയിക്കുന്ന ക്ലാസ്സുകൾ.
- വിശാലമായ ക്യാമ്പസും ആത്മീയ അന്തരീക്ഷവും.
- പഠനത്തോടൊപ്പം ശുശ്രൂഷയിൽ പ്രായോഗിക പരിശീലനവും നൽകുന്നു.
- താമസം, ഭക്ഷണം സൗജന്യം

**2013–ലെ കോഴ്സുകൾ: C.Th. & D.Th.**
**യോഗ്യത: S.S.L.C Passed**

2013–ലെ ക്ലാസ്സുകൾ ജൂൺ ആദ്യവാരം ആരംഭിക്കുന്നു. അപേക്ഷ ലഭിക്കേണ്ട അവസാന തീയതി 2013 മെയ് 20. അപേക്ഷാ ഫോറത്തിനും വിശദവിവരങ്ങൾക്കും ബന്ധപ്പെടുക.

പ്രിൻസിപ്പാൾ
**ഫോൺ: 9847036408**

**N.B: സത്യ വചനങ്ങൾ എന്ന സൗജന്യ വേദപഠനം തപാൽ മാർഗ്ഗേന ലഭ്യമാണ്.**

# TRUE LIGHT FOR ASIA BIBLICAL SEMINARY

**(ട്രൂ ലൈറ്റ് ഫോർ ഏഷ്യാ ബിബ്ലിക്കൽ സെമിനാരി)**

VENGOOR (P.O), AYOOR (Via), KOLLAM (Dist), KERALA-691533

നിങ്ങൾക്ക് സുവിശേഷവേലയെക്കുറിച്ച്
ദർശനവും വിളിയും ഉണ്ടോ?
ഞങ്ങൾ നിങ്ങളെ വേലക്ക് ഒരുക്കാം.



**Rev. Dr. Samuel Kunjumon**

**കോഴ്സുകൾ**

| | | |
|---|---|---|
| C.Th. | 1 yr | SSL.C |
| D.Th. | 2 yrs | SSLC |
| B.Th | 3 yrs | +2/PDC |
| M.A. | 2 Yrs | Degree |
| M.M | 2Yrs | Degree |
| M.Div. | 2yrs | Degree |
| M.Div(External) | 2yrs | |

**സവിശേഷതകൾ**

1. ഇംഗ്ലീഷ്, മലയാളം, തമിഴ്, ഹിന്ദി മീഡിയം
2. വിശാലമായ ക്യാമ്പസ്
3. വിശാലമായ ലൈബ്രറി
4. താമസവും ഭക്ഷണവും സൗജന്യം
5. ബിരുദധാരികൾക്ക് സഭാ സ്ഥാപനത്തിന് സഹായം
6. അർഹരായവർക്ക് സ്കോളർഷിപ്പ്
7. വിദേശ അധ്യാപകരാലുള്ള പരിശീലനം
8. മാസംതോറും പവ്വർ സെമിനാർ

**ACCREDITATION & AFFILIATION**

1. TLFA International 2. IATA (Member)
3. In process of ATA accreditation

**ക്ലാസുകൾ മെയ് 27 ന് ആരംഭിക്കുന്നു**

**അപേക്ഷാ ഫോറത്തിനും വിശദവിവരങ്ങൾക്കും താഴെക്കാണുന്ന വിലാസത്തിൽ ബന്ധപ്പെടുക:**

TRUE LIGHT FOR ASIA BIBLICAL SEMINARY
**VENGOOR (P.O), AYOOR (Via), KOLLAM (Dist), KERALA-691533**
**Email: truelightforasia@yahoo.com Ph: 9496364114, 0474-2492353**

# SOUTHERN ASIA LEADERSHIP INSTITUTE

## PENIEL CAMPUS, COIMBATORE.

**Invites** applications from Christian young men who have born again experience and calling for God's ministry for the **FULL TIME** Theological Education.

| Courses offered | Duration | Minimum Qualification | Medium of Instruction |
|---|---|---|---|
| Diploma in Theology | 2 YEARS | 10th Pass | English |
| Bachelor of Theology | 3 YEARS | 12th Pass | English |
| Mission Focused Training | 1YEAR | | English |

**Salient features:**

1. Well qualified faculty with academic and ministryexperience.
2. A spacious Eco-friendly campus of 10 Acres aptfor study environment.
3. Adequate library books for learning.
4. Ministry opportunities for the deservingcandidates.
5. Opportunities to grow in various areas of Christianministry.

**COURSE COMMENCES ON May 2013**

If you are interested please contact immediately to the following address.

The Director,
SOUTHERN ASIA LEADERSHIP INSTITUTE, (PENIEL CAMPUS)
Veerappanoor, Pichanoor (P.O), Coimbatore – 105, Tamilnadu.
E-mail: salipenielcampus@gmail.com. Mob; +918098533224
Tel.0422 2656278, 0422 2656279.

# ഹാലേലൂയ്യ matrimony

**മക്കളുടെ വിവാഹത്തിന്**

**ഒരു ടെലിഫോൺ കോളും 500 രൂപയും**

ഹാലേലൂയ്യായിൽ വിവാഹ പരസ്യം പ്രസിദ്ധീകരിക്കുവാൻ താത്പര്യപ്പെടുന്നവർക്ക് ടെലിഫോൺ വഴിയും പരസ്യങ്ങൾ നൽകാവുന്നതാണ്.

**93495 00155, 0469-3290355**

Every good gift and every perfect gift is from above, coming down from the Father of lights

Since : 1988 GRACE Visual media

make your dream reality

Wedding Photography & Videography, Outdoor Shooting, Live Convension & Cruside Music Night Etc....,Advertising, Fashion Photography, Cinimatography, Video Album Direction & Event plus...Tension free events...

HIGH DEFINITION PHOTOGRAPHY & VIDEO GRAPHY

Direction: HEBORN DAVID (sabu)
Grace Visual Media Shoranur, palakkad Dt., Kerala, S- India
09447255475, 09447370979
www.gracevisualmedia.com, E-mail: gracevisual@gmail.com

സിറിയൻ പെന്തെക്കോസ്ത് യുവതി (പാസ്റ്ററുടെ മകൾ) 28, 159cm, BSc Nurse, Private Medical College- ൽ 6 വർഷമായി സ്റ്റാഫ് നേഴ്സായി ജോലി ചെയ്യുന്നു. ആത്മീയരായ വിദ്യാഭ്യാസയോഗ്യതയുള്ള വിദേശത്തോ സ്വദേശത്തോ ജോലിയുള്ള യുവാക്കളുടെ മാതാപിതാക്കളിൽ നിന്ന് വിവാഹാലോചനകൾ ക്ഷണിച്ചു കൊള്ളുന്നു.
**0475-2351817, 9447558626**

ചേരമർ ക്രിസ്ത്യൻ പെന്തെക്കോസ്ത് യുവതി 25, Degree അനുയോജ്യമായ വിവാഹാലോചനകൾ ക്ഷണിച്ചു കൊള്ളുന്നു. (സുവിശേഷവേല ചെയ്യുവാൻ താല്പര്യമുള്ളവർക്ക് മുൻഗണന).
**9947055848, 9946047632**

പാലക്കാട് ജില്ലയിൽ ഹൈന്ദവ മാർഗ്ഗത്തിൽ നിന്നും (നായർ കിരിയത്ത്) രക്ഷിക്കപ്പെട്ട്, സ്നാനപ്പെട്ട യുവാവ് 39 (20 വയസ് മാത്രം തോന്നുന്ന), ഇരുനിറം, 5'4, +2 + Computer, Private Firm-ൽ ജോലി ചെയ്യുന്നു. ഏകസഹോദരി. രക്ഷിക്കപ്പെട്ട്, സ്നാനപ്പെട്ട്, ദൈവകൃപയിൽ നിൽക്കുന്ന യുവതികളുടെ മാതാപിതാക്കളിൽ നിന്ന് വിവാഹാലോചനകൾ ക്ഷണിച്ചു കൊള്ളുന്നു
**09486653987, 09487853987**

ഈഴവ സമുദായത്തിൽ നിന്ന് രക്ഷിക്കപ്പെട്ട്, സ്നാനപ്പെട്ട പെന്തെക്കോസ്ത് യുവാവ് 33, 5'75'', +2 കഴിഞ്ഞ് കൺസ്ട്രക്ഷൻ കമ്പനിയിൽ എൻജിനിയറിംഗ് ഡിപ്പാർട്ട്മെന്റിൽ വർക്ക് ചെയ്യുന്നു. അനുയോജ്യരായ യുവതികളുടെ മാതാപിതാക്കളിൽ നിന്ന് വിവാഹാലോചനകൾ ക്ഷണിച്ചു കൊള്ളുന്നു.
**9947958601, 8943816870**

രക്ഷിക്കപ്പെട്ട്, സ്നാനപ്പെട്ട സാംബവ പെന്തെക്കോസ്ത് യുവാവ് 31, ഗ്ലാസ് കട്ടർ, നല്ല ശമ്പളം. അനുയോജ്യരായ യുവതികളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചു കൊള്ളുന്നു.
**9645198090, 9447614273 9947169843**

രക്ഷിക്കപ്പെട്ട്, സ്നാനപ്പെട്ട്, അഭിഷേകം പ്രാപിച്ച സാംബവ പെന്തെക്കോസ്ത് യുവാവ് 36, 172 cm SSLC, വെളുത്ത നിറം, പഞ്ചായത്ത് മെമ്പർ, പഞ്ചായത്ത് വികസന സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻ, കോൺഗ്രസ് (ഐ) കൊല്ലം ജില്ലാ കമ്മറ്റി മെമ്പർ (ഡി.സി.സി മെമ്പർ), എൽ.ഐ.സി ഏജന്റ്. അനുയോജ്യമായ വിവാഹാലോചനകൾ ക്ഷണിച്ചു കൊള്ളുന്നു.
**9645198090, 9447614273, 9947169843**

രക്ഷിക്കപ്പെട്ട്, സ്നാനപ്പെട്ട്, അഭിഷേകം പ്രാപിച്ച സാംബവ പെന്തെക്കോസ്ത് യുവതി 33, S.S.L.C, വെളുത്ത നിറം. തയ്യൽ. അനുയോജ്യരായ യുവാക്കളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചു കൊള്ളുന്നു.
**9645198090, 9447614273 9947169843**

നിയമപരമായി വിവാഹബന്ധം വേർപെടുത്തിയ സിറിയൻ പെന്തെക്കോസ്ത് യുവതി 30, 5'1, സൗദി അറേബ്യയിൽ *Laison Officer* ആയി ജോലി ചെയ്യുന്നു. അനുയോജ്യമായ വിവാഹാലോചനകൾ ക്ഷണിച്ചു കൊള്ളുന്നു (ആദ്യ വിവാഹക്കാർക്ക് മുൻഗണന).
**9645040153, 9895932522, 0495-2392063**

തന്റേതല്ലാത്ത കാരണത്താൽ നിയമപരമായി വിവാഹബന്ധം വേർപെടുത്തിയ യുവാവ് 32, 5'9, B.A, സുമുഖൻ, Private firm -ൽ ജോലി ചെയ്യുന്നു. അനുയോജ്യമായ വിവാഹാലോചനകൾ ക്ഷണിച്ചു കൊള്ളുന്നു.
**9562153490, 9744137197**
**mgkaramana@yahoo.co.in**

**പുനർവിവാഹം**
നിയമപരമായി വിവാഹബന്ധം വേർപെടുത്തിയ പെന്തെക്കോസ്ത് യുവാവ് 35, 5'8 സൗദിയിൽ ഡയറ്റ് ടെക്നീഷ്യനായി ജോലി ചെയ്യുന്നു. അനുയോജ്യമായ വിവാഹാലോചനകൾ ക്ഷണിച്ചു കൊള്ളുന്നു.
**9895329303, 09956199599**
**evganilk@yahoo.com**

Christian pentecostal missionary parents from Pathanamthitta District invites proposal for their daughter 26 years, 5.1" born and brought up in north India with high spiritual and moral values, B.Sc Nurse with Three and a half years experience, IELTS score 7 and above individual and 8 over all, from christian pentecostal parents parents of educationally qualified boys with spiritual and moral values. Interested parties may send their photos with bio data to
e-mail:
**pastorrajangeorge@yahoo.com or call 098930-22112.**

സുവിശേഷകനായ പെന്തെക്കോസ്തു യുവാവ് 33, 5'6, B.Com, C.Th, Computer, കാലിന് പോളിയോ മൂലമുള്ള ചെറിയ ബലഹീനതയുണ്ട്. സുവിശേഷവേലയിൽ താത്പര്യമുള്ള യുവതികളുടെ മാതാപിതാക്കളിൽ നിന്ന് വിവാഹാലോചനകൾ ക്ഷണിച്ചു കൊള്ളുന്നു.
**9744553101, 9447333374**

ഭാര്യ മരിച്ചു പോയ പെന്തെക്കോസ്ത് പുരുഷൻ 49, 5.5, സ്വന്തമായി കൃഷി ചെയ്യുന്നു. അതോടൊപ്പം സുവിശേഷവേലയും ചെയ്യുന്നു. മക്കൾ വിവാഹിതരായി. ബാധ്യതകളൊന്നുമില്ല. അനുയോജ്യമായ ആലോചനകൾ ക്ഷണിച്ചു കൊള്ളുന്നു.
**9745848503, 9656252199**

തന്റേതല്ലാത്ത കാരണത്താൽ നിയമപരമായി വിവാഹബന്ധം വേർപെടുത്തിയ സിറിയൻ ക്രിസ്ത്യൻ സുവിശേഷകൻ 45, സുവിശേഷവേല ചെയ്യാൻ താല്പര്യമുള്ള യുവതികളുടെ മാതാപിതാക്കളിൽ നിന്ന് വിവാഹാലോചനകൾ ക്ഷണിച്ചുകൊള്ളുന്നു.
**9446962051**

ഹിന്ദു ഈഴവ ബാക്ക്ഗ്രൗണ്ടിൽ നിന്നും വിശ്വാസത്തിലേക്ക് വന്ന യുവാവ് 27, 177cm സുന്ദരനും സുമുഖനുമായ ഗ്രാജുവേറ്റ്. ഫൈവ് സ്റ്റാർ ഹോട്ടലിൽ F&B മാനേജരായി ജോലി ചെയ്യുന്നു. നാട്ടിലോ വിദേശത്തോ ജോലിയുള്ള B.Sc Nurse-മാരായ യുവതികളുടെ മാതാപിതാക്കളിൽ നിന്നും അനുയോജ്യമായ വിവാഹാലോചനകൾ ക്ഷണിച്ചു കൊള്ളുന്നു. വിദേശത്ത് ജോലിയുള്ളവർക്ക് മുൻഗണന.
**09633727832, 09744982092**
**pramodkumar4umail@gmail.com**

**പുനർ വിവാഹം**
ഭർത്താവ് മരിച്ചു പോയ ചേരമർ ക്രിസ്ത്യൻ പെന്തെക്കോസ്ത് യുവതി 38, 157cm, ഇരുനിറം. ഇപ്പോൾ ഡൽഹിയിൽ നേഴ്സായി ജോലി ചെയ്യുന്നു. അനുയോജ്യമായ വിവാഹാലോചനകൾ ക്ഷണിച്ചു കൊള്ളുന്നു.
9446522770, 9847480921, 9847246779

## ഫാമിലി കോൺഫ്രൻസ്

**കൊടുമൺ:** യു.പി.എഫിന്റെ ഫാമിലി കോൺഫ്രൻസ് മെയ് 1ന് കൊടുമൺ ടൗൺ ഐ.പി.സിയിൽ നടക്കും. പാസ്റ്റർ എം.വി.സാമുവൽ ഉദ്ഘാടനം ചെയ്യും. പാസ്റ്റർ കെ.പി. സുനിൽ ക്ലാസ് എടുക്കും.

## ആത്മീയ ആരാധനയ്ക്കായി
## അസംബ്ലീസ് ഓഫ് ഗോഡ്. ചൂണ്ടി, ആലുവയിലേക്ക് സ്വാഗതം

**ആരാധന ഞായർ 10–1**

**പാസ്റ്റർ തോമസ് ജോസഫ്,**
പ്രണവം കോംപ്ലക്സ്, ചൂണ്ടി, ആലുവ-683112
**ഫോൺ: 9645875599, 9645875686**

## ഐ.പി.സി ശാലോം ഫെലോഷിപ്പ് ആരാധന പുതിയ സ്ഥലത്തേക്ക്

- 'യഥാർത്ഥ പെന്തക്കോസ്ത്' അഭിഷേകത്തിന്റെ ആരാധന
- 'യഥാർത്ഥ പെന്തക്കോസ്ത്' ഉപദേശങ്ങളുടെ വചനശുശ്രൂഷ
- 'യഥാർത്ഥ പെന്തക്കോസ്ത്' അനുഭവങ്ങളുടെ കൂട്ടായ്മ

**IPC SHALOM FELLOWSHIP**
*real pentecostals*

എല്ലാ ഞായറാഴ്ചയും ആരാധന 9 മുതൽ 10.30 വരെ ഇംഗ്ലീഷിലും 10.30 മുതൽ 12 വരെ മലയാളത്തിലും.


ഐ.പി.സി ശാലോം ഫെലോഷിപ്പ് വൈറ്റിലയിൽ എൻ.എച്ച്. ബൈപാസ് ഓവർ ബ്രിഡ്ജിന് താഴെ I Drive പാർക്കിംഗ് സമീപത്ത് നടന്നുകൊണ്ടിരുന്ന ആരാധന വൈറ്റില ജനതാ റോഡിലേക്ക് മാറ്റിയിരിക്കുന്നു.

Ph: 9847748079, 9895591379,
E-mail: shalomvyttila@hotmail.com, Web: www.shalomprayercentre.org

## INTERNATIONAL REVIVAL CHURCH, TORONTO

P.O. BOX 30074, 5035 Hurontario St., Mississauga, ON L4W 0B0, CANADA.
WORSHIP PLACE: 4150 Chesswood Dr. North York, ON M3J 2B9

***Sunday Worship Service:***
Malayalam 9.00 a.m. - 10.15 a.m.
English 11.00 a.m. - 12.30 p.m.
Sunday School 10.15 a.m. - 11.00 a.m
Cottage Meeting: Friday 7.30 p.m. - 9.30 p.m.
Saturday Prayer Meeting: 7.30 p.m. - 9.30 p.m.
Youth Meeting/Ladies meeting:
2nd Saturday 7.30 p.m. - 9.30 p.m.



***Pastor John Thomas (647) 833 9744***
pastorjt@irctoronto.com Web:**www.irctoronto.com**

WHEN YOU ARE IN TORONTO, JOIN US FOR INDEPTH STUDY OF THE WORD AND SPIRITFILLED WORSHIP IN A FAMILY ATMOSPHERE.

## ചെന്നൈ – വേളാച്ചേരിയിൽ ആരാധനയ്ക്ക്
## ഐ.പി.സി.ഹോരേബ് വർഷിപ്പ് സെന്റർ



**200ft റോഡ്-വേളാച്ചേരി കാമാക്ഷി ഹോസ്പിറ്റലിന് സമീപം**
**No.73, III St., ശ്രീനഗർ-ചെന്നൈ-600 100**
* ECR റോഡിൽ നിന്ന് - 6km * OMR റോഡിൽ നിന്ന് - 2km
* GST റോഡിൽ നിന്ന് -7KM * Airport-ൽ നിന്നും -8km
* Velachery railway Station-ൽ നിന്ന് 2 ½ km.

മലയാളം ആരാധനക്കും പ്രാർത്ഥനാവശ്യങ്ങൾ, കൗൺസിലിംഗ്, വ്യക്തിഗത സുവിശേഷീകരണം, ബൈബിൾ സ്റ്റഡി മുതലായവക്ക് വിളിക്കുക.

**പാസ്റ്റർ ടി.എസ്.പ്രസാദ് 944033340**
email: tsprasadh@gmail.com | tsprasadh@yahoo.com

## ആവശ്യമുണ്ട്

കട്ടപ്പനയിൽ ഏലത്തോട്ടം, ഗസ്റ്റ് ഹൗസ് എന്നിവയുമായി ബന്ധപ്പെട്ട എല്ലാ ജോലികളും ചെയ്യാൻ താത്പര്യമുള്ള ആളെ ആവശ്യമുണ്ട്.

**ഫോൺ: 08951886826, 9496324574**

21-ാം വർഷം

**മണിമലയാറിന്റെ തീരത്ത് ആത്മീയ ആരാധനക്ക്**
## ഐ.പി.സി ബഥേൽ വർഷിപ്പ് സെന്റർ
**ലയൺസ് ക്ലബിന് സമീപം, മണിമല**



**കൃപാവരശുശ്രൂഷകൻ**
**പാസ്റ്റർ സജി പി ഏബ്രഹാം (കാനം സജി)**
**നേതൃത്വം നൽകുന്നു.** ഫോൺ: **9846184544**

ആരാധന: ഞായർ 10.00-1.00
സണ്ടേസ്കൂൾ 9.00-10.00
ഉപവാസയോഗം: വെള്ളി 10.30-1.00

**ആരാധന – വിടുതൽ – ദൈവീക ആലോചന**

ADMISSION MBBS | BDS | BAMS Engg. | Pharm D. MBA | Para Medical
BOOKING STARTED CALL @ 9947963438 9847170530
CAREER EDUCATION WHERE EDUCATION HAS A NEW DIMENSION
AMPRAYIL BLDGS, YMCA JN.,T.K. ROAD THIRUVALLA PH 0469-2620999, 2606002

No. 1 Christian Newspaper
HALLELUJAH Fortnightly
Mob: 9349500155, 0469-3290355

Hallelujah
Periyillathu Thoppil Complex
Near YMCA, Tiruvalla - 689 101
Pathanamthitta, Kerala, India.
hallelujahnews@gmail.com

Reg. No. KL/KTM/209/2012-14
Licence No. KL/CR/KTM/WPP-28/2012-14
Licensed to Post without Prepayment
Posted on 15th April 2013 at RMS Kottayam

# കർണാടക ചർച്ച് ഓഫ് ഗോഡ് പ്രഥമ റീജിയിൻ കൺവൻഷൻ


റവ.എം.കുഞ്ഞപ്പി

**ബാംഗ്ലൂർ:** പാസ്റ്റർ എം. കുഞ്ഞപ്പിയുടെ നേതൃത്വത്തിലുള്ള കർണാടക റീജിയൻ ചർച്ച് ഓഫ് ഗോഡിന്റെ പ്രഥമ ജനറൽ കൺവൻഷൻ ഏപ്രിൽ 25-28 വരെ ബാംഗ്ലൂർ കാമ്പസ് ക്രൂസേഡ് ഓഡിറ്റോറിയത്തിൽ നടക്കും. 25ന് മൂന്നുമണിക്ക് പാസ്റ്റേഴ്സ് കോൺഫ്രറൻസോടെയാണ് കൺവൻഷൻ ആരംഭിക്കുന്നത്.


അഡ്മിനിസ്ട്രേറ്റർ റവ.എം.കുഞ്ഞപ്പി ഉദ്ഘാടനം നിർവ്വഹിക്കും. ഞായറാഴ്ച സംയുക്ത ആരാധനയും തുടർന്ന് കുക്ക് സെന്റിനറി സെലിബ്രേഷൻ സമ്മേളനവും നടക്കും.

# ചർച്ച് ഓഫ് ഗോഡ് സ്റ്റേറ്റ് ബോർഡ്:

## എം.എം.ജോർജ്ജും, മറ്റത്തുകാലയും നേതൃത്വത്തിൽ







മുളക്കുഴ: ചർച്ച് ഓഫ് ഗോഡ് ഇൻ ഇന്ത്യാ കേരളാ സ്റ്റേറ്റ് ബോർഡ് നിലവിൽ വന്നു. മാർച്ച് 23-ന് സഭാ ആസ്ഥാനമായ മുളക്കുഴയിൽ നടന്ന സ്റ്റേറ്റ് ബോർഡ് ഇലക്ഷനിലാണ് 15 അംഗ കമ്മറ്റിയെ തിരഞ്ഞെടുത്തത്. ചർച്ച് ഓഫ് ഗോഡിന്റെ കേരളത്തിലെ എല്ലാ ഡിസ്ട്രിക്ടിലെയും രണ്ടുപേർ വീതമടങ്ങുന്ന സഹോദരന്മാരുടെ സമിതിയാണ് 15 പേരടങ്ങുന്ന എക്സിക്യൂട്ടീവ് അംഗങ്ങളെ തിരഞ്ഞെടുത്തത്. എം.എം. ജോർജ്ജ്, (കോന്നി) വൈസ് പ്രസിഡന്റ്, ജോസഫ് മറ്റത്തുകാല (ചെങ്ങന്നൂർ) സെക്രട്ടറി, സജി സാം (ഇടമൺ) ജോയിന്റ് സെക്രട്ടറി, മോൻസി കുളങ്ങര (തിരുവല്ല) ട്രഷറാറായും തിരഞ്ഞെടുക്കപ്പെട്ടു. സാംസൺ ചെങ്ങന്നൂർ, അജി കുളങ്ങര, അലക്സാണ്ടർ വർഗീസ്, ജോർജ്ജ് സാമുവേൽ, പി.എം.യേശുദാസ്, വിത്സൻ ബേബി, എം.പാപ്പച്ചൻ, ജോൺ മാത്യു, റോയി ജി, മാത്യു പി.സി., ബേബിക്കുട്ടി വർഗീസ് എന്നിവരാണ് കമ്മറ്റി അംഗങ്ങൾ. പാസ്റ്റർ പി.ജെ.ജയിംസ് ഇലക്ഷൻ കമ്മീഷണറായും പാസ്റ്റർ കെ.എ.ഉമ്മൻ പ്രിസൈഡിംഗ് ഓഫീസറായും പ്രവർത്തിച്ചു. പുതിയ സ്റ്റേറ്റ് ബോർഡിന്റെ കാലാവധി ഏപ്രിൽ ഒന്നു മുതൽ 2015 മാർച്ചു 31 വരെയാണ്.

# ഓസ്ട്രേലിയൻ ക്രിസ്ത്യൻ ഫെലോഷിപ്പ് കൺവൻഷൻ

സിഡ്നി: ഓസ്ട്രേലിയൻ ക്രിസ്ത്യൻ ഫെലോഷിപ്പിന്റെ ചുമതലയിൽ 2013 -ൽ നടക്കുന്ന കൺവൻഷൻ മെയ് 3-5 വരെ സെന്റ് ജയിംസ് യൂണിറ്റിംഗ് ചർച്ച്, ഗ്ലൻഫീൽ വച്ച് നടക്കും. പാസ്റ്റർ ബി മോനച്ചൻ ഈ കൺവൻഷന്റെ മുഖ്യപ്രസംഗകനായിരിക്കും. കൂടുതൽ വിവരങ്ങൾക്ക് പാസ്റ്റർ ഷാജി 2960586, വിത്സൻ ഫിലിപ്പ് 470158099, ഇവാ റോയ് മാത്യു 0432973610

# അങ്കമാലിയിൽ സമാധാന മഹോത്സവം

**അങ്കമാലി:** ബില്ലിഗ്രഹാം ഇവാഞ്ചലിസ്റ്റിക് അസോസിയേഷന്റെയും അങ്കമാലിയിലെ ക്രൈസ്തവ സഭകളുടെയും സംയുക്ത ആഭിമുഖ്യത്തിൽ മെയ് 10-12 വരെ സമാധാന മഹോത്സവം എന്ന പേരിൽ സുവിശേഷ യോഗങ്ങൾ നടക്കും. റവ.റോബർട്ട് കൺവില്ലെ ഷില്ലോംഗ് പ്രസംഗിക്കും. ഡോ.സി.കെ.ഈപ്പൻ ചെയർമാനായും, പി.പി.ജോർജ്ജ് വൈസ് ചെയർമാനായും, പോൾ ഡാനിയേൽ ജനറൽ സെക്രട്ടറിയായും വിപുലമായ കമ്മറ്റി പ്രവർത്തിക്കുന്നു.

# പാസ്റ്റർ ജോയ് ആലുംമൂട്ടിലിന് ഓർഡിനേഷൻ


*പാസ്റ്റർമാരായ കെ.സി ജോണും കെ.സി ചെറിയാനും ചേർന്ന് ഓഡിനേഷൻ നടത്തുന്നു.*

**കോട്ടയം:** ഐ.പി.സി.ഫിലദെൽഫ്യാ സഭയുടെ അംഗവും ന്യൂയോർക്കിലെ ഇന്ത്യൻ പെന്തെക്കോസ്തൽ അസംബ്ലി അംഗവുമായ ആലുംമൂട്ടിൽ കുര്യൻ ടിമാത്യു എന്ന ജോയി ആലുംമൂട്ടിലിന് ഓർഡിനേഷൻ ലഭിച്ചു. ഏപ്രിൽ 5-ന് കഞ്ഞിക്കുഴി ഫിലദെൽഫ്യാ ഹാളിൽ നടന്ന ശുശ്രൂഷകൾക്ക് റവകെ.സി.ജോൺ കാർമ്മികത്വം വഹിച്ചു.

പാസ്റ്റർ കോശി കെമാത്യുവിന്റെ അദ്ധ്യക്ഷതയിൽ നടന്ന സമ്മേളനത്തിൽ കോട്ടയം നോർത്ത് സെന്റർ ശുശ്രൂഷകൻ പാസ്റ്റർ കെ.സിചെറിയാൻ മുഖ്യസന്ദേശം നൽകി. പാസ്റ്റർമാരായ കെഇ.തോമസ്, ഇ.എ.മോസസ്, എ.ടി.ജോർജ്ജ് എന്നിവർ ശുശ്രൂഷയിൽ സഹായിച്ചു. ജോയ് താനവേലിൽ, തോമസ് വടക്കേക്കൂറ്റ്, റവഉമ്മൻ ഏബ്രഹാം, പാസ്റ്റർ രാജൻ മാത്യു എന്നിവർ ആശംസകൾ അറിയിച്ചു.

ദീർഘവർഷങ്ങളായി ന്യൂയോർക്കിൽ താമസിക്കുന്ന ജോയ് ആലുംമൂട്ടിൽ മലബാർ കേന്ദ്രീകരിച്ചു നടക്കുന്ന മലബാർ ഗോസ്പൽ ട്രാക്റ്റ് സൊസൈറ്റിയുടെയും ഫുൾ ഗോസ്പൽ പെന്തെക്കോസ്തൽ ചർച്ച് ഓഫ് ഇന്ത്യയുടെയും ജനറൽ സെക്രട്ടറിയാണ്. ബാല്യം മുതൽ സുവിശേഷപ്രവർത്തനങ്ങളിൽ അത്യുത്സാഹിയായി പ്രവർത്തിച്ചു വരുന്നു. ഭാര്യ: ആലീസ് മാത്യു, മക്കൾ: ജോയൽ മാത്യു, ജോയാൻ മാത്യു.







PRINTED,PUBLISHED & OWNED BY PLENCY GEORGE AND PRINTED AT MANGALAM PRESS, S.H.MOUNT .P.O.KOTTAYAM, KERALA-686 006 . AND PUBLISHED FROM HALLELUJAH, P.O.BOX.NO.1, PERIYILLATHU THOPPIL COMPLEX, TIRUVALLA,PATHANAMTHITTA DISTRICT,KERALA-689 101. EDITOR: SAMKUTTY M.CHACKO.